ജൂൺ 2019

Price ₹ 25

# ജീവനും വെളിച്ചവും




# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

*Little Flower College of Nursing*




**College Code - JBN.**




- **Departments :** General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- **Supportive Services :** 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- **Jubilee's Pride:** Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

## ജീവനും വെളിച്ചവും

**തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം**

2019 ജൂൺ
പുസ്തകം - 43 ലക്കം - 6
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ




# സാമൂഹ്യനീതിയിൽ അധിഷ്ഠിതമായിരിക്കട്ടെ പുതിയ സർക്കാരിന്റെ വികസന നയം

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയയിലൂടെ ഇന്ത്യയിൽ നടന്ന 17-ാമത് പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തുവന്നിരിക്കുന്നു. നരേന്ദ്രമോദി സർക്കാരിന് വലിയ അംഗീകാരം നൽകി ഇന്ദ്രപ്രസ്ഥത്തിലേക്ക് പ്രതിഷ്ഠിക്കുമ്പോൾ കേരളത്തിലെ സർക്കാർ വലിയ തിരിച്ചടിയാണ് നേരിട്ടത്. നരേന്ദ്രമോദി സർക്കാരിനെ തിളക്കമാർന്ന ഭൂരിപക്ഷം നൽകി പുനഃപ്രതിഷ്ഠിക്കുമ്പോൾ ഈ രാജ്യത്തെ ജനകോടികളുടെ പ്രതീക്ഷകളാണ് ഉയർത്തപ്പെടുന്നത്. അടുത്ത അഞ്ചുവർഷം കൂടി എനിക്ക് ഭരണം തരുകയാണെങ്കിൽ നവഭാരതം പടുത്തുയർത്തുമെന്നും എല്ലാ പൗരന്മാർക്കും അന്തസ്സായി പാർക്കാൻ പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ വാഗ്ദാനങ്ങൾ നൽകിയാണ് കേന്ദ്രത്തിൽ ഭാരതീയ ജനതാപാർട്ടി ഭരണത്തിലേറുന്നത്. ഈ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾ, കർഷകർ, മീൻപിടുത്തക്കാർ, കെട്ടിടനിർമാണ തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗരായവർ തുടങ്ങി രാജ്യത്തെ പൗരന്മാരുടെ സ്വപ്നങ്ങൾ ചാലിച്ചെടുത്ത് നവഭാരതം നിർമിക്കാനാകട്ടെ. ഭിന്നസ്വരങ്ങളെക്കൂടി സംയോജിപ്പിച്ചുകൊണ്ട് ഭാരതത്തിൽ ഐക്യവും അഖണ്ഡതയും, യശസും ലോകരാഷ്ട്രങ്ങൾക്ക് മുൻപിൽ ഉയർത്തിപ്പിടിക്കാൻ നരേന്ദ്രമോദി സർക്കാരിന് സർവഭാവുകങ്ങളും ഈശ്വരാനുഗ്രഹങ്ങളും നേരുന്നു.

കഴിഞ്ഞ അഞ്ചുവർഷക്കാലം കോർപ്പറേറ്റുകൾക്ക് മുൻതൂക്കം ലഭിച്ചിടത്ത്, ഈ രാജ്യത്തെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ നല്കാൻ പുതിയ സർക്കാരിന് കഴിയട്ടെ. സാമൂഹ്യനിതീ നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങളെ പൊതുധാരയിലെത്തിക്കാനുള്ള സവിശേഷ നടപടികളും പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഏറ്റവും ഒടുവിലത്തവരെയും, അവഗണിക്കപ്പെട്ടവരെയും കൂടി ഉൾച്ചേർക്കുന്ന മനുഷ്യമുഖമുള്ള വികസന നയം രൂപപ്പെടണം.

ലക്ഷോപലക്ഷം കുട്ടികൾ ഒരു പുതിയ അധ്യയന വർഷത്തിനായി ഒരുങ്ങുമ്പോൾ വിദ്യാർത്ഥികളിൽ വലിയ പ്രതീക്ഷ ഉയർത്തി അറിവിലും, വിജ്ഞാനത്തിലും, അന്തസിലും ആത്മാഭിമാനത്തിലും അധിഷ്ഠിതമായ സ്വതന്ത്ര നവഭാരതമാണ് രൂപപ്പെടേണ്ടത്.

- പത്രാധിപർ

# പ്രതികരണങ്ങൾ

## അസംഘടിതരായ തൊഴിലാളികൾ

മാറുന്ന തൊഴിൽ സംസ്കാരത്തെക്കുറിച്ചുള്ള ലേഖനം വായിച്ചു. ജോസഫിനെ ആശാരിപ്പണിയിൽ അകമഴിഞ്ഞ് സഹായിച്ച യേശു ദൈവരാജ്യത്തിന് വേണ്ടി ആത്മാക്കളെ നേടുന്ന 'ആത്മീയത്തൊഴിലാളി' കൂടിയായിരുന്നു. ദൈവപുത്രനെയും ജോസഫിനെയും പരിചരിച്ച പരിശുദ്ധ മറിയം ഗാർഹികത്തൊഴിലാളിയും എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും തൊഴിലാളിയായിരുന്നു. തച്ചനായി ജോസഫ് ദൈവിക നിർദേശങ്ങൾ അതേപടി അനുസരിക്കുന്ന അനുസരണയുള്ള ഒരു തൊഴിലാളിയുമായിരുന്നു. ഈ അത്യന്താധുനിക യുഗത്തിലും രാജ്യത്തെ തൊഴിലാളികളിൽ 94 ശതമാനവും അസംഘടിത തൊഴിലാളികൾ ആണെന്നത് അത്ഭുതാവഹം തന്നെ!

മണ്ണിൽ നിന്ന് എടുക്കപ്പെട്ട നീ മണ്ണിനോട് ചേരുന്നതുവരെ നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും." (ഉത്പത്തി. 3:199) എന്ന് ദൈവം പറഞ്ഞതിൽ നിന്നും ദൈവം തൊഴിലിനെയും തൊഴിലാളിയെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കാം. എന്നാൽ ഇന്നും കർഷകത്തൊഴിലാളികളോടും ചുമട്ടുതൊഴിലാളികളോടും കൂലിപ്പണിക്കാരോടും മത്സ്യത്തൊഴിലാളികളോടുമുള്ള നമ്മുടെ സമൂഹത്തിന്റെ കാഴ്ചപ്പാട് അത്ര ശ്രേഷ്ഠമേയല്ല എന്നത് ദുഃഖകരമാണ്.

– ജാളി, ചെമ്പകമംഗലം.

## കാനോൻ ലോ വിജ്ഞാനപ്രദം

ഒരു ദിവസം എത്ര തവണ കുർബാന സ്വീകരിക്കാം? എന്നുതുടങ്ങി സഭാത്മക കാര്യങ്ങളെയും കൂദാശകളെയും കാനോനിക നിയമങ്ങളെയും കുറിച്ച് ലളിതമായും ആധികാരികമായും വിവരങ്ങളും വിവരണങ്ങളും വ്യാഖ്യാനിച്ചുതരുന്ന ജോസച്ചന് അഭിനന്ദനങ്ങൾ.

കാലങ്ങളായി സാധാരണ വിശ്വാസിയുടെ ഹൃദയത്തിൽ മുളപൊട്ടുന്ന സംശയ പരമ്പരകൾക്കുള്ള ഉത്തരമായി ഈ പംക്തി മാറുന്നുണ്ട്. ബൈബിൾ വായിക്കുമ്പോഴുണ്ടാകുന്ന വിശ്വാസിയുടെ സംശയങ്ങൾക്ക് മറുപടി നല്കുന്ന ഒരു പംക്തി തുടങ്ങുന്നത് നന്നായിരിക്കും. ബൈബിൾ സംബന്ധമായ വിഷയങ്ങളിൽ ആഴമായ അവബോധവും ജ്ഞാനവുമുള്ള പണ്ഡിതരായ വൈദിക ശ്രേഷ്ഠർ നമുക്കുണ്ടല്ലോ.

കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടു കൂടുതൽ പുതുമയോടെ നവവിഭവങ്ങളുമായി തിരുവനന്തപുരം അതിരൂപതയുടെ മൂർച്ചയുള്ള ജിഹ്വയായി ജീവനും വെളിച്ചവും മാസിക പ്രശോഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിജയമ്മ,
ജൂബിലി ആശുപത്രി, പാളയം




## സമാധാനത്തിന്റെ വഴിയിൽ

മെയ് ലക്കത്തിൽ മുഖവിചാരം വായിച്ചു. ഈസ്റ്റർ ദിനത്തിൽ മൂന്ന് ദേവാലയങ്ങളിലും ഹോട്ടലുകളിലും നടന്ന ഭീകരാക്രമണത്തിന്റെ ഞെട്ടലിൽ നിന്നും ലോകം ഇനിയും വിമുക്തമായിട്ടില്ല. സമാധാന രാജാവായ ക്രിസ്തുവിന്റെ ഉത്ഥാന ദിവസത്തിൽ മതവിശ്വാസത്തിന്റെ പേരിലാണ് ചാവർ ആക്രമണമുണ്ടായത്. ലോകമെങ്ങും നിശ്ചിത ഇടവേളകളിൽ ഭീകരാക്രമണങ്ങൾ നടക്കുന്നു. നിരപരാധികളാണ് അതിന്റെ ഇര. കൊല്ലും കൊലയും നശിപ്പിക്കലും ഒരിക്കലും ഒരു കാര്യത്തിനും പരിഹാരമേയല്ല. മതത്തിന് വേണ്ടിയുള്ള കൊലകൾ സ്വർഗപ്രാപ്തി നേടിക്കൊടുക്കുമെന്ന വിശ്വാസമത്രേ ഇത്തരം കൊടുംഭീകരാക്രമണങ്ങൾക്ക് പ്രചോദനമേകുന്നതെന്ന് അറിയാൻ കഴിഞ്ഞു. ഭീകരതയുടെ ഭയാനതകളും കൊടുംക്രൂരതകളുമല്ല സ്നേഹവും സമാധാനവും ശാന്തിയും കരുണയും സാഹോദര്യവുമാണ് ഇന്നത്തെ ലോകത്തിനാവശ്യം.

– ജെറാൾഡ് ബി.മിരാൻഡ,
തോന്നയ്ക്കൽ

## കഥകളും കവിതകളും ക്ഷണിക്കുന്നു

ജീവനും വെളിച്ചത്തിലേക്ക് പ്രസിദ്ധീകരണ യോഗ്യമായ കഥകളും കവിതകളും ക്ഷണിക്കുന്നു. ആശയസമ്പുഷ്ടവും സദ്സന്ദേശവും അടങ്ങുന്നതായിരിക്കണം കഥകളും കവിതകളും. കവിതകൾ 24 വരികളിൽ കൂടാനും കഥകൾ രണ്ടുപേജിൽ കവിയാനും പാടില്ല.

സൃഷ്ടികൾ **എഡിറ്റർ, ജീവനും വെളിച്ചവും, ആർച്ച് ബിഷപ്പ്സ് ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം – 695003** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. e-mail : jeevanumvelichavum@gmail.com



# താളുകളിൽ








**6** **ഗൂഗിൾ കാലഘട്ടത്തിലെ വിദ്യാഭ്യാസം**
പ്രൊഫ. അച്യുത് ശങ്കർ എസ്.നായർ

**9** **കവിത: അൽഫോൻസാമ്മ**
കാഞ്ഞിരംകോട് രാജൻ

**10** **പുതുമയാർന്ന വിദ്യാലയ വർഷം**
ഇഗ്നേഷ്യസ് തോമസ്

**16** **സാമൂഹ്യമാധ്യമങ്ങളും കുടുംബങ്ങളും**
ഡോ. എ.ആർ.ജോൺ

**18** **കുട്ടികൾ ഇന്നത്തെ സമൂഹത്തിൽ**
സുഷമ മോഹൻ

**20** **സഭാ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം**
ഡോ. ചാൾസ് ലിയോൺ

**22** **വർത്തമാനം**
അഗസ്റ്റിൻ കണിപ്പിള്ളി


**24** **വാർത്തകൾ**

**32** **നീർച്ചാലുകൾ**

**38** **വചനജ്വാല**

**40** **ഇളംതൂവൽ**

**42** **നേർക്കാഴ്ച**




ലേഖനം

**പ്രൊഫ. അച്യുത് ശങ്കർ എസ്. നായർ**
കേരള സർവകലാശാല

# ഗൂഗിൾ കാലഘട്ടത്തിലെ വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്തെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലുണ്ടായ മാറ്റങ്ങളിലെ സൂപ്പർതാരം ഐ.ടി ആണെന്ന കാര്യത്തിൽ സംശയമില്ല. പഠനപ്രക്രിയയിലാകട്ടെ, പരീക്ഷാ നടത്തിപ്പിലാകട്ടെ, പ്രവേശന പ്രക്രിയയിലാകട്ടെ, ഭരണസംവിധാനത്തിലാകട്ടെ, ഐ.ടി. സുപ്രധാനഘടകമായി മാറിക്കഴിഞ്ഞു. സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും ഇക്കാര്യത്തിൽ, മാറ്റങ്ങളുടെ തോതിൽ വ്യത്യാസമുണ്ടെങ്കിലും, പരിണാമത്തിന്റെ പാതയിലാണ്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ച നേട്ടം എന്നത് ഏകദേശം 100% കുട്ടികളെയും സ്കൂളിലെത്തിക്കാൻ സാധിക്കുന്നു എന്നതുതന്നെയാണ്. കൊഴിഞ്ഞുപോക്കാകട്ടെ നിസാരവുമാണ്. ഇത് ചരിത്രപരമായ ഒരു തുടർച്ചയുടെ ഭാഗമാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഉൾക്കൊണ്ട ഒരു സമൂഹത്തിന്റെ പാരമ്പര്യതുടർച്ചയാണിത്. ഗൗരിപാർവതി ഭായി തുടങ്ങിയുള്ള ഭരണകർത്താക്കൾ, വിദ്യാഭ്യാസത്തിലൂടെ വിമോചനമെന്നു മനസിലാക്കി പ്രവർത്തിച്ച ശ്രീനാരായണഗുരു, അയ്യൻകാളി തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കൾ, വിദ്യാഭ്യാസ രംഗത്ത് കനത്ത സംഭാവന നൽകിയ മിഷനറിമാർ, ഈ ചേരുവകളെല്ലാം കേരളത്തിന്റെ ഇന്നത്തെ സ്ഥിതിക്ക് കാരണങ്ങ

ളായി പറയാം. എന്നാൽ കഴിഞ്ഞ ഏതാനും കാലമായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠനം നടത്തുക എന്നതിലുപരിയായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം നേടുക എന്ന ലക്ഷ്യത്തിലേക്ക് സമൂഹം മാറിയിട്ടുണ്ട്. സൗജന്യമായി വിദ്യാഭ്യാസം നൽകുന്ന പൊതു വിദ്യാലയങ്ങളിൽ ഗുണനിലവാരമില്ല എന്ന പൊതു ചിന്തകാരണം ആധുനിക സ്വകാര്യവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒഴുക്ക് ഇത്തരത്തിലുണ്ടായതാണ്. ഇതിനെ തിരുത്താനായി സർക്കാർ പൊതു വിദ്യാലയ സംരക്ഷണയജ്ഞം നടത്തിവരികയാണ്. സ്കൂളിന്റെ ഗുണനിലവാരമുയർത്താനായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, ഐ.ടി. സംവിധാനങ്ങൾ സുലഭമാക്കുക എന്നീ നടപടികൾ കുറേയേറെ പ്രയോജനം ചെയിതിട്ടുണ്ട്. 1990 കൾ മുതൽ കേരളത്തിലെ ജനസംഖ്യാ വർധനവിലുണ്ടായ ഇടിവ് പൊതുവേ വിദ്യാലയങ്ങളിൽ കുട്ടികൾ കുറയാൻ ഇടയായി എന്നതും വിസ്മരിച്ചുകൂടാ.



വിദ്യാഭ്യാസം ഒരു മത്സരമാണെന്ന പഴഞ്ചൻ ആശയം നമ്മെ വിടാതെ പിൻതുടരുന്നു. "മറ്റുള്ളവരെ ബഹുദൂരം പിന്നിലാക്കി ഒന്നാം റാങ്ക് നേടി" എന്നും മറ്റുമുള്ള പ്രസ്താവനകൾ അതിൽ നിന്നാണ് വരുന്നത്. സ്കൂൾ, +2 തലത്തിൽ മാർക്കുകൾ മാറ്റി ഗ്രേഡ് ആക്കിയിട്ടും മാർക്കുമായി ഒരു അവിഹിതബന്ധം സമൂഹം മൊത്തത്തിൽ തുടരുന്നു. ഗ്രേഡിംഗിനെ അശാസ്ത്രീയമായി വിമർശിക്കുന്ന പതിവ് ഇതിന്റെ ഭാഗമാണ്.

വിമർശനാത്മക പഠനരീതി തുടങ്ങിയ ആധുനിക സങ്കേതങ്ങൾ പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് സുപരിചിതമെങ്കിലും രക്ഷകർത്താക്കൾക്ക് അവ എത്രമാത്രം സ്വീകാര്യമെന്ന് പറയാനാകില്ല. സ്വകാര്യ വിദ്യാലയങ്ങളിലെ ജാടകൾക്കാണ് അതിനേക്കാൾ ആകർഷണീയത എന്ന് പലപ്പോഴും കാണാവുന്നതാണ്.

പഠനമാധ്യമവുമായി ബന്ധപ്പെട്ട സമൂഹത്തിന്റെ സമീപനവും വിചിത്രമാണ്. മാതൃഭാഷയിലെ പഠനത്തിന്റെ

**സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മികച്ച നേട്ടം എന്നത് ഏകദേശം 100% കുട്ടികളെയും സ്കൂളിലെത്തിക്കാൻ സാധിക്കുന്നു എന്നതുതന്നെയാണ്. കൊഴിഞ്ഞുപോക്കാകട്ടെ നിസാരവുമാണ്.**

മേന്മ ശാസ്ത്രീയമായി തർക്കമില്ലാത്തതാണ്. എന്നാൽ കേരളത്തിൽ മലയാളമാധ്യമത്തിലെ പഠനം തകർച്ചയിലാണ്. നാലാംക്ലാസ് വരെയെങ്കിലും എല്ലാ കുട്ടികളെയും എല്ലാ വിഷയവും മലയാളത്തിൽ പഠിപ്പിക്കുകയും മറ്റ് ക്ലാസുകളിൽ ശാസ്ത്രവിഷയങ്ങൾ എല്ലാവരും ഇംഗ്ലീഷിൽ തന്നെ പഠിക്കുകയും ചെയ്യുന്ന രീതി കൊണ്ടുവരികയാണ് അഭികാമ്യം എന്ന് തോന്നുന്നു.

സ്കൂൾ വിദ്യാഭ്യാസരംഗത്തെ ദേശീയ കണക്കെടുപ്പ് നോക്കിയാൽ കേരളം അസൂയാവഹമായ സ്ഥാനത്താണ്. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ഥിതി വ്യത്യസ്തമാണ്. ദേശീയ, അന്തർദേശീയ താരതമ്യം വളരെ അഭിമാനകരമല്ല. ഇതിന്റെ അടിസ്ഥാനം ഉന്നത വിദ്യാഭ്യാസരംഗത്തേക്കുള്ള പ്രവേശനം അന്തസ്സുമായി ബന്ധപ്പെട്ടാണ് സമൂഹം നോക്കിക്കാണുന്നത്. മെഡിസിൻ, എൻജിനീയറിംഗ് എന്നിവ മേൽജാതിയായും ശാസ്ത്ര–മാനവിക വിഷയങ്ങൾ കീഴ്ജാതിയായും കരുതപ്പെടുന്നു. അഭിരുചിക്കനുസരിച്ച് പഠനം എന്നത് സമൂഹം അംഗീകരിക്കുന്നില്ല. ആർട്സ് & സയൻസ് കോളേജുകളാകട്ടെ പലതരം പ്രശ്നങ്ങളിൽപ്പെട്ട് ഉഴറുന്നു. 'പാർട്ടി കോളേജുകൾ' എന്നറിയപ്പെടുന്ന കോളേജുകളിൽ വ്യവസ്ഥാപിത ഗുണ്ടാവിളയാട്ടം വർഷങ്ങളായി അരങ്ങ് തകർക്കുമ്പോൾ 10 വർഷം പഴക്കമുള്ള സിലബസ്, താളംതെറ്റി ഓടുന്ന പരീക്ഷകൾ, സ്കൂളുകളെ അപേക്ഷിച്ച് കരിക്കുലം പരിഷ്കാരങ്ങൾ തീരെയില്ലാത്ത സ്ഥിതി.... പട്ടിക



**വിദ്യാഭ്യാസം ഒരു മത്സരമാണെന്ന പഴഞ്ചൻ ആശയം നമ്മെ വിടാതെ പിൻതുടരുന്നു. 'മറ്റുള്ളവരെ ബഹുദൂരം പിന്നിലാക്കി ഒന്നാം റാങ്ക് നേടി' എന്നും മറ്റുമുള്ള പ്രസ്താവനകൾ അതിൽ നിന്നാണ് വരുന്നത്. സ്കൂൾ, +2 തലത്തിൽ മാർക്കുകൾ മാറ്റി ഗ്രേഡ് ആക്കി യിട്ടും മാർക്കുമായി ഒരു അവിഹിതബന്ധം സമൂഹം മൊത്തത്തിൽ തുടരുന്നു.**

നീണ്ടതാണ്. ഐ.ടിയുടെ പ്രയോഗത്തിൽ ഉന്നതവിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസത്തിന് വളരെ പുറകിലാണ്. കൂടുതലും അഡ്മിഷൻ, പരീക്ഷാ നടത്തിപ്പ് എന്നിവയിലാണ് ഐ.ടി. പ്രയോഗിച്ചിരിക്കുന്നത്.

സർവകലാശാലകളെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാടുപോലും സമൂഹത്തിനില്ല. സർവകലാശാലാ ഓഫീസാണ് സർവകലാശാല എന്ന് പലരും തെറ്റിദ്ധരിച്ചിരിക്കുന്നു. പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനമെന്നാണ് പൊതുവിൽ കേരളത്തിൽ സർവകലാശാലകളെപ്പറ്റി കരുതിയിരിക്കുന്നത്. സർവകലാശാലാ ക്യാമ്പസുകളിൽ പ്രവർത്തിക്കുന്ന പഠന-ഗവേഷണ വകുപ്പുകളുടെ കൂട്ടമാണ് പ്രാഥമികമായി സർവകലാശാല എന്ന് പലരും തിരിച്ചറിയുന്നില്ല. അഫിലിയേറ്റഡ് കോളേജുകളുടെ പരീക്ഷാ നടത്തിപ്പ് സർവകലാശാലകളുടെ ദ്വിതീയ കടമമാത്രമാണ്. (ലോകത്തെ പ്രമുഖ സർവകലാശാലകൾക്കൊന്നും ഇത്തരമൊരു അഫിലിയേഷൻ സംവിധാനം നിലവിലില്ല). സർവകലാശാല ഭരണസമിതികളിൽ രാഷ്ട്രീയക്കാരും അധ്യാപക സംഘടനാ നേതാക്കളും അരങ്ങുതകർക്കുന്നു. ഫലമോ, മനുഷ്യവിഭവശേഷിയെ പരിവർത്തനം വരുത്തി സമൂഹത്തിൽ മാറ്റം വരുത്താനുള്ള അവസരം തുടർച്ചയായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു അമേരിക്കൻ സർവകലാശാലയിൽ ഒരു വർഷം ശരാശരി 200 പേറ്റന്റുകൾ ഫയൽ ചെയ്യുമ്പോൾ കേരളത്തിൽ അത് ഒന്നോ രണ്ടോ മാത്രം (അതും സമീപകാലഘട്ടത്തിൽ മാത്രം). നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾ അമേരിക്കൻ സർവകലാശാലകളിൽ പോയി പഠനം നടത്തുമ്പോൾ അവർ അവിടെ ഉജ്വലമായ സംഭാവനകൾ നൽകുന്നു. അത് എന്തുകൊണ്ട് ഇവിടെ നടക്കുന്നില്ല എന്നത് നാം വിമർശനാത്മകമായി ചിന്തിക്കേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസരംഗത്ത് സർക്കാരിന്റെയും സർവകലാശാലകളുടെയും ഒന്നും ഇടപെടലില്ലാതെ തന്നെ ഐ.ടി. കടന്നുവന്നിട്ടുണ്ട്. എന്തിനും ഉത്തരം പറയുന്ന ലോകഗുരുവായ ഗൂഗിൾ മുതൽ ലോകോത്തര സർവകലാശാലകളുടെ മികച്ച കോഴ്സുകൾ മൊബൈൽ ഫോൺ സ്ക്രീനിലൂടെ ഒഴുകിയെത്തുന്ന Massive Open Online Course (MOOC) വരെ ഉദാഹരണങ്ങളായി പറയാം. Courses Valacity എന്നീ വെബ്സൈറ്റുകളിലൂടെ Stanford MIT തുടങ്ങിയ ലോകോത്തര സർവകലാശാലകളുടെ ചില കോഴ്സുകൾ സൗജന്യമായി പഠിക്കാവുന്ന സാഹചര്യങ്ങളുണ്ട്. കേന്ദ്ര ഗവണ്മെന്റ് നിലവിൽ വരുത്തിയിട്ടുള്ള 'സ്വയം' പദ്ധതിയിലും ഇത് ലഭ്യമാണ്. സ്കിൽ അക്വസിഷനിലും നവീന പദ്ധതികൾ വന്നിരിക്കുന്നത് സ്വാഗതാർഹമാണ്.

ഐ.ടി. വ്യവസായരംഗത്തും ടൂറിസം മേഖലയിലും കേരളത്തിൽ മാറിമാറിവരുന്ന സർക്കാരുകൾ ഒരേ കരുതൽ കാണിക്കുന്നു. ഉന്നതവിദ്യാഭ്യാസരംഗത്തും അതേ കരുതൽ എന്തുകൊണ്ടോ കാണാനില്ല. കേരളത്തിൽ നിന്ന് ഏറ്റവും കൂടുതൽ കയറ്റിയയ്ക്കുന്നത് സോഫ്റ്റ്വെയറോ മറ്റെന്തെങ്കിലും ഉൽപ്പന്നങ്ങളോ അല്ല, മനുഷ്യവിഭവശേഷിയാണ്. ■

കവിത

കാഞ്ഞിരംകോട് രാജൻ

# അൽഫോൻസാമ്മ



ഭാരതത്തിൻ അഭിമാനമായൊരമ്മ,
ഭരണങ്ങാനം വാഴുന്നോരമ്മ,
അഗതികൾക്കെന്നും അഭയമാണമ്മ,
ആശ്വാസദായിനി അൽഫോൻസാമ്മ.

വിശുദ്ധിയാം ഉദ്യാനെ വിടർന്നൊരാപുഷ്പം,
വിശ്വാസ ജീവിത സത്യപുഷ്പം.
നിൻ സ്നേഹ സൗരഭ്യം കുളിർ തെന്നലായ്,
തഴുകട്ടെ മാനവ ഹൃത്തിലായി.

കുടമാളൂർ പള്ളിയിൽ കുർബാന കൂടുമ്പോൾ,
മടിയാതെ എന്നും കൊതിച്ചിരുന്നു.
കർത്താവിൻ ദാസിയായ് മാറിടേണം,
സഹജരിൽ സാന്ത്വനം ഏകിടേണം.

ലോകസുഖങ്ങൾ ത്യജിച്ചീടുമ്പോൾ,
അഗ്നിയിൽ മേനിയെ പൂഴത്തിവച്ചു.
വേദന തിന്നുന്ന വേളയിലും,
ക്രിസ്തുവാണെന്നുടെ ജീവരക്ഷ.

വിശ്വാസ തീഷ്ണത സത്യമാക്കി
ക്ലാരമഠത്തിൽ വാസമാക്കി.
ക്രിസ്തുവാണെന്നുടെ ജീവനാഥൻ
ക്രൂശിത രൂപമാണെന്റെ ശക്തി.

മുട്ടത്തുപാടത്തെ പൊൻവിളക്കെ
വിശ്വാസ ജ്വാല തെളിച്ചിടും തേജസ്സേ,
വിദ്യാർത്ഥികൾക്കായി പകർന്നുനൽകി
അറിവാം അമൃതിൻ പൂർണ്ണ കുംഭം.

രോഗിയായ് ശയ്യയിലായിടുമ്പോൾ
സ്വർഗീയ ദൂതരോടൊത്തു ചേർന്നു,
ചാവറയച്ചനും എത്തീടുന്നു
സ്പർശന ദർശന സൗഖ്യമേകാൻ.

വിശ്വാസ ജീവിതം ധന്യമാക്കി
ഈ ലോകം വിട്ടിതാ യാത്രയ്ക്കായി,
മാനവ രക്ഷയ്ക്കായി മാധ്യസ്ഥം യാചിച്ചു
അത്ഭുത മാരി ചൊരിഞ്ഞിടുന്നു.



ലേഖനം

ഇഗ്നേഷ്യസ് തോമസ്

**പുതുമകളുടെ പൂക്കാലം വരവായി. വേനലവധിയുടെ ആലസ്യത്തിൽ നിന്ന് വിദ്യാലയങ്ങൾ ഉണർന്നെഴുന്നേൽക്കുന്നു. വിദ്യാലയമുറ്റം പൂക്കളൊരുക്കിയും പൂവിളിച്ചും പുതുനാമ്പുകളെ വരവേൽക്കാനൊരുങ്ങി. ചുവരുകളിൽ ചായം തേച്ചും ചുവർ ചിത്രങ്ങൾ വരച്ചും ക്ലാസ് മുറികൾ അണിഞ്ഞൊരുങ്ങി. വിദ്യാർത്ഥികൾക്ക് ഹൈടെക് ക്ലാസുകളിലിരുന്ന് പഠനം നടത്താൻ പാകത്തിൽ ക്ലാസ് മുറികളും സജ്ജമായി. വിസ്മയക്കാഴ്ചകളുമായി പുതുയൊരു വിദ്യാഭ്യാസ വർഷം കൂടി ആരംഭിക്കുകയായി...**

# പുതുമയാർന്ന വിദ്യാലയ വർഷം

സ്കൂളിലെത്തുന്ന ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതകളും തിരിച്ചറിഞ്ഞ് വേണ്ട ഇടപെടലുകളിലൂടെ ഓരോരുത്തരുടെയും വ്യക്തിപരമായ കഴിവുകളും മികവുകളും പരമാവധി പോഷിപ്പിക്കുകയാണ് കേരള സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിജ്ഞാന സംരക്ഷണത്തിന്റെ ലക്ഷ്യം.

പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് 8 മുതൽ 12 വരെയുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസുമുറികൾ ഹൈടെക് നിലവാരത്തിൽ സജ്ജീകരിച്ചുകഴിഞ്ഞു. എൽ.പി, യു.പി തലത്തിലേക്കും ഹൈടക് ക്ലാസുകൾ വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള അധ്യാപക പരിശീലനം ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി. പുതുവിദ്യാലയവർഷത്തെ വരവേൽക്കാൻ തിരുവനന്തപുരം അതിരൂപതയിലെ വിദ്യാലയങ്ങളും ഒരുങ്ങിനിൽക്കുന്നു. അതിരൂപതയിലെ വിദ്യാലയങ്ങളുടെ ചരിത്രത്തിൽ ആദ്യമായി തീരദേശമേഖലയിലെ രണ്ടുവിദ്യാലയങ്ങൾ (കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ളവ) 100% വിജയം നേടുകയുണ്ടായി. പള്ളിത്തുറ ഹയർ സെക്കണ്ടറി സ്കൂളും വെട്ടുകാട് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളും. വെട്ടുകാട് എസ്എസ്എൽസി പരീക്ഷയിൽ നേടിയ വിജയം അഭിമാനകരമാണ്. ഹയർ സെക്കണ്ടറിയിൽ 90.2% വിജയം പള്ളിത്തുറ ഹയർ സെക്ക

ണ്ടറി സ്കൂൾ നേടി.

നൂറ് ശതമാനം വിജയം നേടിയ തിന്റെ അഭിമാനത്തിലാണ് പള്ളിത്തുറ സ്കൂളിലെ അധ്യാപക സമൂഹവും വിദ്യാർത്ഥികളും നാട്ടുകാരും. മുൻവർഷങ്ങളിൽ കപ്പിനും ചുണ്ടിനുമിടയിൽ വിജയം കൈവിട്ടുപോയെങ്കിൽ ഈ വർഷം 100 ശതമാനം വിജയം പത്താം ക്ലാസ് പരീക്ഷയിൽ നേടി. വിജയത്തിൽ കുറുക്കുവഴികളൊന്നുമില്ലെന്നും അധ്യാപകരുടെ ശ്രദ്ധാപൂർവമായ പ്രവർത്തനങ്ങളാണ് വിജയത്തിലേക്ക് നയിച്ചതെന്നുമാണ് പ്രധാനാധ്യാപിക റീനാ ലൂയിസിന്റെ അഭിപ്രായം. അധ്യാപക-രക്ഷാകർതൃസമിതി, ഇടവക വിദ്യാഭ്യാസ സമിതി തുടങ്ങയവരുടെ ശക്തമായ പിന്തുണ വിജയത്തിന് പിന്നിലുണ്ടായിരുന്നു.

വെട്ടുകാട് സ്കൂളിനും 100 ശതമാനം വിജയത്തിനുപിന്നിൽ കഠിനാദ്ധ്വാനത്തിന്റെ കഥ തന്നെയാണ് പറയാനുള്ളത് പഠനത്തിൽ ഏറ്റവും പിന്നിൽ നിന്നിരുന്ന വിദ്യാർത്ഥികളെ കണ്ടെത്തി വ്യക്തിഗത ശ്രദ്ധ നൽകിയും നിശാക്ലാസുകൾ സംഘടിപ്പിച്ചുമാണ് നൂറുശതമാനം വിജയം നേടിയതെന്ന് ഹെഡ്മിസ്ട്രസ് മെറീനാ ഷെറിൻ റോബി പറയുന്നു.

എസ്എസ്എൽസിക്ക് നൂറു ശതമാനം നേടിയ സ്കൂളുകളുടെ വിജയം അഭിമാനകരമാണെങ്കിലും മുഴുവൻ എ-പ്ലസ് കിട്ടിയ വിദ്യാർത്ഥികൾ ഈ സ്കൂളുകളിൽ നിന്ന് ഉണ്ടായിട്ടില്ല. ആർ.സി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് മുഴുവൻ എപ്ലസ് ലഭിച്ചത്. തീരദേശ വിദ്യാർത്ഥികളുടെ പഠനപിന്നാക്കാവസ്ഥയുടെ ചുറ്റുപാടുകൾ ആഴത്തിൽ വിശകലനം ചെയ്താൽ മാത്രമേ പഠനമികവ് കൈവരിക്കാൻ കഴിയാതെ വിദ്യാർത്ഥികൾ പകച്ച് മാറിനിൽക്കുന്നതിന്റെ കാരണം കണ്ടെത്താനാകൂ. ഇതിനെക്കുറിച്ച് കണിയാപുരം സെന്റ് വിൻസന്റ്സ് ഹൈസ്കൂളിലെ അധ്യാപിക ബിനു വർഗീസ് വിലയിരുത്തുന്നത് ഇങ്ങനെയാണ്: "മത്സ്യത്തൊഴിലാളികളായ മാതാപിതാക്കൾക്ക് നിശ്ചിത ജോലി സമയമില്ല. അതിനാൽ തന്നെ അവർക്ക് ഭവനങ്ങളിൽ മക്കളുടെ പഠനകാര്യത്തിൽ ശ്രദ്ധിക്കാനോ, പിന്തുണയോ സഹായമോ നൽകാൻ ആകുന്നില്ല. അടുത്തടുത്ത് വീടുകൾ നിലനിൽക്കുന്നതിനാൽ സ്വസ്ഥമായും ശാന്തമായും പഠിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യം ലഭിക്കുന്നില്ല.

മദ്യവും ലഹരിമരുന്നുകളും ഉപയോഗിക്കുന്ന കുടുംബനാഥന്മാർ സമാധാനാന്തരീക്ഷം തകർക്കുന്നു. ടി.വി.പരിപാടികളോടും സീരിയലുകളോടുമുള്ള അമ്മമാരുടെ അമിതാവേശം വിദ്യാർഥിയുടെ പഠനതാല്പര്യത്തെ കെടുത്തുന്നു. "പള്ളിത്തുറ ഹയർ സെക്കണ്ടറി സ്കൂളിലെ മലയാളം അധ്യാപിക ബീനാസെലസ്റ്റിന്റെ നിരീക്ഷണം ഇങ്ങനെയാണ്. യേണ്ട അവസ്ഥയും."

"സ്മാർട്ട് ഫോണുകളുടെ വരവോടുകൂടി അവയുടെ പ്രവർത്തന മികവിൽ കുട്ടികൾ മാതാപിതാക്കന്മാരെ കടത്തിവെട്ടി. അവയുടെ നിയന്ത്രണവും ഉപയോഗവും കൂടുതലും മക്കളുടെ കൈകളിലാണ്. അശ്ലീല സൈറ്റുകൾ സന്ദർശിക്കുന്നു. ഗെയിമുകൾ പ്ലേ ചെയ്യുന്നതിനും അവർ നല്ല സമയം ചെലവഴിക്കുന്നു. തൻനിമിത്തം മനസ്സിനും ബുദ്ധിക്കും ഏകാഗ്രതകുറയുകയും പഠനത്തിൽ താല്പര്യം ഇല്ലാതാവുകയും ചെയ്യുന്നുവെന്ന് അയിരൂർ സെന്റ് തോമസ് സ്കൂളിലെ അധ്യാപികയായ ഏലി



"വീട്ടിലെ ദാരിദ്ര്യം മൂലം പഠനകാലത്തുതന്നെ വിദ്യാർത്ഥികൾ കടൽ പണികളിലേർപ്പെടാൻ നിർബന്ധിതരായിതീരുന്നു. മാതാപിതാക്കൾ മക്കളുടെ പഠനപുരോഗതിയേക്കാൾ പ്രാധാന്യം നൽകുന്നത് അപ്പപ്പോൾ കിട്ടുന്ന പണത്തിനാണ്." മറ്റൊരു കാര്യം കൂടി ടീച്ചർ കൂട്ടിച്ചേർക്കുന്നു, "ഇപ്പോൾ പല വീടുകളിലും കുട്ടികളാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. മാതാപിതാക്കൾ, അവരെ ഭയന്ന് കഴിയാമ്മ ജോൺ അഭിപ്രായപ്പെടുന്നു. ഇന്റർനെറ്റിന്റെയും സ്മാർട്ട്ഫോണിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് ശരിയായ ബോധവൽക്കരണം വേണമെന്ന് ടീച്ചർ ശക്തിയുക്തം വാദിക്കുന്നു.

തീരദേശ വിദ്യാർഥികളുടെ പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ അഴിയാകുരുക്കുകളായി നിലകൊള്ളുന്ന സാമൂഹിക സാംസ്കാരികഘടകങ്ങൾ നാം




**ഒന്നാം ക്ലാസുമുതൽ 12–ാം ക്ലാസുവരെ ഒരേ ദിവസം (ജൂൺ 3) അധ്യയനം ആരംഭിക്കുന്നുവെന്നത് പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റത്തിന്റെ ചുവടുവയ്പാകുമോ? അധ്യാപകർ പ്രതീക്ഷയോടെ പുതുവിദ്യാലയവർഷത്തെ നോക്കിക്കാണുന്നു. പൊതു സമൂഹം പൊതുവിദ്യാലയങ്ങളെ നെഞ്ചിലേറ്റി ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് വേണ്ടി ദാഹിക്കുന്നു. നമ്മുടെ വിദ്യാലയങ്ങൾ ഈ മഹത്തായ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുമോ?**

ശ്രദ്ധാപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു. കുതിച്ചുയരുന്ന തിരമാലകളെ ഭേദിച്ചു മുന്നോട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾ ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഭാഷാ വിഷയങ്ങളുടെ മുമ്പിൽ പകച്ചുനിന്നുപോകുന്ന അവസ്ഥ. ഇവിടെയാണ് കർമ്മ നിരതരായ അധ്യാപകരുടെ സജീവ ഇടപെടലുകൾ ഉണ്ടാകേണ്ടത്. സെന്റ് വിൻസന്റ്സ് ഹൈസ്കൂളിലെ ഗണിതശാസ്ത്ര അധ്യാപിക സുശീലാ ജോർജ്ജ് ദൃഢതയാർന്ന സ്വരത്തിൽ സംസാരിക്കുന്നു. "അക്ഷരമറിയാത്ത, ഗണിതക്രിയകൾ അറിയാത്ത ഒരു വിദ്യാർഥിപോലും ഒരു ക്ലാസിലും ഉണ്ടാകരുതെന്ന ദൃഢനിശ്ചയം ഓരോ അധ്യാപകനും ഉണ്ടാകണം." വിദ്യാലയം ദേവാലയം തന്നെ. അതിനാൽ ആ പരിശുദ്ധി സ്കൂളിലും ഉണ്ടാകണം. അച്ചടക്കം, ആത്മവിശ്വാസം, നല്ല പെരുമാറ്റം, അടക്കമുള്ള വസ്ത്രധാരണരീതി ഇവയെല്ലാം വിദ്യാർത്ഥികൾക്ക് മാർഗനിർദ്ദേശം നൽകേണ്ട ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്."

നമ്മുടെ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. ഹയർ സെക്കണ്ടറി, ഹൈസ്കൂളുകൾക്ക് (ഒരു സ്കൂളൊഴികെ) നല്ല ക്ലാസ് മുറികളുണ്ട്. ഹൈടെക് ക്ലാസ്മുറികൾ മിക്ക സ്കൂളുകളിലും ഒരുക്കി കഴിഞ്ഞു. ഒട്ടുമിക്ക പ്രൈമറി സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതാണ്. ഈ വിദ്യാലയങ്ങളുടെ മികവിനായുള്ള പരിശ്രമങ്ങൾ ഈ പുതുവിദ്യാലയവർഷത്തിൽ കൂടുതൽ തീവ്രമായി മുന്നോട്ടുകൊണ്ടുപോകാനുള്ള ആഗ്രഹമാണ് ഒട്ടുമിക്ക അധ്യാപകരും പങ്കുവച്ചത്. തീരദേശ മേഖലയിലെ സ്കൂളുകളിൽ 25 വർഷത്തോളം സേവനമനുഷ്ഠിച്ച് ഈയിടെ മാത്രം സർവീസിൽ നിന്ന് വിരമിച്ച സൂസി പോൾ പുതുവർഷത്തിൽ നമ്മുടെ വിദ്യാലയങ്ങൾക്കും വിദ്യാർഥി





കൾക്കും മികവിന്റെ പാതയിലൂടെ മുന്നേറാൻ കഴിയുമെന്ന് ദൃഢമായ വിശ്വാസിക്കുന്നു.

അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ പ്രൈമറി വിഭാഗം അധ്യാപിക മിനിജോൺ ഗോമസ് തന്റെ സ്കൂളിനെക്കുറിച്ചുള്ള സ്വപ്നങ്ങൾ പങ്കുവച്ചതിങ്ങനെയാണ്. "ഒന്നാം ക്ലാസ് മുതൽ തന്നെ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ച് പഠനാന്തരീക്ഷം ശിശു സൗഹൃദമാക്കണം. സ്കൂളുകളിലൊരു മനോഹര ഉദ്യാനം, ആ ഉദ്യാനത്തിൽ പാറിപറക്കുന്ന ശലഭങ്ങൾ, അവയോടൊപ്പം പ്രകൃതി ഭംഗി ആസ്വദിച്ചു ആകാശത്തോളം ആനന്ദത്താൽ ആറാടുന്ന കൊച്ചുമക്കൾ... ടീച്ചറിന്റെ സ്വപ്നങ്ങൾ ചിറക് വിരിക്കുന്നു.

പൂർവികർ ചെയ്ത സുകൃതത്തിന്റെയും ത്യാഗത്തിന്റെയും ഫലമായാണ് നമ്മുടെ വിദ്യാലയങ്ങൾ ഉയർന്ന് പൊങ്ങിയത്. എന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളിലൂടെ വിദ്യാർഥിയുടെ ഭാവി ജീവിതം സുരക്ഷിതമാക്കപ്പെടും എന്ന ചിന്തയാണ് ഓരോ അധ്യാപകനേയും നയിക്കേണ്ടതെന്നാണ് സെന്റ് ആൻസ് എൽപിഎസ് പ്രഥമ അധ്യാപിക ലിൻഡ ആൽബർട്ടിനുള്ളത്.

ഇന്ന് വിദ്യാർഥികൾ ധാരാളം വെല്ലുവിളികൾ ജീവിതത്തിൽ നേരിടുന്നവരാണ്. ആ വെല്ലുവിളികളെ നേരിട്ട് സധൈര്യം മുന്നോട്ടുപോകാൻ കുട്ടികളെ പ്രാപ്തരാക്കുക. നോ പറയേണ്ടിടത്ത് നോ പറയാനുള്ള തന്റേടം കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കുക; ഏത് പ്രതിസന്ധികളെയും അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. ഏത് ജോലിയും അന്തസോടെയും അഭിമാനത്തോടെയും ചെയ്യാൻ കുട്ടികൾക്ക് പ്രചോദനം നൽകുക. ഇതിനാണ് ഈ പുതു വിദ്യാലയവർഷത്തിൽ ഊന്നൽ നൽകേണ്ടതെന്ന് വിഴിഞ്ഞം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മിസ്ട്രസ് ഐഡ ഇന്നറ്റ് പറയുന്നു.

വെട്ടുകാട് സ്കൂളിലെ അധ്യാപികയായ വെറോണിക്ക ടീച്ചറുടെ വാക്കുകളിൽ അഭിമാനത്തിന്റെ തുടികൊട്ട്! "ജനുവരി മുതൽ നിശാപഠനം രാത്രി 8 മണിവരെ. വിദ്യാർഥികൾക്ക് ആത്മവിശ്വാസം പകർന്നു. പരീക്ഷാ വിജയത്തിലൂന്നിയ പഠനതന്ത്രങ്ങൾ മെനഞ്ഞെടുത്ത് പരിശീലനം നൽകി. നൂറു മേനിക്കായി എല്ലാ അധ്യാപകരും കൈകോർത്തു. പ്രതികൂലമായ ജീവിത സാഹചര്യങ്ങളിൽ നിന്ന് കടന്നുവരുന്ന വിദ്യാർത്ഥികളുടെ പരിമിതികളെ മറികടക്കാനുള്ള അധ്യാപകർ നടത്തിയ ആത്മാർത്ഥമായ പരിശ്രമങ്ങളുടെ ഫലമാണ് സമ്പൂർണ്ണ വിജയം കണ്ടത്.

തീരദേശ വിദ്യാർത്ഥികൾക്ക് കണക്ക് കഠിനമോ? പുല്ലുവിള ലിയോ തേർട്ടീന്ത് ഹൈസ്കൂളിലെ ഗണിത ശാസ്ത്രാധ്യാപകൻ ബെൻസിഗർ സാർ ഈ ചോദ്യത്തോട് പ്രതികരിച്ചതിങ്ങനെയാണ്. കണക്കിൽ അടിസ്ഥാന ആശയങ്ങൾ ഗ്രഹിച്ച വിദ്യാർഥി കണക്കിൽ പിന്നോക്കമാകില്ല. ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുന്നതിലുള്ള ബുദ്ധിമുട്ട് കുട്ടികൾ നേരിടുന്നു. ചതുഷ്ക്രിയകൾ ഹൃദിസ്ഥമാക്കാത്തതിലുള്ള പോരായ്മ ഉയർന്ന ക്ലാസുകളിലേക്ക് പോകുന്ന കുട്ടികൾക്ക് ഗണിതം പ്രശ്നങ്ങൾ സൃഷ്ടിക്കുക തന്നെ ചെയ്യും. മറ്റു വിഷയങ്ങളെ പോലെ കണക്കിൽ എന്തു പഠിക്കാനിരിക്കുന്നുവെന്ന മനോഭാവമാണ് നമ്മുടെ കുട്ടികൾക്കുള്ളത്. കണക്കിന് മാത്രമായി എസ്എസ്എൽസി പരീക്ഷക്ക് നിലവാരം കൈവരിക്കാനാകാതെ പോകുന്നുവെന്ന് ഞാൻ കരുതുന്നില്ല. കണക്കിലെ അടിസ്ഥാന ആശയങ്ങൾ അറിയാവുന്ന ഒരു കുട്ടിയും പരാജയപ്പെടുകയില്ല. ഗണിതശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ധാരണകൾ സൃഷ്ടിക്കാനുതകുന്ന ഒരു മാർഗമെന്ന നില

# ഒരു പൊതുവിദ്യാലയത്തിന്റെ ഉയർത്തെഴുന്നേൽപ്പ്




വർണാഭമായ പൂന്തോട്ടത്തെ നട്ടുനനച്ച് പരിപാലിച്ചു. നയനാനന്ദകരമായ നറുമലരുകൾ പൂത്തുലഞ്ഞുനിൽക്കുന്ന കാഴ്ച കണ്ട് സായുജ്യമടഞ്ഞിരുന്നവർ. ഒരുനാൾ കണ്ട കാഴ്ച അത്യന്തം ഹൃദയഭേദകമായിരുന്നു. വാടികരിഞ്ഞ് ഇലകൾ പൊഴിഞ്ഞുവരണ്ടുണങ്ങിയ പൂന്തോട്ടം. 98 വർഷം പൂർത്തിയാക്കിയ നഗരഹൃദയത്തിൽ നിലകൊള്ളുന്ന പാളയം സെന്റ് ജോസഫ്സ് എൽപിഎസിൽ നിന്ന് പ്രൈമറി വിദ്യാഭ്യാസം നേടി പുറത്തിറങ്ങിയവരുടെ കൂട്ടത്തിൽ മുൻ തമിഴ് നാട് ചീഫ് സെക്രട്ടറി പി.സി.സിറിയക് ഐഎഎസ്, മുൻ കേരളാ ചീഫ് സെക്രട്ടറി പി.ജെ.തോമസ് ഐഎഎസ്, ദക്ഷിണേന്ത്യയിലെ ആദ്യ വനിതാ ഐപിഎസുകാരിയും കർണാടക കേഡറിൽ മുൻ ഡിജിപിയുമായിരുന്ന ജീജാമാധവനുൾപ്പെടെ അതിപ്രഗത്ഭരുടെ നീണ്ടനിരതന്നെയുണ്ട്.

വെള്ളവും വളവും നൽകി പരിപാലിക്കേണ്ടവർ അത് നൽകാതെ വന്നപ്പോൾ വിദ്യാലയമാകുന്ന പൂന്തോട്ടം വരണ്ടുണങ്ങി. വിദ്യാർത്ഥികളില്ലാത്ത പള്ളിക്കൂടമായിമാറി. 200 ലേറെ വിദ്യാർത്ഥികൾ പഠിച്ച പള്ളിക്കൂടം 17 വിദ്യാർത്ഥികളിൽ എത്തിനിന്നു. പാഴ് തടികൾ വെട്ടി നീക്കുന്ന ലാഘവത്തോടെ സ്കൂൾ അടച്ചുപൂട്ടാൻ നീക്കങ്ങളാരംഭിച്ചു. ഇനിയൊരു ഉയിർത്തെഴുന്നേൽപ്പ് സാധ്യമല്ലെന്ന് ചിലർ വിധിയെഴുതി.

പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടണം എന്ന മുദ്രാവാക്യം ശക്തമായി മുഴങ്ങുന്നവേളയിൽ സ്കൂളിൽ പഠിച്ച പൂർവവിദ്യാർത്ഥികൾ ഉണർന്ന് പ്രവർത്തിച്ചു. സംഘടിച്ചു. അവരോടൊപ്പം ഇടവക വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയും ഉണർന്നുപ്രവർത്തിച്ചു. നാടുണർന്നു. ഇടവക ഉണർന്നു. സ്കൂൾ അടച്ചുപൂട്ടാൻ അനുവദിക്കുകയില്ലെന്ന് പൂർവവിദ്യാർത്ഥികൾ ശപഥം ചെയ്തു. ഫലം അത്ഭുതാവഹമായിരുന്നു. ഇടവകയുടെയും നാട്ടുകാരുടെയും സാമ്പത്തിക സഹായത്തോടെ സ്കൂളിൽ ഭൗതികസാഹചര്യങ്ങളൊരുക്കി. പുതിയ മുഖഛായ നൽകി സ്കൂളിൽ ഹൈടെക്ക് സംവിധാനങ്ങളൊരുക്കി. കഴിഞ്ഞ അധ്യയന വർഷം കുട്ടികളുടെ എണ്ണം 17 ൽ നിന്ന് 60 ആയി. അൺഎക്കണോമിക് സ്കൂൾ വിഭാഗത്തിൽ നിന്ന് എക്കണോമിക് സ്കൂളായിമാറി. വിദ്യാഭ്യാസ വകുപ്പ് അധികൃതർ ഇന്ന് ഉയർത്തെഴുന്നേൽപ്പിന്റെ മാതൃകയായി എടുത്തുകാട്ടുന്നത് പാളയം സെന്റ് ജോസഫ് എൽപിഎസിനെയാണ്. ഈ അധ്യായനവർഷം കുട്ടികളുടെ സംഖ്യ 80 ആയി ഉയർന്നുകഴിഞ്ഞു. 100 വർഷം പൂർത്തിയാക്കാൻ പോകുന്ന സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം നൂറ് തികയ്ക്കാനുള്ള തീവ്രശ്രമത്തിലാണ് ഹെഡ്മിസ്ട്രസ് സുമാ ജോസും അധ്യാപകരും. സ്കുളിന്റെ ഉന്നമനത്തിന് ശക്തമായ പിന്തുണയാണ് ഇടവക വികാരി മോൺ. ടി.നിക്കോളാസ് നൽകുന്നത്. ■

**തീരദേശ വിദ്യാർഥികളുടെ പഠനപിന്നാക്കാവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ അഴിയാകുരുക്കുകളായി നിലകൊള്ളുന്ന സാമൂഹിക സാംസ്കാരികഘടകങ്ങൾ നാം ശ്രദ്ധാപൂർവ്വം പഠിക്കേണ്ടിയിരിക്കുന്നു. കുതിച്ചുയരുന്ന തിരമാലകളെ ഭേദിച്ചുമുന്നോട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾ ശാസ്ത്ര – സാമൂഹ്യശാസ്ത്ര – ഭാഷാ വിഷയങ്ങളുടെ മുമ്പിൽ പകച്ചുനിന്നുപോകുന്ന അവസ്ഥ. ഇവിടെയാണ് കർമ്മനിരതരായ അധ്യാപകരുടെ സജീവ ഇടപെടലുകൾ ഉണ്ടാകേണ്ടത്.**

യിൽ സ്മാർട്ട് ക്ലാസുകൾ കണക്ക് പഠനത്തിൽ പ്രയോജനപ്പെടുത്താം.

അഞ്ചുതെങ്ങ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ പ്രിൻസിപ്പളായി ചുമതലയേൽക്കുന്ന തദേവൂസ്. ഏറെ പ്രതീക്ഷകളോടെയും ആത്മവിശ്വാസത്തോടെയുമാണ് പുതിയ അധ്യയന വർഷത്തെ നോക്കിക്കാണുന്നത്. ‘‘പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ തന്നെ ധാരാളം വെല്ലുവിളികളും നേരിടേണ്ടിവരും. 2006–11 വരെ കാലയളവിൽ അഞ്ചുതെങ്ങ് സ്കൂളിൽ അധ്യാപകനായി പ്രവർത്തിച്ചിരുന്നു. ഭൗതീക സൗഹചര്യങ്ങളിലും വിദ്യാർഥികളുടെ പഠന നിലവാരത്തിലും ഇന്ന് ഏറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അധ്യാപകരും രക്ഷാകർത്താക്കളും നാട്ടുകാരും ഒന്നുചേർന്നുകൊണ്ട് സ്കൂളിന്റെ സമഗ്രവളർച്ചക്കായി പരിശ്രമിക്കുക എന്നതാണ് തന്റെ ദൗത്യം. അച്ചടക്കവും സ്വഭാവ രൂപീകരണവും പഠന നിലവാരവും ഉയർത്തുന്നതിനും പ്രാധാന്യം നൽകും. വിദ്യാർഥിയെ വ്യക്തിപരമായി അറിഞ്ഞ് പഠനത്തിലും അവന്റെ സമഗ്രവളർച്ചയിലും ശ്രദ്ധ പതിപ്പിക്കും.’’ ആർസി എൽപിഎസ് കല്ലിയൂർ പ്രഥമാധ്യാപകനായ സെൽവരാജ് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് സർക്കാർ നടത്തുന്ന ക്രിയാത്മകമായ ഇടപെടൽ ഏറെ

അഭിമാനകരമാണെന്ന് അഭിപ്രായപ്പെടുന്നു. എന്നാൽ സർക്കാർ സ്കൂളുകളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ടുകൾ അനുവദിക്കുമ്പോൾ എയ്ഡഡ് വിദ്യാലയങ്ങളുടെ വികസനത്തിനാവശ്യമായ ഫണ്ടുകൾ അനുവദിക്കാത്തതിൽ കടുത്ത വിവേചനമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒന്നുമുതൽ 12-ാം ക്ലാസുവരെ ഒരു കുടക്കീഴിലാവുമ്പോൾ സംഭവിക്കാൻ പോകുന്ന മാറ്റങ്ങളെ ഭയാശങ്കകളോടെയാണ് ഹയർ സെക്കൻഡറി വിഭാഗം അധ്യാപകർ കാണുന്നതെന്നാണ് വെട്ടുകാട് സെന്റ് മേരീസ് ഹയർ സെക്കണ്ടറിയിലെ ഇംഗ്ലീഷ് അധ്യാപകൻ വർഗീസ് കെ. എച്ച് പറയുന്നു. കോളേജുകളുടെ ഭാഗമായിരുന്ന പ്രീഡിഗ്രി വേർപെടുത്തി സ്കൂളുകളോട് ചേർത്തപ്പോഴുണ്ടായ ആശയക്കുഴപ്പങ്ങൾ നാം കണ്ടതാണല്ലോ? വീണ്ടും ഏകീകരണം സംഭവിക്കുമ്പോൾ ഉണ്ടാകാൻ പോകുന്ന അവ്യക്തമായ സാഹചര്യങ്ങളെപ്പറ്റിയാണ് പുതുവർഷത്തിൽ ഞങ്ങളുടെ ആശങ്ക. ഇപ്പോൾ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി; സ്കൂൾ വിഭാഗങ്ങൾ ഒന്നിക്കുമ്പോൾ പ്രിൻസിപ്പൾ എച്ച്. എം. സ്ഥാനങ്ങളുടെ അധികാരപരിധി നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ വിന്യാസം, ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് ഇവയ്ക്കൊന്നും വ്യക്തമായ മാർഗനിർദേശങ്ങൾ ഉരുത്തിരിഞ്ഞിട്ടില്ല. ഏകീകരണത്തിന്റെ കൃത്യമായ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്താതെ വിഭവങ്ങൾ കൂടുതൽ പങ്കുവയ്ക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ധൃതിപിടിച്ച് ഏകീകരണം നടപ്പിലാക്കുന്നതിനെ ഹയർ സെക്കണ്ടറി അധ്യാപകർ ആശങ്കയോടെയാണ് കാണുന്നത്.



പൊതുവിദ്യാഭ്യാസമേഖലയിൽ വിദ്യാഭ്യാസ ഗുണനിലവാരവും വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളും ഏറെ മെച്ചപ്പെട്ടു. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഏതാനും സർക്കാർ സ്കൂളുകൾ എത്തിച്ചേർന്നു. എന്നാൽ പൊതുവിദ്യാലയങ്ങളിൽ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളോടുള്ള വിവേചനം മാറ്റമില്ലാതെ തുടരുന്നു. നൂറുമേനി നേട്ടം കൊയ്തെടുത്ത സ്കൂളുകളുടെ എണ്ണം കൂടിയെങ്കിലും ഡിപ്ലസുകാരുടെ എണ്ണം കുറയുന്നില്ല. വിജയശതമാനം വർധിക്കുന്നു. ഗുണനിലവാരം മെച്ചപ്പെടുന്നില്ല.

ഒന്നാം ക്ലാസുമുതൽ 12-ാം ക്ലാസുവരെ ഒരേ ദിവസം (ജൂൺ 3) അധ്യയനം ആരംഭിക്കുന്നുവെന്നത് പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റത്തിന്റെ ചുവടുവയ്പാകുമോ? അധ്യാപകർ പ്രതീക്ഷയോടെ പുതുവിദ്യാലയവർഷത്തെ നോക്കിക്കാണുന്നു. പൊതു സമൂഹം പൊതുവിദ്യാലയങ്ങളെ നെഞ്ചിലേറ്റി ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് വേണ്ടി ദാഹിക്കുന്നു. നമ്മുടെ വിദ്യാലയങ്ങൾ ഈ മഹത്തായ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുമോ? ■



ലേഖനം

2

റവ. ഡോ. എ.ആർ.ജോൺ



# സാമൂഹ്യ മാധ്യമങ്ങളും കുടുംബങ്ങളും

നമുക്കൊരു തെറ്റിദ്ധാരണയുണ്ട്, സാമൂഹിക മാധ്യമങ്ങളെല്ലാം നമ്മുടെ നിയന്ത്രണത്തിലാണെന്ന്. എനിക്കറിയാം അവയെ എങ്ങനെ ഉപയോഗിക്കണമെന്ന്, എങ്ങനെ അവയെ നിയന്ത്രിക്കണമെന്ന്; പക്ഷേ ഉപയോഗിച്ച് തുടങ്ങിക്കഴിഞ്ഞാൽ നാംപോലുമറിയാതെ അവബോധം കുറഞ്ഞുകുറഞ്ഞ് വരും പതുക്കെ പതുക്കെ നാമിഷ്ടപ്പെടാത്തതും നാം വെറുക്കുന്നതുമായ മേഖലകളിലേക്കു തന്നെ അവ നമ്മെ കൊണ്ടെത്തിക്കും. നമുക്ക് നമ്മിലുള്ള നിയന്ത്രണം ഇത്രയെ ഉള്ളൂവെന്ന് വരുത്തിതീർക്കും, നമ്മെ കൊച്ചാക്കും, നമുക്ക് നമ്മിൽ തന്നെ ഉണ്ടായിരുന്ന മതിപ്പ് കുറയ്ക്കും അപകർഷതാബോധം ഉണ്ടാക്കും. ഞാനിത്രയേ ഉള്ളൂവെന്ന് സാമൂഹിക മാധ്യമങ്ങൾ വരുത്തിതീർക്കും.

കുട്ടികളും കൗമാരക്കാരും കഴിഞ്ഞാൽ സാമൂഹികമാധ്യമങ്ങൾ ഇന്ന് വലിയ കടന്നുകയറ്റവും സ്വാധീനവും ചെലുത്തുന്നത് കുടുംബങ്ങളിലും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിലുമാണ്. ഇന്ന് ന്യൂക്ലിയർ കുടുംബങ്ങൾ സെല്ലുലർ കുടുംബങ്ങളായി തീർന്നിരിക്കുകയാണ്.

കാര്യങ്ങൾ ഇത്തരത്തിലാണെങ്കിലും സാമൂഹിക മാധ്യമങ്ങൾ കുടുംബങ്ങളിൽ ചില നന്മയായ കാര്യങ്ങളും നിർവഹിക്കുന്നുണ്ട് എന്ന കാര്യം വിസ്മരിച്ചുകൂട. അവയെക്കുറിച്ചുകൂടെ പ്രതിപാദിച്ചില്ലെങ്കിൽ പഠനം പൂർണമാകില്ല.

അമേരിക്കയിൽ പഠിച്ചുകൊണ്ടിരുന്ന സമയത്ത് ഒരു മലയാളി കുടുംബത്തെ സന്ദർശിക്കാനിടയായി. മാതാപിതാക്കളും മക്കളും തമ്മിൽ വളരെ സ്നേഹവും കെട്ടുറപ്പും കരുതലുമുള്ള കുടുംബമാണെന്ന് വേഗം മനസ്സിലായി. നല്ല വിശ്വാസമുള്ള കുടുംബവുമാണ്. മാതാപിതാക്കൾ നാട്ടിലാണ്. എങ്കിലും എല്ലാ ദിവസവും സ്കൈപ്പിലൂടെ ഒരു നിശ്ചിത സമയത്ത് മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്ന് ജപമാല ചൊല്ലുകയും പരസ്പരം നോക്കി സ്തുതി പറയുകയും ചെയ്യും. ഭൂഖണ്ഡങ്ങൾക്കകലെ താമസിക്കുന്ന കുടുംബങ്ങൾ ഒരുമിച്ച് പ്രാർത്ഥന ചൊല്ലുന്ന കാര്യമാണീ പറയുന്നത്. സാമൂഹികമാധ്യമങ്ങൾക്ക് ഇങ്ങനെയും കുടുംബങ്ങളെ ചേർത്ത് നിർത്താനും പരസ്പരം കണ്ട് സംസാരിക്കാൻ കഴിയുംവിധം  അടുത്താണെന്ന ബോധ്യ നൽകാനും സാധിക്കും. മാധ്യമങ്ങളുടെ ഒരു നല്ലമുഖം മാത്രമാണിത്. ഇതുപോലെ തന്നെ


**മനഃശാസ്ത്രപരമായി മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ഏറ്റവും കുറഞ്ഞത് ഏഴ് പ്രാവശ്യമെങ്കിലും തൊടണം ഒരു ദിവസവും. അത് നല്ല സ്നേഹത്തിന്റെ, കരുതലിന്റെ പ്രോത്സാഹനത്തിന്റെ തൊടലാകണം. അത് കുട്ടികളുടെ സ്വാഭാവിക വളർച്ചയ്ക്കും മാനസികാരോഗ്യത്തിനും അനിവാര്യമാണ്. എന്നാൽ സാമൂഹ്യമാധ്യമങ്ങളുടെ അമിത ഉപയോഗം വഴി കുഞ്ഞുങ്ങൾ അവഗണിക്കപ്പെടുന്നു, നിരാശയുള്ളവരായിത്തീരുന്നു.**

അകലെ ജോലിചെയ്യുന്ന പങ്കാളിയോടും മക്കളോടും കണ്ടും കേട്ടും സംസാരിക്കാൻ സാധിക്കുകവഴി കുടുംബബന്ധങ്ങൾ ദൃഢപ്പെടുന്നു. പഠനവുമായി ബന്ധപ്പെട്ട് മറ്റ് രാജ്യങ്ങളിൽ പോകുന്ന മക്കളുമായും ഒറ്റയ്ക്ക് യാത്രയ്ക്ക് പോയിരിക്കുന്ന മകളുമായും നിരന്തരം ബന്ധപ്പെടാൻ കഴിയുന്നതും കാണാൻ കഴിയുന്നതും മാതാപിതാക്കൾക്ക് വലിയ സുരക്ഷിതബോധവും സന്തോഷവും നൽകുന്നു.

നല്ല ഓർമ്മകൾ അയവിറക്കാൻ ഫോട്ടോകളും വീഡിയോകളും ഷെയർ ചെയ്യുന്നതും മങ്ങിപ്പോയ ഓർമകളെ ഉണർത്തി കുടുംബങ്ങളുടെയും സൗഹൃദങ്ങളുടെയും ഊഷ്മളത അനുഭവിക്കാൻ സാധിക്കുന്നതും സാമൂഹികമാധ്യമങ്ങളുടെ വലിയ സംഭാവനകളാണ്. നല്ല സന്ദേശങ്ങളയച്ചും മഹത് വചനങ്ങൾ പങ്കുവച്ചും ക്ഷമപറഞ്ഞും നന്ദിപറഞ്ഞുമൊക്കെ സാമൂഹികമാധ്യമങ്ങൾ അകന്നബന്ധങ്ങളെ അടുപ്പിച്ചിട്ടുണ്ട്, വിള്ളൽ വന്നവയെ വിളക്കിചേർത്തിട്ടുണ്ട്.

അങ്ങനെ ഇരിക്കിലും, സാമൂഹികമാധ്യമങ്ങളുടെ ഈ ഊഷ്മളതയുടെ വശം ഒരു ന്യൂനപക്ഷം കുടുംബങ്ങളുടെ കാര്യംമാത്രമാണ്. എന്നാൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും ഇന്ന് സാമൂഹികമാധ്യമങ്ങളുടെ സ്വാധീനത്താൽ ചീട്ട് കൂടാരംപോലെ തകർന്നുകൊണ്ടിരിക്കുകയാണ്.

സ്മാർട്ട് ഫോണിന്റെ ഉപയോഗം നിറുത്തിയാൽ ലഹരിക്കടിമയായ വ്യക്തി ലഹരിവസ്തു കിട്ടാതെ വരുമ്പോൾ കാണിക്കുന്ന എല്ലാ ലക്ഷണങ്ങളും കാണിക്കും. തുടർന്ന് അവ വീണ്ടുമുപയോഗിക്കാനുള്ള ശക്തമായ പ്രേരണ ഉണ്ടാകും. ഫെയ്സ്ബുക്ക് വന്നതുവഴി ഒരിക്കലുപേക്ഷിച്ച ബന്ധങ്ങളും സ്കൂളിലും കോളേജിലും പഠിക്കുമ്പോഴുണ്ടായിരുന്ന പ്രണയങ്ങളും വിവാഹശേഷവും മൊട്ടിടുന്നു. അത് വിവാഹേതര ബന്ധങ്ങളിലേക്ക് അവരെ എത്തിക്കുന്നു. ദാമ്പത്യബന്ധത്തിന്റെ വിശ്വസ്ഥതയ്ക്ക് അതുവഴി വിടവുകൾ സംഭവിക്കുന്നു. ഇന്ന് കുടുംബങ്ങളിലെ അവിശ്വസ്ത online അവിശ്വസ്തതയാണ്. കാണാത്ത, പരിചയമില്ലാത്ത ആരോടോക്കെയോ ചേർന്ന് ദാമ്പത്യ ജീവിതത്തിന്റെ കെട്ടുറപ്പിന് ദൈവം നൽകിയ വികാരങ്ങളെ തന്നെ ദുർവിനിയോഗിക്കുന്നു. എന്നാൽ ബന്ധങ്ങളാകട്ടെ സ്വന്തം പങ്കാളിയിൽ നിന്നും മക്കളിൽ നിന്നും മറച്ചുവച്ച് അവരുടെ മുൻപിൽ നാടകം കളിക്കേണ്ടിവരുന്നു. ഇങ്ങനെ സാമൂഹികമാധ്യമങ്ങൾ വഴി എത്തിപ്പെടുന്ന ബന്ധങ്ങളിൽ ആശയവിനിമയം അമിതമാകുന്നതിനും സ്വന്തം കുടുംബവുമായുള്ള ആശയവിനിമയം കുറഞ്ഞുകുറഞ്ഞുവരുന്നതിനും കുടുംബങ്ങളിൽ ഒന്നിച്ച് താമസിച്ചാലും ആശയവിനിമയം പൂർണമായി ഇല്ലാതാവുന്നതിനും ഇടയാകുന്നു. അങ്ങനെ കുടുംബം തകർച്ചയിലേക്ക് നീങ്ങുന്നു. നേരിട്ടുള്ള ആശയവിനിമയത്തിന് പകരം സാമൂഹികമാധ്യമങ്ങൾ വഴി സ്വന്തം കുടുംബാംഗങ്ങളോട് തന്നെ ആശയ



വിനിമയം ചെയ്താൽ മനഃശാസ്ത്രപരമായി കുടുംബാംഗങ്ങൾക്ക് നൈസർഗികമായി മുഖാമുഖം ആശയവിനിമയം ചെയ്യാനുള്ള സിദ്ധിയും ശേഷിയും കുറയന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

ഷെറി ടർക്കിൾ എന്ന എഴുത്തുകാരി 'എലോൺ ടുഗെതർ' എന്ന തന്റെ പുസ്തകത്തിൽ മാതാപിതാക്കൾക്കും മക്കൾക്കും സാമൂഹികമാധ്യമങ്ങളെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. അതിൽ കുട്ടികളും തങ്ങളുടെ മാതാപിതാക്കളും മൊബൈലിനും സാമൂഹ്യമാധ്യമങ്ങൾക്കും നൽകുന്നതിൽ പകുതിസമയമെങ്കിലും ഞങ്ങളോട് ചെലവഴിച്ചിരുന്നുവെങ്കിൽ എന്ന് ആശിച്ചുപോവുകയാണ്.

ഒരു കാർട്ടൂൺ ഇങ്ങനെയാണ്. ഒരു അധ്യാപിക തന്റെ കുട്ടികളോട് ഒരു ചോദ്യം ചോദിക്കുന്നു. അടുത്ത ജന്മത്തിൽ നിങ്ങൾക്ക് ആരാകാനാണ് ആഗ്രഹം. ഒരു കുട്ടി എഴുന്നേറ്റ് പറഞ്ഞു, 'ഒരു മൊബൈൽ ഫോൺ ആകണം'. ആശ്ചര്യത്തോടെ അധ്യാപിക തിരക്കി എന്തുകൊണ്ട്? കുട്ടി കരഞ്ഞുകൊണ്ട് പറഞ്ഞു, എന്റെ മാതാപിതാക്കൾ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് അവരുടെ മൊബൈലുമായിട്ടാണ്. ഞാൻ ഒരു മൊബൈൽ ആയാൽ അവർ എപ്പോഴും എന്നെ എടുത്ത് എന്റെ




ലേഖനം

**സുഷമാ മോഹൻ**

# കുട്ടികൾ ഇന്നത്തെ സമൂഹത്തിൽ

**പ**ത്രം തുറന്ന് വാർത്തവായ്ക്കാൻ ഭയം തോന്നുന്ന കാലം. അതാണ് ഇന്നത്തെ കാലം. അതിഭാവുകത്വമല്ല. കാണാനില്ല തുടങ്ങി, മർദ്ദനങ്ങളുടെയും പീഡനങ്ങളുടെയും കൊലപാതകത്തിൽ ചെന്നെത്തുന്ന തരം ഉപദ്രവങ്ങൾ കുട്ടികൾക്ക് സ്വന്തം വീടുകളിൽ പോലും ഉണ്ടാകുന്നു. ക്രൂരതയുടെ കഥകൾ, അതിൽ അഭിരമിക്കുന്ന ചാനൽ കാഴ്ചകൾ കൂടിയാകുമ്പോൾ മനസ് ഒരുതരം മരവിപ്പ് നേരിടുന്ന സ്ഥിതിയിലായി. എന്തുപറ്റി നമ്മുടെ കുടുംബ ബന്ധങ്ങൾക്ക്?

മലയാളി എന്ന പദം തന്നെ കുടുംബബന്ധങ്ങളുടെ പര്യായമായിരുന്നു മറ്റ് സംസ്ഥാനക്കാർക്ക്. എത്ര കഷ്ടപ്പാടുകൾ നേരിട്ടാലും വീടിനും അച്ഛനമ്മമാർക്കും സഹോദരങ്ങൾക്കും വേണ്ടി, ഏറ്റവും പ്രതികൂല സാഹചര്യത്തിൽ പോലും ജോലിക്ക് തയ്യാറാകുന്നവർ അതായിരുന്നു മലയാളി. അങ്ങനെ നേടിയ ധനം പക്ഷെ ഇന്ന് കുടുംബാന്തരീക്ഷത്തെ പ്രത്യേകിച്ച് വൃദ്ധർക്കും കുട്ടികൾക്കും ദുഃഖം നൽകുകയാണോ?

കഴിഞ്ഞ പ്രളയകാലത്ത് എത്ര ഫോൺ കോൺകോളുകളാണ് അമേരിക്ക, കാനഡ, തുടങ്ങി ഗൾഫ് രാജ്യങ്ങളിൽ നിന്നുവരെ ഞാൻ ജോലി ചെയ്ത മാധ്യമസ്ഥാപനത്തിലെത്തിയത്. പലർക്കും അച്ഛനമ്മമാരുടെ സ്ഥിതി അറിയണം; പക്ഷേ വർഷം നാലഞ്ചായി അതുകൊണ്ട് വ്യക്തമായി സ്ഥലം പോലും പറയാൻ കഴിയുന്നില്ല. കഷ്ടം തന്നെ നമ്മുടെ സമൂഹത്തിലെ വൃദ്ധരുടെ


കൂടെ ഉണ്ടാകുമല്ലോ! ഇത് നാം ആത്മാർത്ഥമായി ചിന്തിക്കേണ്ട ഒരു കാര്യം തന്നെയല്ലേ?

സെക്സ് വീഡിയോകൾ നെറ്റിലൂടെ കാണുന്നത് വർധിച്ചുവരുന്നത് ദാമ്പത്യ ജീവിതത്തെ സാരമായി ബാധിക്കുന്നു. സെക്സ് വീഡിയോകൾ കാണുന്നതുപോലെയായിരിക്കും ദാമ്പത്യ ജീവിതമെന്ന് കരുതി ദാമ്പത്യബന്ധത്തിൽ പ്രവേശിക്കുന്നവർക്ക് നിരാശയും ദാമ്പത്യജീവിത അതൃപ്തിയും ഉണ്ടാവുക വഴി അത് കുടുംബജീവിതത്തെ ബാധിക്കുന്നു. യഥാർത്ഥ ദാമ്പത്തിക ജീവിതം വീഡിയോയിൽ കാണുന്നതുപോലെയല്ലല്ലോ.

ഒരു കൂരയ്ക്കു കീഴിൽ പലമുറികളുടെ തുരുത്തുകളിലാണ് ഇന്ന് കുടുംബാംഗങ്ങൾ. എല്ലാരുമുണ്ട്, എന്നാലാരുമില്ല എന്നപോലെ. കുട്ടികളെ തൊടാൻ മാതാപിതാക്കൾ മറന്നുപോകുന്നു. അവരെ കെട്ടിപ്പുണരാൻ സാധിക്കുന്നില്ല. ചുംബനംകൊടുത്ത് കിടത്താനും ഉണർത്താനും ഇന്നത്തെ മാതാപിതാക്കൾക്ക് കഴിയുന്നില്ല. മനഃശാസ്ത്രപരമായി മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ഏറ്റവും കുറഞ്ഞത് ഏഴ് പ്രാവശ്യമെങ്കിലും തൊടണം ഒരു ദിവസവും. അത് നല്ല സ്നേഹത്തിന്റെ, കരുതലിന്റെ പ്രോത്സാഹനത്തിന്റെ തൊടലാകണം. അത് കുട്ടികളുടെ സ്വാഭാവിക വളർച്ചയ്ക്കും മാനസികാരോഗ്യത്തിനും അനിവാര്യമാണ്. എന്നാൽ സാമൂഹിക മാധ്യമങ്ങളുടെ അമിത ഉപയോഗം വഴി കുഞ്ഞുങ്ങൾ അവഗണിക്കപ്പെടുന്നു, നിരാശയുള്ളവരായിത്തീരുന്നു. മാതാപിതാക്കളും വലിയ വീടും സമ്പത്തുമുള്ള അനാഥകുട്ടികളാണ് ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ഏറ്റവും കൂടുതലുള്ളത്.

അതിഥികളും ബന്ധുക്കളും പരിസരവാസികളായ കുട്ടികളും ഒന്നിച്ചുവരുന്നത് കുടുംബങ്ങൾക്കും കുട്ടികൾക്കും വലിയൊരു ഉത്സവമായിരുന്നു, പണ്ട്. എന്നാലിന്ന് കോളിംഗ് ബെൽ അടി തന്നെ വലിയൊരു അരോജകമായി മാറിയിരിക്കുന്നു. ആർക്കും ആരെയും അതിഥിയായി സ്വീകരിക്കാനോ നർമ്മസ്നേഹബന്ധങ്ങളുടെ ഊഷ്മളത അനുഭവിക്കാനോ ഇഷ്ടമില്ല. സാമൂഹികമാധ്യമങ്ങളാണ് ഒരു വലിയപരിധിവരെ ഇതിനെല്ലാം കാരണം.

*(സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗത്തിൽ എങ്ങനെ കുട്ടികളെയും യുവാക്കളും കുടുംബങ്ങളെയും രക്ഷിക്കാമെന്നതിനെക്കുറിച്ച് അടുത്തലക്കത്തിൽ)*



അവസ്ഥ.

എന്നാൽ കുഞ്ഞങ്ങളുടെ കാര്യം അതിനേക്കാൾ കഷ്ടം. ശിഥിലമായ കുടുംബബന്ധങ്ങളും, മുതിർന്നവർ അമിതമായി സുഖലോലുപർ ആയതുമാണ് നമ്മുടെ കുഞ്ഞുങ്ങളുടെ സ്ഥിതി കഷ്ടത്തിലാക്കിയത്. പല അമ്മമാർക്കും മൊബൈൽ മാരക കുരുക്കായി മാറിയിരിക്കുന്നു. ഇതുവഴിയുണ്ടാകുന്ന സൗഹൃദങ്ങൾ പലപ്പോഴും കുടുംബങ്ങളെ നശിപ്പിക്കുന്നു. കുട്ടികൾക്ക് സ്നേഹം നൽകാൻ അച്ഛനോ, അമ്മയോ ഇല്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നു.

ജീവിതം അവനവന്റെ സന്തോഷം കൂടി ഉൾപ്പെട്ടതാണ്. എന്നാൽ അവനവനെക്കുറിച്ചല്ലാതെ മറ്റ് ചിന്ത ഇല്ലാതാകുക അത് ഭീകരമായ അവസ്ഥയാണ്. ഇന്ന് പെറ്റതള്ളപോലും സ്വന്തം കുഞ്ഞിനെ തിരിഞ്ഞുനോക്കാതെ മറ്റുവല്ലവനും കുഞ്ഞിനെ തല്ലിച്ചതച്ചുകൊല്ലുന്ന കാഴ്ച കണ്ട് നാട് ഞെട്ടിത്തരിച്ചുനിൽക്കുന്ന എത്രയോ ദിനങ്ങൾ തുടരെ തുടരെ ഉണ്ടാകുകയാണ്.

പണ്ടൊക്കെ കുടുംബങ്ങൾ വലുതായിരുന്നു. കുറുമ്പുകാട്ടുമ്പോൾ അച്ഛനമ്മമാരുടെ തല്ല് കിട്ടിയാൽ, അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും മടിയിൽ അഭയമുണ്ടായിരുന്നു. ഒരടി അബദ്ധത്തിൽ കിട്ടിയാൽ കൊഞ്ചിക്കാൻ കുഞ്ഞമ്മയും അപ്പച്ചിയും മാമനുമുണ്ടായിരുന്നു. ഇന്നോ? മതിൽ കെട്ടുകൾക്കുള്ളിൽ തുലോം ചെറുതായ സാഹചര്യത്തിൽ, പുതിയ പുതിയ അങ്കിൾമാരും അല്ലെങ്കിൽ ആന്റിമാരും കുഞ്ഞുകുരുന്നുകളിൽ ഭീതിനിറയ്ക്കുകയാണ്.

കുട്ടികൾ രാഷ്ട്രത്തിന്റെ ഭാവിയാണ്. നാളെ രാഷ്ട്രം നയിക്കേണ്ടവർ. അവന്റെ അല്ലെങ്കിൽ അവളുടെ മാനസിക ശാരീരിക അവസ്ഥ ഭാവിയെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. ഞാൻ ഒരു ചെറിയ കഥ പറയട്ടെ. ഒരിക്കൽ അതിസുന്ദരിയായ ഒരു സ്ത്രീയെ പരിചയപ്പെടാൻ ഇടയായി. ഇവർക്ക് ഹിന്ദി ചലച്ചിത്രത്തിൽ വരെ അഭിനയിക്കാം, വേണമെങ്കിൽ അല്ലേ? കണ്ടുനിന്നു, എന്റെ ഒരു പെൺസുഹൃത്ത് സ്വല്പം അസൂയ കലർന്ന സ്വരത്തിൽ എന്നോട് ചോദിച്ചു. അതിന് കാരണം അവരുടെ സൗന്ദര്യത്തിന്റെ തീഷ്ണത തന്നെ. അവർക്ക് ഒരു മകൻ, മിടുമുടുക്കൻ. പക്ഷേ, കുഞ്ഞിന്റെ അച്ഛൻ മദ്യത്തിന് അടിമയായി അകലാത്തിൽ മരിച്ചു. പിന്നീട് അവർക്ക് ഉണ്ടായ ഒരു സൗഹൃദം അത് സകലതും തകർത്ത് താറുമാറാക്കി. അവൻ എന്റെ മകനായിരുന്നെങ്കിൽ എന്ന്, ആ കൊച്ചുമിടുക്കന്റെ വർത്തമാനം കേട്ട് ഞാൻ പലപ്പോഴും ആശിച്ചുപോയിരുന്നു. പക്ഷേ, ഇന്ന് യുവാവാണവൻ, കുറ്റവാളിയായി, ഒരിക്കലും പുറംലോകം കാണാത്ത വണ്ണം ജയിലഴിക്കുള്ളിലാണ്. അച്ഛൻ മദ്യപൻ ആയി മരിക്കാതിരുന്നെങ്കിൽ, അമ്മയ്ക്ക് ആ സൗഹൃദം ഉണ്ടാവാതിരുന്നെങ്കിൽ, എന്നൊക്കെ ആശിക്കാൻ മാത്രമേ എനിക്ക് കഴിയൂ. പക്ഷേ, പണ്ടൊക്കെ ഇത് ഒറ്റപ്പെട്ട സംഭവമായിരുന്നു. ഇന്ന് ഇത്തരം അനേകം കഥകൾ ദൈനംദിനം കേൾക്കേണ്ടിവരുന്നു.

കുട്ടിക്ക് കളിക്കണമെങ്കിൽ, കുട്ടിയോടൊപ്പം കളിക്കാൻ മടിക്കുന്ന അച്ഛൻ സ്വന്തം ഇലക്ട്രോണിക് ഉപകരണത്തിൽ ചീട്ടും ചെസ്സും ക്യാൻഡി ക്രഷും ഒക്കെ കളിക്കും. എന്നാൽ പിന്നെ, ഇത് കുട്ടിയ്ക്കൊപ്പമായിക്കൂടെ? കുട്ടിയെ ശ്രദ്ധിക്കുന്നതായും സ്നേഹിക്കുന്നതായും കുട്ടിക്ക് തോന്നിയില്ലെങ്കിൽ അതിന്റെ ഭവിഷ്യത്തും നാളെ മാതാപിതാക്കളാണ് അനുഭവിക്കേണ്ടിവരിക. വൃദ്ധസദനങ്ങൾ കൂണുപോലെ മുളച്ചുപൊന്തുന്നത് ഒരുപക്ഷേ, മാതാപിതാക്കൾ മക്കളുടെ സ്വഭാവ രൂപീകരണകാലത്ത് വേണ്ടവണ്ണം അവരുമായി ഇപെടാത്തതുകൊണ്ടാകാം. അച്ഛനുമമ്മയുമായി നല്ല സൗഹൃദം എപ്പോഴുമാകാം. അവരുടെ ജീവിതത്തിൽ നിന്നും ദൂരെയാണെങ്കിൽ പോലും ഞാൻ ഉണ്ട് എന്ന് ബോധ്യപ്പെടുത്താൻ മകനും മകൾക്കും കഴിയുമെങ്കിൽ അത് കണ്ടുവളരുന്ന, അവരുടെ സ്നേഹത്തിൽ ഊളിയിട്ട് തുടിക്കുന്ന കുട്ടിയും സ്നേഹിക്കാൻ പഠിക്കും. കുട്ടിയോട് കാണിക്കുന്ന കരുതൽ ഉചിതമായ സമയത്ത് തിരിച്ചും ഉണ്ടാകും.

എല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതാണ്. ഓരോ പ്രവർത്തിക്കും പ്രതിപ്രവർത്തിയുണ്ടാവും. നാം ചെയ്യേണ്ട കർത്തവ്യങ്ങൾ നന്നായി ചെയ്യുക. ഇത് ഓരോ വ്യക്തിയും ഓർത്തുവയ്ക്കണം. സമൂഹത്തിനും ഉത്തരവാദിത്വം ഉണ്ട്. എത്ര ബുദ്ധിമുട്ടി സൂക്ഷിച്ച് അയൽപക്കത്തെ ഒഴിഞ്ഞ ഭൂമിയിൽ ആരും കാണാതെ മാലിന്യം തള്ളും. പക്ഷേ, സ്വന്തം മതിലിനപ്പുറത്ത് ഒരു കുഞ്ഞ് പട്ടിണികൊണ്ടോ വേദനിച്ചോ നിലവിളിച്ചാൽ കേൾക്കാൻ കാതില്ല, കാണാൻ കണ്ണില്ല. എന്നാൽ മറ്റെന്തെങ്കിലും ദുരുദ്ദേശത്തോടെ കഥയിറക്കാൻ സമയമുണ്ടുതാനും. സമൂഹ നന്മയ്ക്കായി അല്പം സമയം ചെലവിടൂ. ഒരു കുഞ്ഞിന്റെ കണ്ണീരൊപ്പാൻ, ഒറ്റപ്പെടലിന്റെ ആവലാതി ആറ്റാൻ നമുക്ക് കൈകോർക്കാം. നമുക്ക് ധാരാളം ചെയ്യാനുണ്ട്. ■



ഡോ. ചാൾസ് ലിയോൺ



**ഇന്ത്യയിലെ പ്രത്യേകിച്ചും കേരളത്തിലും വിദ്യാഭ്യാസ നയരൂപീകരണത്തിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലം മനസ്സിലാക്കി, വിദ്യാഭ്യാസ ഇടപെടലുകൾ സഭാ നേതൃത്വത്തിൽ ചെയ്യേണ്ടത് അനിവാര്യമാണ്.**

# സഭാ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം

2

കേരള ലത്തീൻ സഭയുടെ 857 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 765 (90%) സ്ഥാപനങ്ങൾ സ്കൂൾ മേഖലയിലും 92 (10%) സ്കൂൾ ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ്. ചുവടെ ചേർക്കുന്ന പട്ടിക കേരള ലത്തീൻ രൂപതകളും രൂപത–സന്യസ്ത സഭകളും നേതൃത്വം നൽകുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച പഠനം ചില ചിന്തകൾ ഉണർത്തുന്നു. കേരള ലത്തീൻ സഭയിൽ വരാപ്പുഴ പ്രോവിൻസിൽ 55% ഇടവകകൾ ഉള്ളപ്പോൾ ജനസംഖ്യ 46% മാത്രമാണ്. തിരുവനന്തപുരം പ്രോവിൻസിൽ 45% ഇടവകകൾ ഉള്ളപ്പോൾ 54% ജനങ്ങളുണ്ട്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 62% വരാപ്പുഴ പ്രോവിൻസിലും 38% മാത്രമാണ് തിരുവനന്തപുരം പ്രോവിൻസിൽ ഉള്ളത്. വരാപ്പുഴ പ്രോവിൻസിൽ 27% സ്കൂൾ ഇതര സ്ഥാപനങ്ങൾ ഉള്ളപ്പോൾ തിരുവനന്തപുരം പ്രോവിൻസിൽ 12% മാത്രമാണ്. കേരള ലത്തീൻ സഭയിൽ 55% വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്യസ്തസഭകളാണ് നടത്തുന്നത്. വരാപ്പുഴ പ്രോവിൻസിൽ കൊച്ചി, വിജയപുരം, സുൽത്താൻപേട്ട് രൂപതകൾ ഒഴികെ 60 ശതമാനത്തിലധികം സ്ഥാപനങ്ങളും സന്യസ്തരുടേതാണ്. സുൽത്താൻപേട്ട് രൂപതയിൽ ആകെയുള്ളത് മൂന്ന് സ്കൂളുകൾ മാത്രമാണ്. തിരുവനന്തപുരം പ്രോവിൻസിലെ മൂന്നിലൊന്ന് സ്ഥാപനങ്ങൾ മാത്രമാണ് സന്യസ്തരുടേതായിട്ടുള്ളത്. തിരുവനന്തപുരം അതിരൂപതയിൽ മൂന്നിലൊന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടവകയുടെ നേരിട്ടുള്ള ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. നമ്മുടെ അതിരൂപതയിൽ വ്യക്തിഗത ഇടവകകൾ വിദ്യാഭ്യാസ മേഖലയിൽ സ്വതന്ത്രമായ ഇടപെടലും ഇടവകയുടെ ധനം പ്രാഥമിക, ഉന്നത വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിക്ഷേപിക്കുന്നുവെന്നുള്ളത് അഭിമാനകരമാണ്. തിരുവനന്തപുരം രൂപതയിൽ നിന്നും വിഭജിക്കപ്പെട്ട നെയ്യാറ്റിൻകര രൂപതയിൽ നാമമാത്രമായിട്ടാണ് വ്യക്തിഗത ഇടവകകൾ വിദ്യാഭ്യാസമേഖലയിൽ സ്ഥാപന കേന്ദ്രീകൃത നിക്ഷേപം കണ്ടെത്തിയിട്ടുള്ളത്.

ലത്തീൻ രൂപതകൾ തമ്മിലുള്ള താരതമ്യ വിശകലനം വ്യക്തമാകുന്ന ചില സംഗതികൾ ഇവിടെ പ്രസക്തമാണ്. ലത്തീൻ സഭയിലെ 18.60 ശതമാനം ജനങ്ങളും വരാപ്പുഴ അതിരൂപതയിലാണ്. അവർക്ക് 20% സ്ഥാപനങ്ങൾ സ്വന്തമായിട്ടുണ്ട്. എന്നാൽ മൂന്നിൽ രണ്ട് സ്ഥാപനങ്ങളും സന്യസ്തരുടെ ഉടമസ്ഥതയിലാണ്. വലുപ്പത്തിൽ രണ്ടാം സ്ഥാനം തിരുവനന്തപുരം രൂപതയ്ക്കാണ്. 16 % ജനങ്ങളും 13.5% സ്ഥാപനങ്ങളും ഉണ്ട്. എന്നാൽ സന്യസ്തസഭാ വിഭാഗം വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളെക്കാൾ ഇടവക പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാണ്. ജനസംഖ്യയിൽ മൂന്നാം സ്ഥാനം 14.4% വുമായി

കൊല്ലം രൂപതയും അവർക്കുള്ള 11% സ്ഥാപനങ്ങളിൽ നാലിൽ മൂന്നും സ്ഥാപനങ്ങളും രൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുമാണ്. കൂടാതെ നെയ്യാറ്റിൻകര ഒഴികെ മറ്റുള്ള 8 രൂപതകളിൽ ലത്തീൻ ജനസംഖ്യ 10 ശതമാനത്തിൽ കുറവാണ്. ഏറ്റവും കുറഞ്ഞ ലത്തീൻ ജനസംഖ്യ സുൽത്താൻപേട്ട് (1.16%) വും പുനലൂർ (1.74%) മാത്രമാണ്.

ലത്തീൻ സഭയുടെ ഉടമസ്ഥതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവാണെങ്കിലും കേരളത്തിൽ ലഭ്യമായിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നമ്മുടെ സഭയിലെ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ തരപ്പെടുത്തുകയെന്നുള്ളതാണ് കെആർഎൽസിബിസി വിദ്യാഭ്യാസ കമ്മീഷൻ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യംവയ്ക്കുന്നത്. നമ്മുടെ രൂപതയിൽ പ്രീ-പ്രൈമറിതലം മുതൽ മുകളിലോട്ട് പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പഠനത്തിൽ കൂടുതൽ താല്പരരും ലക്ഷ്യബോധത്തോടെ പഠിച്ചു മുന്നേറുവാൻ വേണ്ട പ്രേരണയും പ്രോത്സാഹനവും മാർഗനിർദേശവും പിന്തുണയും നൽകുക എന്നുള്ള മുഖ്യ ലക്ഷ്യത്തോടെ രൂപതാ വിദ്യാഭ്യാസ സുശ്രൂഷാ സമിതി കർമ്മപദ്ധതി നടപ്പിലാക്കണം. പഠന ആരംഭം മുതൽ ഓരോ ക്ലാസിലും പ്രസ്തുത ക്ലാസിലെ വിദ്യാർത്ഥികൾ ആർജിക്കേണ്ട ഭാഷാ പരിജ്ഞാനം ഗണിത, ശാസ്ത്ര, സാമൂഹ്യ വിഷയങ്ങൾ, വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം തുടങ്ങിയവയിലും വേണ്ടത്ര അഭിരുചിയും പ്രാവീണ്യവും നേടിയെടുക്കാനുള്ള പിന്തുണയും പ്രോത്സാഹനവും കുടുംബയൂണിറ്റുകൾ മുഖേന നടപ്പിലാകുന്ന ശൈലി ആശാവഹമാണ്. സെക്കൻഡറിതലം മുതൽ ഔപചാരിക വിദ്യാഭ്യാസത്തിനൊപ്പം വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള പരിശീലനവും നൽകുന്നു. തുടർ പഠനത്തിൽ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും വിവിധ സാധ്യതകളിലേക്ക് അപേക്ഷിക്കാനുള്ള മാർഗനിർദേശങ്ങളും ഓൺലൈൻ സൗകര്യങ്ങളും ഇടവക-രൂപത വിദ്യാഭ്യാസ

The table shows at a glance of the percentage of Latin populations in each diocese and of institutions under schools, lower primary and the ownership of institutions.

| | Diocese | % of total | % of schools | % of LPS | Diocese | Religious | % of LC population |
|---|---|---|---|---|---|---|---|
| | ***Total*** | ***857*** | ***762 (89%)*** | ***354 (47%)*** | ***45%*** | ***50%*** | |
| 1 | Verapoly | 173 (20%) | 148 (85%) | 73 (49%) | 28% | 71% | 18.60% |
| 2 | Cochin | 65 (7.5%) | 53 (81.5%) | 18 (35%) | 51% | 49% | 8.25% |
| 3 | Calicut | 80 (9%) | 74 (92%) | 24 (33%) | 25% | 75% | 3.08% |
| 4 | Kottapuram | 52 (6%) | 48 (92%) | 29 (55%) | 38% | 60% | 4.71% |
| 5 | Kannur | 98 (11.5%) | 95 (97%) | 41 (43%) | 32% | 68% | 4.19% |
| 6 | Sultanpet | 03 (0.35%) | 100% | 2 (66%) | 100% | --- | 1.16% |
| 7 | Vijayapuram | 59 (7%) | 49 (83%) | 23 (47%) | 71% | 29% | 5.11% |
| | ***Sub total*** | ***(62%)*** | ***(73%)*** | ***(40%)*** | | | ***45.88%*** |
| 8 | Trivandrum | 117 (13.5% | 101 (86%) | 39 (38%) | 29% | 32% | 16.05% |
| 9 | Quilon | 95 (11%) | 83 (87%) | 42 (51%) | 73% | 25% | 14.4% |
| 10 | Punalur | 22 (2.5%) | 21 (95%) | 9 (41%) | 71% | 29% | 1.74% |
| 11 | Alleppy | 41 (5%) | 33 (80%) | 15 (45%) | 73% | 27% | 8.65% |
| 12 | Neyyatinkara | 61 (7%) | 57 (96%) | 31 (54%) | 54% | 33% | 13.51% |
| | ***Sub total*** | ***38%*** | ***88%*** | ***40%*** | | | ***54.12%*** |

സമിതികൾ ഒരുക്കി കൊടുക്കുവാനുള്ള സഹായങ്ങളും നൽകുന്നു.

ഈ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസ പരിപാടി എല്ലാ ഇടവകകളിലുമുള്ള വിദ്യാഭ്യാസ ശുശ്രൂഷാ സമിതികളുടെ നേതൃത്വത്തിൽ മറ്റ് ശുശ്രൂഷാ സമിതിയുടെ സഹകരണത്തോടെ ബിസിസികളിലും സ്റ്റുഡന്റ് ഫോറം രൂപീകരിക്കുന്നതിലൂടെയുമാണ് നടപ്പിലാക്കുന്നത്.

ഇന്ത്യയിലെ പ്രത്യേകിച്ചും കേരളത്തിലും വിദ്യാഭ്യാസ നയരൂപീകരണത്തിൽ കാതലായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലം മനസ്സിലാക്കി, വിദ്യാഭ്യാസ ഇടപെടലുകൾ സഭാ നേതൃത്വത്തിൽ ചെയ്യേണ്ടത് അനിവാര്യമാണ്. പൊതുവിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ ഭൗതിക സാഹചര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇനിയൊരു സാമ്പത്തിക നിക്ഷേപം നമുക്ക് താങ്ങുവാൻ സാധിക്കുന്നതല്ല. ഭൗതീക സാഹചര്യനിക്ഷേപങ്ങളിൽ നിന്നും മനുഷ്യവിഭവ ശേഷി നിക്ഷേപങ്ങളിലേക്ക് മാറ്റം സംഭവിക്കണം. കേരളത്തിൽ അനുപാതികമായി കുറച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളത് നായർ സമുദായത്തിനാണ്. എന്നാൽ, കൂടുതൽ ഉന്നത വിദ്യാഭ്യാസം നേടാനായ സമൂഹവും അവരാണ്. സ്ഥാപനങ്ങളുടെ ഉടമസ്ഥതയല്ലാ സാമുദായത്തിലെ തലമുറകൾക്ക് വിഭവശേഷി വർധനവിനുള്ള നിക്ഷേപമാണ് ആവശ്യമായിട്ടുള്ളത്. സംവരണത്തിലുള്ള ആശ്രയമല്ല, പൊതുമാനദണ്ഡത്തിലുള്ള അവസരം സൃഷ്ടിക്കലാണ് ലത്തീൻ സമൂഹത്തിന് അവശ്യമായിരിക്കുന്നത്. കർമപരിപാടികളിൽ പങ്കാളികളാകാം; സമൂഹത്തെ ഉദ്ധരിക്കാം.

*(തുടരും...)*

**അഗസ്റ്റിൻ കണിപ്പിള്ളി**





# കരുത്താർന്ന ഒരുമയുടെ ഇന്ത്യയ്ക്കുവേണ്ടി കൈകോർക്കാം

**48** വർഷങ്ങൾക്കുശേഷം ഇന്ത്യയിൽ ലോക്സഭയിൽ ഒറ്റയ്ക്ക് ഭൂരിപക്ഷമുള്ള ഒരു പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഭരണത്തുടർച്ചയുമായി ബിജെപി വീണ്ടും അധികാരത്തിൽ വന്നിരിക്കുന്നു. അതും തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ വിജയിച്ചുകൊണ്ട്. മോദി–അമിത്ഷാ നേതൃത്വ നിരയുടെ ഐക്യവും ശക്തവും ചിട്ടയുമായ ആസൂത്രണവും മികവുറ്റ പ്രചരണതന്ത്രവുമാണ് ബിജെപി നേതൃത്വം നൽകുന്ന എൻഡിഎയെ അസൂയാവഹമായ ഈ വിജയത്തിലേക്ക് നയിച്ചത്. ഒരു പ്രതിപക്ഷനേതൃപദവിക്കുപോലും അർഹതയില്ലാത്തവിധം കോൺഗ്രസ് നേതൃത്വം നൽകുന്ന യുപിഎയ്ക്ക് ചുരുങ്ങിപ്പോകേണ്ടിവന്നതും നേതൃത്വ ഐക്യത്തിന്റെയും ആസൂത്രണത്തിന്റെയും കുറവുകൊണ്ടുതന്നെയാണ്. ജാതി-ലിംഗം-പ്രായം-വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തൽപ്പര വിഭാഗങ്ങളെ ലക്ഷ്യമിട്ട് തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുൻപ് തന്നെ രാജ്യത്തുടനീളം സഞ്ചരിച്ച് തങ്ങൾക്ക് അനുകൂലമായ ഒരു കാലാവസ്ഥ കരുപ്പിടിപ്പിക്കുന്നിൽ മാത്രമല്ല, ഓരോ നാടിന്റെയും സംസ്ഥാനത്തിന്റെയും മണ്ഡലത്തിന്റെയും തദ്ദേശീയമായ വികാരവിചാരങ്ങളെ അതേപടിയും അല്ലാതെയും അവതരിപ്പിച്ച്, ചുരുക്കിപ്പറഞ്ഞാൽ മണ്ണറിഞ്ഞ് വിത്തിറക്കാൻ ബിജെപിക്ക് കഴിഞ്ഞുവെന്നതുകൊണ്ടാണ് അസൂയാവഹമായ ഈ വിളവെടുപ്പ് നടന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുമുൻപ് 2018 ഡിസംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ വിവിധ സംസ്ഥാനങ്ങളിലായി 80 ൽപ്പരം റാലികളിൽ മോദി പങ്കെടുത്തുവെന്നതാണ് തെരഞ്ഞെടുപ്പ് ആസൂത്രണത്തിന്റെ സവിശേഷത.

അതേസമയം അത്തരം ഒരു പാകപ്പെടൽ കോൺഗ്രസ് ഉൾപ്പെടെയുള്ള മറ്റ് രാഷ്ട്രീയ പാർട്ടികളിലോ യുപിഎ, മഹാസഖ്യം തുടങ്ങിയ മുന്നണികളിലോ ഉണ്ടായില്ല. ഇതര രാഷ്ട്രീയ പ്രതിനിധികൾ ഉയർത്തിയ പ്രചാരണവിഷയങ്ങളെ ഖണ്ഡിക്കാനോ നിഷേധിക്കാനോ അമിതാവേശം കാണിക്കാതെ ദേശീയവും പ്രാദേ

ശികവുമായ വിഷയങ്ങളെ സമ്മതിദായകരുടെ മനസ്സിലേക്ക് എറിഞ്ഞുകൊടുത്ത് പ്രതിയോഗികളെ പ്രതിരോധിക്കുന്ന മോദിതന്ത്രം ഫലം കാണുക തന്നെ ചെയ്തു. പഞ്ചാബിൽ സിഖു കൂട്ടക്കൊലയ്ക്ക് കാരണക്കാരനായി രാജീവ്ഗാന്ധിയെ അവതരിപ്പിച്ചതും കേരളത്തിൽ ശബരിമല വിഷയമാക്കിയതും രാജ്യസുരക്ഷയുടെ പേരിൽ പാകിസ്ഥാന് നൽകിയ തിരിച്ചടിയുമൊക്കെ മോദിയുടെ പ്രചരണ തന്ത്രങ്ങളുടെ മർമ്മമാണ്. അതേസമയം, അഴിമതിയുടെ പേരിൽ 'ചാക്കീദാർ ചോർ ഹെ' എന്ന ഒരൊറ്റ മുദ്രാവാക്യം ഉയർത്തി നരേന്ദ്രമോദി എന്ന കളംനിറഞ്ഞാടിയപ്പോൾ രാഹുൽഗാന്ധിക്ക് പിന്തുണയുമായി സഹോദരി പ്രിയങ്കാഗാന്ധി എത്തിയതല്ലാതെ കാര്യമായ കാര്യമാത്ര പ്രസക്തരായ ഒരു കോൺഗ്രസ് നേതാവിനെയും യുപിഎ നേതൃത്വങ്ങളെയും എങ്ങും കണ്ടില്ല. യുപിഎ ഇതര പ്രതിപക്ഷങ്ങളാകട്ടെ ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം ഉണ്ടായേക്കാമെന്ന് പ്രതീക്ഷിച്ച തൂക്കുമന്ത്രിസഭയുടെ രൂപീകരണവേളയിൽ ഒരുവിലപേശലിന് പഴുതു ചമയ്ക്കാനുള്ളവ്യഗ്രതയും മുന്നണി ബന്ധങ്ങളും മറന്നു.

സമീപകാല നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണത്തിലെത്തിയ രാജ പാർട്ടികൾ പരസ്പരം മത്സരിച്ചതും അവർക്കുതന്നെ വിനയായി. അതിന്റെ പ്രകടമായ തെളിവാണ് കേരളത്തിൽ സിപിഎം ഉൾപ്പെടെയുള്ള എൽഡിഎഫിന് നേരിട്ട പരാജയം. കേരളത്തിൽ ഭരണത്തിലിരിക്കുന്ന ഇടതുമുന്നണിയുടെ വോട്ടുവിഹിതം 35.15 ശതമാനത്തിൽ നിന്ന് 25.83 ശതമാനമായി കുറഞ്ഞു. കോൺഗ്രസിന് 37.27 ശതമാനമായി വോട്ടുവിഹിതം കൂടുകയും ചെയ്തു. 20 പാർലമെന്റ് സീറ്റിൽ 19 എണ്ണം നേടാനും കോൺഗ്രസിനായി. കേരളത്തിൽ കോൺഗ്രസ് മെച്ചപ്പെട്ട നിലയിലാണെങ്കിലും ലോക്സഭയിൽ 52 സീറ്റുമായി ചുരുങ്ങി. യുപിഎയ്ക്ക്

**17-ാം ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം കോൺഗ്രസിനുണ്ടായ പരാജയത്തിന്റെ ഉത്തരവാദിത്വമേറ്റെടുത്ത് പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുള്ള രാഹുൽഗാന്ധിയുടെ തീരുമാനം മാന്യമായ ഒരു നടപടിയാണ്. അതോടൊപ്പം രാജിവയ്ക്കരുതെന്നുപറഞ്ഞ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി ഭാരവാഹികളുടെ അഭിപ്രായം തികഞ്ഞ ഭീരുത്വവുമാണ്. കോൺഗ്രസിനുണ്ടായ പരാജയത്തിന്റെ ഉത്തരവാദിത്വം ഞങ്ങളുടേതുകൂടിയാണെന്ന് പറയാനുള്ള ആത്മാർത്ഥത അവർക്കില്ലാതെ പോയി. അങ്ങനെ ഒരുത്തരവാദിത്വം പങ്കുവയ്ക്കുന്നതിനുപകരം ഒരു ബലിമൃഗത്തെ കിട്ടിയ കൃതാർത്ഥയോടെ അവർ വീണ്ടും കൈകകഴുകി. ഇനി കോൺഗ്രസിന് ഭാരതത്തിൽ എന്തു പ്രസ്ക്തിയാണുള്ളത്. കോൺഗ്രസിന്റെ ഭാവി ഇനി എന്താവും. ഈ സന്ദർഭത്തിൽ ഇവിടെ പ്രസക്തമാകുന്ന രണ്ടുകാര്യങ്ങൾ പറയട്ടെ. ഒന്ന്, കുഴിമടിയന്മാരും കടൽക്കിഴവന്മാരുമായ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ മാറ്റി ചുറുചുറുക്കും അർപ്പണബോധവുമുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി കോൺഗ്രസിനെ ശക്തിപ്പെടുത്തുക. അതല്ലെങ്കിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഗാന്ധിജി പറഞ്ഞതുപോലെ കോൺഗ്രസിനെ പിരിച്ചുവിടുക. ഇതല്ലേ അഭികാമ്യം.**

പ്രതിഭാസത്തെ വലയം ചെയ്യാൻ മാത്രമേ എൻഡിഎ ഇതര കക്ഷികൾക്ക് കഴിഞ്ഞുള്ളൂ.

യുപിഎ പ്രത്യേകിച്ച് കോൺഗ്രസ് നേതൃത്വമാകട്ടെ രാഹുൽഗാന്ധിയെന്ന വിളക്കിനുചുറ്റും ഇയാംപാറ്റകളെപ്പോലെ പറന്നുനടന്നതേയുള്ളൂ. യുപിഎയുടെയും കോൺഗ്രസിന്റെയും വിജയം രാഹുൽഗാന്ധിയുടെ വ്യക്തിപ്രഭാവത്തിൽ സംഭവിക്കുമെന്ന് അവർ കരുതി. അതല്ലെങ്കിൽ അങ്ങനെമതിയെന്നവർ ചിന്തിച്ചുറപ്പിച്ചു. അതുമല്ലെങ്കിൽ കോൺഗ്രസിന്റെ വിജയം ഗാന്ധികുടുംബത്തിന്റെ മാത്രം ഉത്തരവാദിത്തമാണെന്നും തങ്ങൾക്കതിൽ വിയർക്കേണ്ട കാര്യമില്ലെന്നും അവർ കരുതിയിട്ടുണ്ടാവും. മോദി-അമിത്ഷാ കൂട്ടുകെട്ടിന് പിന്തുണയുമായി ബിജെപിയുടെയും എൻഡിഎയുടെയും നേതാക്കൾ സ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പോലും നേട്ടമുണ്ടാക്കാനാതെ കോൺഗ്രസ് പിന്നോക്കം പോയത് കുലംകുത്തികളായ സംസ്ഥാന നേതാക്കളുടെ കാലുവാരൽകൊണ്ട് മാത്രമാണ്. രാജസ്ഥാനിൽ മുഖ്യമന്ത്രി അശോക് ഗെലോട്ട് ഉപമുഖ്യമന്ത്രി സച്ചിൻ പൈലറ്റും മധ്യപ്രദേശിൽ മുഖ്യമന്ത്രി കമൽനാഥും ജ്യോതിരാദിത്യസിന്ധ്യയും തമ്മിലായിരുന്നു കാലുവാരൽ. ബിജെപി മുഖ്യമന്ത്രിമാരായ യോഗി ആതിഥ്യനാഥ്, ദേവേന്ദ്ര ഫട്നാവിസ് തുടങ്ങിയവർ പാർട്ടിയുടെ ജയത്തിനുവേണ്ടി അക്ഷീണം യത്നിച്ചപ്പോൾ കോൺഗ്രസ് മുഖ്യമന്ത്രിമാർ കാലുവാരൽ രാഷ്ട്രീയം കളിച്ച് പാർട്ടിയെ തോൽവിയുടെ പടുകുഴിയിൽ എത്തിച്ചു. അതുപോലെ ബിജെപിയെ ചെറുക്കാൻ ഇറങ്ങിത്തിരിച്ച രാഷ്ട്രീയ കിട്ടിയത് 89 സീറ്റ് മാത്രമാണ്. ഭരണത്തിലേറുന്ന എൻഡിഎയുടെ 352 സീറ്റുകളിൽ 303 ഉം ബിജെപിക്ക് സ്വന്തമാണ്. മറ്റുള്ളകക്ഷികൾ 96 സീറ്റിലും വിജയിച്ചിട്ടുണ്ട്. ഫലത്തിൽ 2020 അവസാനത്തോടെ രാജ്യസഭയിലും ബിജെപി ആധിപത്യം ഉറപ്പിക്കുന്നതോടെ ഭരണഘടനാ ഭേദഗതിക്കുവരെയുള്ള കരുത്ത് ബിജെപി ഭരണത്തിന് കരഗതമാകും. ഇവിടെയാണ് പ്രതിപക്ഷത്തിന്റെ വലുപ്പക്കുറവ് ആശങ്ക ഉണർത്തുന്നത്. എന്നാൽ, 17-ാം ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ടിറ്ററിൽ കുറിച്ച ഒരു സന്ദേശമുണ്ട്. "കരുത്താർന്ന ഒരുമയുടെ ഇന്ത്യയ്ക്കുവേണ്ടി കൈകോർത്തുനിൽക്കാം'' ഈ പ്രഖ്യാപനമാണ് ഭാവിഭാരതത്തിന്റെ തുടിപ്പും കിതപ്പും.




## പഠനോപകരണങ്ങളും സ്കോളർഷിപ്പും വിതരണം ചെയ്തു

**തിരുവനന്തപുരം:** സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിള്ളിപ്പാലം സെന്റ് ജൂഡ് കോൺഫറൻസ് നിർധന കുട്ടികൾക്ക് പഠനോപകരണങ്ങളും സ്കോളർഷിപ്പും വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് ആൻസി ലാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇടവക വികാരി ഫാ. സ്റ്റാൻസിലാവൂസ് തീസ്മസ് സ്കോളർഷിപ്പ് വിതരണം ചെയ്തു. സെന്റർ ഓഫ് കൗൺസിൽ വൈസ് പ്രസിഡന്റ് ഡോൺ ബോസ്കോ, യോഹന്നാൻ, സെക്രട്ടറി ലളിതാംബിക, ട്രഷറർ ജെറോം പ്രേംകുമാർ, അലോഷ്യസ് എ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

ജാതിമതഭേദമന്യേ ഉപരിപഠനത്തിന് അർഹരായ കുട്ടികളെ തെരഞ്ഞെടുത്ത് സഹായിക്കാനുള്ള വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തകരുടെ താല്പര്യത്തെ ഫാ. സ്റ്റാൻസിലാവൂസ് തീസ്മസ് ചടങ്ങിൽ പ്രശംസിച്ചു.

# ഹോം മിഷനിൽ പങ്കെടുത്ത സന്യസ്തരെ ആദരിച്ചു

**തിരുവനന്തപുരം:** കുടുംബ കേന്ദ്രീകൃത അജപാലന ശുശ്രൂഷയായ ഹോം മിഷനായുള്ള വിളി സ്വീകരിച്ച് ഫലങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറായി കടന്നു വന്ന് മികച്ച സേവനം കാഴ്ചവച്ച് തങ്ങളുടെ കർമ്മവീഥികളിലേക്ക് മടങ്ങിപ്പോകുന്ന എല്ലാ സമർപ്പിതർക്കും തിരുവനന്തപുരം അതിരൂപതാ ഹോം മിഷൻ ടീം നന്ദി അറിയിച്ചു.

"നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു" (യോഹ. 15:16) എന്ന യേശുനാഥന്റെ സ്നേഹസ്വരം ശ്രവിച്ചുകൊണ്ട് സമർപ്പണജീവിതവിളിക്കു പുറമേ, പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും പങ്കുവച്ചും പ്രാർത്ഥനയിൽ വളരുവാനും, ക്രിസ്തുവിനു സാക്ഷിയാകുവാനും ഈ പ്രേഷിതദൗത്യത്തിലൂടെ ഇവർക്ക് കഴിഞ്ഞുവെന്നും നിങ്ങളുടെ നിസ്വാർത്ഥമായ സേവനത്തിലൂടെ അനേകം കുടുംബങ്ങൾക്കു കരുത്തുപകരുവാനും കൂദാശപരമായ ജീവിതത്തിലേക്ക് ആകർഷിക്കുവാനും തകർന്ന ജീവിതങ്ങൾക്കു ബലം പകരുവാനും, ഉടഞ്ഞ ബന്ധങ്ങളെ കൂട്ടിച്ചേർക്കുവാനും, ദൈവസ്നേഹത്തിലേക്കും, പ്രാർത്ഥനാജീവിതത്തിലേക്കും, മാനസാന്തരത്തിലേക്കും വളരെയധികം പേരെ നയിക്കുവാൻ സർവ്വശക്തന്റെ ഉപകരണങ്ങളായി മാറാൻ ശുശ്രൂഷയിലേർപ്പെട്ട ഓരോരുത്തർക്കും കഴിഞ്ഞുവെന്നും അതിരൂപതാ ബിസിസി ശുശ്രൂഷാ കമ്മീഷൻ ഡയറക്ടർ ഡോ. മൈക്കിൾ തോമസ് പറഞ്ഞു.

യേശുവും ശിഷ്യന്മാരും തങ്ങളുടെ നിരന്തരമായ പ്രേഷിത പ്രവർത്തനങ്ങൾക്കു ശേഷം വിശ്രമിക്കാൻ ആഗ്രഹിച്ചെങ്കിലും തങ്ങളുടെ പക്കലേക്കു വന്ന ജനങ്ങളോടു തോന്നിയ അനുകമ്പ നിമിത്തം അവർക്കുവേണ്ടി വിശ്രമമില്ലാതെ പഠിപ്പിക്കുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തതുപോലെ നിരാലംബരും, ദുഃഖിതരും, പീഢിതരും, ദൈവത്തിൽ നിന്നകന്നു പോയവരുമായ ദൈവമക്കളുടെ ഇടയിലേക്കിറങ്ങി വിശ്രമമില്ലാതെ പ്രവർത്തിച്ച നിങ്ങളെ ഏവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നും ത്യാഗോജ്വലമായി ഹോം മിഷൻ പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട് നിങ്ങളുടെ സന്യസ്ത സഭയിലേക്ക്, പുതിയ കർമ്മപന്ഥാവിലേക്ക് നിങ്ങൾ മടങ്ങുമ്പോൾ കൂടുതൽ ഊർജ്ജസ്വലതയോടെ, ആഴമായ ബോധ്യത്തോടെ, പക്വതയാർന്ന വിശ്വാസ സമർപ്പണത്തോടെ, ഏറ്റെടുക്കുന്ന ജീവിതാർപ്പണം പൂർത്തിയാക്കുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെന്നും ഡയറക്ടർ ആശംസിച്ചു.

*ഹോംമിഷൻ ശുശ്രൂഷാ പ്രവർത്തനങ്ങളിൽ പങ്കെടുത്ത സമർപ്പിതരെ ആദരിച്ചപ്പോൾ*






*വലിയതുറ ഫെറോനയിലെ തോപ്പ് ഇടവകയിൽ രൂപീകൃതമായ ചൈൽഡ് പാർലമെന്റിലെ അംഗങ്ങൾ അധികൃതരോടൊപ്പം. ചൈൽഡ് പാർലമെന്റിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. സൈറസ് കളത്തിൽ നിർവഹിച്ചു.*

# വള്ള മറയ്ക്കുള്ളിൽ കഴിഞ്ഞിരുന്ന സേസുരത്നത്തിനും രാജമ്മയ്ക്കും സ്വന്തം ഭവനമായി


വള്ളമറയ്ക്കുള്ളിൽ നിന്ന് രാ
സ്വപ്നസാക്ഷാൽക്കാരത്തി

യിൽ കൈവച്ച് വിളിച്ചുപോകും, ദൈവമേ ശത്രുവിനുപോലും ഇതുപോലൊരു ഗതികേട് നൽകരുതേ എന്ന്. ഉറ്റവരും ഉടയവരും പുറം തള്ളിയപ്പോഴും, ബാല്യം പിന്നിട്ട മക്കൾ നഷ്ടപ്പെടുമ്പോഴും, സ്നേഹിച്ച് ജീവിതത്തിൽ കൂടിയ ഭർത്താവ് ...

**തിരുവനന്തപുരം:** ലത്തീൻ അതിരൂപതയിൽപ്പെട്ട പൂവ്വാർ ഇടവകയിലെ സേസുരത്തിനത്തിനും രാജമ്മയ്ക്കും അമേരിക്കയിലുള്ള EFICP എന്ന സംഘടനയുടെ ധനസഹായത്തോടെ തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, പൂവ്വാർ ഇടവക നൽകിയ സ്ഥലത്തിൽ നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ ആശീർവാദ കർമ്മം ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻ രാജും, പൂവ്വാർ ഇടവക വികാരി ഫാ. ഷാബിൻ ലീനും ചേർന്ന് ആശീർവദിച്ച് നൽകി. നോഡൽ ഓഫീസർജെറാഡ് പങ്കെടുത്തു. 10 വർഷത്തിലധികമായി കമിഴ്ത്തിവെച്ച വള്ളം ഭവനമാക്കി അന്തിയുറങ്ങിയിരുന്ന ഇവരുടെ കദനകഥ ജീവനും വെളിച്ചവും പ്രസിദ്ധീകരിച്ചിരുന്നു.



*പുതുതായി ലഭിച്ച ഭവനത്തിൽ സേസുരത്നവും രാജമ്മയും ഫാ. ലെലിൻരാജ്, ഫാ. ഷാബിൻ ലീൻ എന്നിവരോടൊപ്പം*




*തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം സ്ഥാപിച്ച പ്രത്യാശയുടെ ദാസിമാർ എന്ന സന്യാസിനി സമൂഹത്തിനുവേണ്ടി വെള്ളയമ്പലം ബിഷപ്സ് ഹൗസ് കോമ്പൗണ്ടിൽ സ്ഥാപിച്ച ഭവനത്തിന്റെ ആശീർവാദം ആർച്ച് ബിഷപ്പ് നിർവഹിക്കുന്നു. ബിഷപ് ക്രിസ്തുദാസ്, മോൺ. ജോർജ് പോൾ, ഫാ. ലെനിൻരാജ്, ഫാ. ടോണി പോൾ, ഫാ. എഡിസൺ വൈ, ഡോ. സാബാസ് ഇഗ്നേഷ്യസ്, ഫാ. ഹൈസന്ത് നായകം, ഡോ. എ. ആർ.ജോൺ, ഫാ. ഷൈനീഷ് ബോസ്കോ തുടങ്ങിയവർ സമീപം.*

## കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളി ദിനാചരണം

പുല്ലുവിള: പുല്ലുവിള ഇടവകയിൽ വച്ച് കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ നടന്ന ഫെറോനാതല തൊഴിലാളി ദിനാചരണം കെഎൽഎം രൂപത എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺ ഡാൾ ഉദ്ഘാടനം ചെയ്തു. ഫെറോന വികാരി ഫാദർ ജോർജ് ഗോമസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഏഴ് തൊഴിലാളികളെ ആദരിച്ചു. ടിഎസ്എസ്എസ് അസി.ഡയറക്ടർ ഫാ. ടോണി പോൾ അനുഗ്രഹ പ്രഭാഷണം നടത്തി.

ടിഎസ്എസ്എസ് കോ-ഓർഡിനേറ്റർ അന്നറീറ്റ, റീജണൽ ആനിമേറ്റർ രാജമണി രാജു, കെഎൽഎം ആനിമേറ്റർ വളർമതി റോബർട്ട് എന്നിവർ പ്രസംഗിച്ചു.

മറ്റ് ഫെറോനകളിലും ഫെറോനാതല തൊഴിലാളിദിനാചരണവും മികച്ച തൊഴിലാളികളെ ആദരിക്കലും നടന്നു.



*പുല്ലുവിള ഫൊറോനാ അജപാലന ശുശ്രൂഷാ സമിതി ബൈബിൾ അച്ചടിക്കുള്ള പേപ്പർ നിർമാണത്തിനായി ശേഖരിച്ച പാഴ്വസ്തുക്കളുമായി പുറപ്പാൻ തയ്യാറായി നിൽക്കുന്ന ലോറി*

## ബൈബിൾ പ്രചരണത്തിന് ഒരു ലോഡ് പാഴ്വസ്തുക്കൾ

പുല്ലുവിള: പുല്ലുവിള ഫൊറോന അജപാലന ശുശ്രൂഷാ സമിതി ബൈബിൾ പ്രചരണത്തിനായി കേരളസഭയോടൊത്ത് പ്രവർത്തിക്കുന്ന ഫിയാത്ത് മിഷന്റെ 'പാപ്പിയരസ്' പദ്ധതിയിലേക്ക് ഒരു ലോഡ് പഴയ പേപ്പറുകൾ കൈമാറി. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ശേഖരിച്ച പാഴ്വസ്തുക്കളായ ന്യൂസ്പേപ്പർ, മാഗസിൻ, നോട്ടുബുക്കുകൾ, പാഠപുസ്തകങ്ങൾ എന്നിവയാണ് 600 ചാക്കുകളിലായി ഫിയാത്ത് മിഷന് കൈമാറിയത്. ഫൊറോനാ വികാരി ഫാ. ജോർജ് ഗോമസ്, കോ-ഓർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോൺ, ശുശ്രൂഷാ അനിമേറ്റർ മേരി ത്രേസ്യാ മൊറായിസ് എന്നിവർ നേതൃത്വം നൽകി



*പുല്ലുവിള ഫൊറോനയിൽ നടന്ന രൂപതതല തൊഴിലാളി ദിനാഘോഷം രൂപത കെഎൽഎം എക്സി. സെക്രട്ടറി ഫാ. ജോൺ ഡാൾ ഉദ്ഘാടനം ചെയ്യുന്നു.*



*അഞ്ചുതെങ്ങ് ഫൊറോനയിൽ കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ നടന്ന തൊഴിലാളിദിനാഘോഷ ചടങ്ങിനോടനുബന്ധിച്ച് ആദരിക്കപ്പെട്ട തൊഴിലാളികൾ ഫാ.ഭാസ്കർ ജോസഫ്, ഫാ. ജോൺ ഡാൾ എന്നിവരോടൊപ്പം*

# ചൈൽഡ് പാർലമെന്റ് വോളന്റിയേഴ്സ് ട്രെയിനിംഗ്

തിരുവനന്തപുരം: അതിരൂപത സാമൂഹ്യശുശ്രൂഷയുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് പാർലമെന്റ് വോളന്റിയർമാർക്കായി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന നിയമസഭ റിട്ട. ജോയിന്റ് സെക്രട്ടറി പുരുഷോത്തമൻ, സെബാസ്റ്റ്യൻ ബ്രിട്ടോ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.



*തിരുവനന്തപും ലത്തീൻ അതിരൂപത ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഹോംമിഷനിൽ പങ്കെടുക്കാനുള്ള സിസ്റ്റേഴ്സിന്റെ പരിശീലന പരിപാടി തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ ഡോ. സി.ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. അതിരൂപതാ ശുശ്രൂഷാ കോർഡിനേറ്റർ ഡോ. മൈക്കിൾ തോമസ് സമീപം*

# നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്

തിരുവനന്തപുരം: അതിരൂപതാ സാമൂഹ്യ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ വെള്ളയമ്പലം സെന്റ് സേവ്യേഴ്സ് ഹാളിൽ സംഘടിപ്പിച്ച നഴ്സറി ടീച്ചേഴ്സ് പരിശീലന പരിപാടി സാമൂഹ്യ ശുശ്രൂഷാ അസി. ഡയറക്ടർ ഫാ. ഡോണി ഡി. പോൾ ഉദ്ഘാടനം ചെയ്തു. മോണ്ടിസോറി സ്കൂൾ എന്താണ്? കുട്ടികളുടെ പരിശീലന രീതി, നഴ്സറി ഗാനങ്ങൾ, കുട്ടികളെ എങ്ങനെ മനസ്സിലാക്കാം തുടങ്ങിയ വിഷയങ്ങളിൽ സജി, സച്ചു ലേഖ എന്നിവർ പരിശീലനം നൽകി.



*മലമുകൾ ഇടവകയിലെ ഒരു ക്യാൻസർ രോഗിക്കായി പാളയം ഫൊറോന എസ്എച്ച്ജി അംഗങ്ങൾ സമാഹരിച്ച തുക ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് കൈമാറുന്നു*



*പുല്ലുവിള ഫൊറോനാ അജപാലന ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ പുല്ലുവിള ഇടവകയിൽ വച്ചുനടന്ന ബൈബിൾ പഠനക്ലാസിന്റെ ഉദ്ഘാടനം ഫൊറോനാ വികാരി ഡോ. ജോർജ് ഗോമസ് നിർവഹിക്കുന്നു. ഫാ. റൂഫസ് പയസ്, ഡോ. അഗസ്റ്റിൻ ജോൺ, ആനിമേറ്റർ മേരി ത്രേസ്യ മൊറൈസ് എന്നിവർ സമീപം*

# പുല്ലുവിള ഫൊറോനാ മതബോധന വാർഷികം

പുല്ലുവിള: പുല്ലുവിള ഫൊറോനാ അജപാലന ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കരുംകുളം ഇടവകയിൽ സംഘടിപ്പിച്ച ഫൊറോനാതല മതബോധന വാർഷികം അജപാലന ശുശ്രൂഷാ സമിതി കോ-ഓർഡിനേറ്റർ ഡോ. അഗസ്റ്റിൻ ജോൺ ഉദ്ഘാടനം ചെയ്തു. ഫൊറോനാ മതബോധന സമിതി കോർഡനേറ്റർ ഫാ. ശാന്തപ്പൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വച്ച് രൂപതാ ഫൊറോന മതബോധന വാർഷിക പരീക്ഷകളിൽ സമ്മാനാർഹരായ വിദ്യാർത്ഥികളെ അനുമോദിച്ചു.



*അതിരൂപതാ സാമൂഹ്യ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ ഇടവകതല സാമൂഹ്യ ശുശ്രൂഷാ സെക്രട്ടറിമാരുടെ യോഗം തിരുവനന്തപുരത്ത് ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*



*പുല്ലുവിള ഫൊറോന മതബോധന വാർഷികം കരുംകുളത്ത് ഫെറോനാ അജപാലന ശുശ്രൂഷാ സമിതി കോർഡിനേറ്റർ ഡോ. അഗസ്റ്റിൻ ജോൺ ഉദ്ഘാടനം ചെയ്യുന്നു. ഫൊറോന മതബോധന ഡയറക്ടർ ഫാ. ശാന്തപ്പൻ സമീപം*

## കാലിഫോർണിയായിൽ കുമ്പസാര രഹസ്യം വെളിപ്പെടുത്താൻ നിയമം

കാലിഫോർണിയ: കുമ്പസാര രഹസ്യം വെളിപ്പെടുത്തുവാൻ വൈദികരെ നിർബന്ധിക്കുന്ന ബിൽ '36' കാലിഫോർണിയ പാസാക്കിയതിൽ ലോസ് എയ്ഞ്ചലസ് ആർച്ചുബിഷപ്പ് ജോസ് ഗോമസ് അതൃപ്തി രേഖപ്പെടുത്തി. കുമ്പസാരം എന്ന കൂദാശയുടെ പവിത്രതയും രഹസ്യാത്മകതയും ഇല്ലാതാക്കുന്ന ഇത്തരം നീക്കത്തെ ഏറ്റവും വേദനയോടെയാണ് കാണുന്നതെന്നും മതപരമായ അവകാശങ്ങൾ തികച്ചും വ്യക്തിപരവുമാണെന്നും അതിന്റെമേൽ കൈകടത്താൻ സർക്കാരിന് അവകാശമില്ലെന്നും അങ്ങനെ ചെയ്താൽ അത് മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണെന്നും ആർച്ചുബിഷപ്പ് പറഞ്ഞു.

രണ്ടിന് എതിരെ 30 വോട്ടുകൾ നേടിക്കൊണ്ടാണ് ബിൽ നിയമമാക്കാനുള്ള അനുമതി സെനറ്റർമാർ നൽകിയത്. ഈ ബിൽപ്രകാരം കുട്ടികളെ ദുരുപയോഗം ചെയ്ത വ്യക്തികളെക്കുറിച്ചോ വൈദികരെക്കുറിച്ചോ അറിവ് ലഭിച്ചാൽ അതല്ലെങ്കിൽ മറ്റ് കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരെക്കുറിച്ച് വിവരം ലഭിച്ചാൽ അത് കുമ്പസാര രഹസ്യമാണെങ്കിലും കോടതി മുമ്പാകെ വെളിപ്പെടുത്തേണ്ടതാണ്. മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന അവകാശങ്ങളിൽ ഒന്നാണ് കുമ്പസാരത്തിലൂടെ പാപമോചനം നൽകാനുള്ള വൈദികന്റെ അധികാരം.

## അതിരൂപതാ സാമൂഹ്യ ശുശ്രൂഷയുടെ സപ്ലിമെന്ററി അധ്യാപക പരിശീലനം

തിരുവനന്തപുരം: അതിരൂപതാ സാമൂഹ്യശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ സപ്ലിമെന്ററി ആധ്യാപകർക്കായി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. വെള്ളയമ്പലം സെന്റ് സേവ്യേഴ്സ് ഹാളിൽ വച്ചുനടന്ന ദ്വിദിന പരിശീലന പരിപാടിയിൽ അക്കാദമിക് ലെവൽ അപ്രോച്ച്, സ്കിൽ ഡെവലപ്മെന്റ്, മോട്ടിവേഷൻ ഇവാലുവേഷൻ എന്നീ വിഷയങ്ങളിൽ ഗിരീഷ്, ഡോ. ഉദയൻ, ഷമ്മി ജോർജ്, ഗീതാ നായർ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.



*കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ കുമാരപുരം ഇടവകയിൽ നടന്ന പതാകദിനാചരണം ഫാ. ജെറാൾഡ് സാവിയോ പതാകയുയർത്തി ഉദ്ഘാടനം ചെയ്യുന്നു*




# ഒരുദിവസം രണ്ടാമതും വിശുദ്ധ കുർബ്ബാന സ്വീകരിക്കാമോ?

തിരുവനന്തപുരം അതിരൂപതയിലെ പൂന്തുറ ഇടവകാംഗമാണ് ഞാൻ. ഒരിക്കൽ വിശുദ്ധ കുർബ്ബാന സ്വീകരിച്ച വ്യക്തി അതേദിവസം രണ്ടാമതും വിശുദ്ധ കുർബാന സ്വീകരിക്കണമെങ്കിൽ ദിവ്യബലിമധ്യേ മുഴുവൻ കുർബാനയിൽ പങ്കെടുത്തുകൊണ്ടുമാത്രമേ സ്വീകരിക്കാവൂ എന്ന് കഴിഞ്ഞ ലക്കത്തിൽ വായിച്ചിരുന്നു. വിശുദ്ധ കുർബാന സ്വീകരിച്ചശേഷം ഒരു വ്യക്തി അതേദിവസം രോഗാവസ്ഥയിലാവുകയും ആവശ്യപ്പെടുകയും ചെയ്താൽ വിശുദ്ധ കുർബാന നല്കാൻ പാടില്ലേ?

രോഗാവസ്ഥ രണ്ടുതരത്തിൽ കാണാനാകും. മരണകരമായ അവസ്ഥയും മരണകരമല്ലാത്ത അവസ്ഥയും. കൂദാശ സ്വീകരണത്തിന് നിയന്ത്രണമേർപ്പെടുത്തുന്ന മിക്ക സഭാനിയമങ്ങളും മരണകരമായ അവസ്ഥയിലെത്തുന്നവർക്ക് ഇളവ് നല്കുന്നുണ്ട്. കാരണം, സഭാനിയമങ്ങളുടെ ലക്ഷ്യം ആത്മാക്കളുടെ രക്ഷയാണ്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 921§2 പ്രകാരം, വിശുദ്ധ കുർബാന സ്വീകരിച്ചിട്ടുണ്ടെങ്കിൽപ്പോലും അതേദിവസം മരണകരമായ അവസ്ഥയിലെത്തുന്ന വർക്ക് വിശുദ്ധ കുർബാന നല്കണമെന്ന് ശക്തമായി ശുപാർശ ചെയ്യുന്നു. രോഗികൾക്കു വിശുദ്ധ കുർബാന നല്കാനുള്ള ഇടവക വികാരിമാരുടെയും സഹവികാരിമാരുടെയും ചാപ്ലിന്മാരുടെയും കടമ CIC 911, 922 എന്നിവ ഓർമിപ്പിക്കുകയും ചെയ്യുന്നു.

വിശുദ്ധ കുർബാന സ്വീകരിച്ചശേഷം രോഗാവസ്ഥയിലെത്തുന്ന വ്യക്തിക്ക് അതേദിവസം വീണ്ടും വിശുദ്ധ കുർബാന സ്വീകരിക്കാമോ എന്നതാണ് താങ്കളുടെ സംശയം. രണ്ടാമത് വിശുദ്ധ കുർബാന സ്വീകരിക്കാനാഗ്രഹിക്കുന്ന വ്യക്തിയുടെ രോഗാവസ്ഥ ഗുരുതരമോ മരണകരമോ ആണെങ്കിൽ വീണ്ടും സ്വീകരിക്കാം. അല്ലെങ്കിൽ സ്വീകരിക്കാൻ പാടില്ല.




*ഓഖി ദുരിതബാധിതർക്ക് കെസിബിസിയുടെ ധനസഹായത്തോടെ തിരുവനന്തപുരം ലത്തീൻ അതിരൂപത നിർമിച്ചു നൽകുന്ന 23 ഭവനങ്ങളിൽ പണിപൂർത്തിയായ വീടുകൾ അഭിഷ, നെവിഷ (തൂത്തൂർ ഫോറോന) എന്നിവർക്ക് ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ് ആശീർവദിച്ച് കൈമാറിയപ്പോൾ*



*സോമതീരം ലിഫ കപ്പ് 2019 ന്റെ ഭാഗമായി തിരുവനന്തപുരം പ്രസ്ക്ലബ് ടീമും തിരുവനന്തപുരം അതിരൂപതാ വൈദിക ടീമും തമ്മിൽ നടത്തിയ സൗഹാർദ്ദ മത്സരത്തിൽ പങ്കെടുത്ത ടീം അംഗങ്ങൾ*

# സോമതീരം ലിഫ കപ്പ് 2019: ലിഫ ട്രിവാൻഡ്രത്തിന് ഇരട്ട കിരീടം

തിരുവനന്തപുരം: രാജ്യത്തെ 9 സംസ്ഥാനങ്ങളിൽ നിന്നും നിരവധി ഐ ലീഗ് ടീമുകളുൾപ്പടെ 40 പ്രൊഫഷണൽ അക്കാദമികൾ പങ്കെടുത്ത ടൂർണമെന്റിൽ അണ്ടർ 14 വിഭാഗത്തിൽ ജേപ്പിയാർ ചെന്നൈയെ 2–0 ന് പരാജയപ്പെടുത്തിയാണ് ലിഫ ചാംപ്യൻഷിപ്പ് കരസ്ഥമാക്കിയത്. ലിഫക്ക് വേണ്ടി ബിജൊ, എബിൻ ദാസ് എന്നിവർ ഗോളുകൾ നേടി. മത്സരത്തിലെ മികച്ച താരമായി ബിജൊ തെരഞ്ഞെടുക്കപ്പെട്ടു.

അണ്ടർ 16 വിഭാഗത്തിൽ രാമൻ വിജയൻ അക്കാദമി തമിഴ്നാടിനെ 1–0 ന് പരാജയപ്പെടുത്തിയാണ് ലിഫ ചാംപ്യൻഷിപ്പ് കരസ്ഥമാക്കിയത്. അനീറ്റൻ ആൻണിയാണ് ലിഫക്ക് വേണ്ടി നിർണായക ഗോൾ സ്വന്തമാക്കിയത്.

ടൂർണമെന്റിലുടനീളം അണ്ടർ14 വിഭാഗത്തിൽ രണ്ട് ഹാട്രിക് അടക്കം 14 ഗോൾ നേടിയ ലിഫ ട്രിവാൻഡത്തിന്റെ എബിൻ ദാസ് ടൂർണമെന്റിലെ മികച്ച താരമായി തെരഞ്ഞെടുക്കപ്പെട്ടു. അണ്ടർ 16 വിഭാഗത്തിൽ ടൂർണമെന്റിലെ മികച്ച താരമായി ലിഫയുടെ അനീറ്റൻ ആൻണി തെരഞ്ഞെടുക്കപ്പെട്ടു.

പി. എഫ്. എ പുല്ലുവിളയെ 1–0 ന് തോല്പിച്ച് ഗോകുലം കേരള എഫ്. സി അണ്ടർ 16 വിഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. അണ്ടർ 14 വിഭാഗത്തിൽ പി. എഫ്. എ പള്ളം മൂന്നാം സ്ഥാനം സ്വന്തമാക്കി.

11 ദിവസം നീണ്ടു നിന്ന ടൂർണമെന്റിന്റെ സമാപനസമ്മേളനത്തിൽ ISL താരങ്ങളായ സൂസൈരാജ്, ജോബി ജസ്റ്റിൻ എന്നീ താരങ്ങളെയും ഐ ലീഗ്, സന്തോഷ് ട്രോഫി. താരങ്ങളെയും ലിഫ ആദരിച്ചു. സമാപന സമ്മേളനത്തിൽ ടൂറിസം ദേവസ്വം സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി. ശശി, തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ. റൈറ്റ്. റവ. ഡോ. ക്രിസ്തു ദാസ്. ആർ, ലിഫ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ക്രിസ്തു ദാസ് ഫിലിപ്പ്, സോമതീരം ആയുർവേദ ഗ്രൂപ്പ് എം. ഡി ബേബി മാത്യു, DFA പ്രസിഡന്റ്. ശിവൻകുട്ടി, DFA സെക്രട്ടറി ഗീവർഗീസ്, മോൺ. വിൽഫ്രഡ്.ഇ, കേരള യൂണിവേഴ്സിറ്റി ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ. ഡോ. ജയരാജ് ഡേവിഡ് എന്നിവർ മുഖ്യാതിഥികളായിരുന്നു.




*സോമതീരം ലിഫ കപ്പ് 2019 അണ്ടർ 14 വിഭാഗത്തിൽ കിരീടം നേടിയ ലിഫ ട്രിവാൻഡ്രം ടീം അംഗങ്ങൾ ലിഫ അക്കാദമി അധികൃതരോടൊപ്പം*



*തീരദേശത്തുനിന്നും ഇന്ത്യൻ സീനിയർ ഫുട്ബോൾ ടീം ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജോബി ജസ്റ്റിൻ. തിരുവനന്തപുരം അതിരൂപതാ ആസ്ഥാനത്ത് ആദരിച്ചപ്പോൾ. ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ്, ചാൻസലർ ഫാ.എഡിസൺ വൈ, ഫാ. ക്രിസ്തുദാസ് എന്നിവരോടൊപ്പം*

# തീരദേശത്തിന്റെ താരങ്ങൾക്ക് സ്വീകരണം

**തിരുവനന്തപുരം:** തീരദേശത്ത് നിന്നും ഇന്ത്യൻ സീനിയർ ഫുട്ബാൾ ടീമിന്റെ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സൂസൈരാജിനേയും ജോബി ജസ്റ്റിനേയും 'ലിഫ' ട്രിവാൻഡ്രത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ആസ്ഥാനത്ത് സ്വീകരിച്ച് ആദരിച്ചു. അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ. എന്നിവർ വെള്ളയമ്പലം ബിഷപ്പ്സ് ഹൗസിൽ ഫുട്ബോൾ താരങ്ങളെ സ്വീകരിച്ചു. കന്യാകുമാരി ജില്ലാ ആസ്ഥാനത്ത് മറ്റൊരു പരിപാടിയിൽ പങ്കെടുക്കേണ്ടിവന്നതിനാൽ സൂസൈരാജിന് എത്തിച്ചേരുവാൻ സാധിച്ചില്ലെങ്കിലും രൂപതാധ്യക്ഷൻ ഇരുവർക്കുമായി ആശീർവദിച്ച ജപമാല ജോബിയെ ഏല്പിച്ചു. ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യൻ ടീമിൽ ഇടം നേടുവാനും, രാജ്യത്തിനായ് ഗോളുകൾ നേടി രാജ്യത്തിന്റെ അഭിമാനമാകുവാനും സാധിക്കട്ടെ എന്ന് ആർച്ച്ബിഷപ്പ് ആശംസിച്ചു. സൂസൈരാജിനും ജോബി ജസ്റ്റിനും അതുപോലെതന്നെ കിങ്സ് കപ്പിൽ രാജ്യത്തിനായി ബൂട്ടണിയുന്ന ഓരോ താരത്തിനും മികച്ച പ്രകടനം കാഴ്ചവക്കുവാൻ കഴിയട്ടെയെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.




*സോമതീരം ലിഫ കപ്പ് 2019 അണ്ടർ 16 വിഭാഗത്തിൽ കിരീടം ചൂടിയ ലിഫ ട്രിവാൻഡ്രം ടീം അംഗങ്ങൾ ലിഫ അക്കാദമി അധികൃതരോടൊപ്പം*



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

പെന്തക്കോസ്താ ഞായർ (ജൂൺ 9)

# ആത്മാവിനാൽ നിറയാം

അപ്പോ. 2: 1–11 | റോമ 8:8–17 | യോഹ. 14:15–16. 23b-26



പരിശുദ്ധാത്മാവിന്റെ ആഗമനം സംഭവിക്കുന്നത് യേശുവിന്റെ വേർപാടിലാണ്. വേർപാട് വേദനജനകമെങ്കിലും നിരാശപ്പെടാനുള്ളതല്ലാ, പ്രത്യാശയോടെ മുന്നോട്ടുപോകുവാൻ പ്രേരിപ്പിക്കുന്നതാകണം. വിത്തുകൾ ഇല്ലാതാകുമ്പോൾ, വേർപിരിയുമ്പോൾ അതിലെ ജീവന്റെ പുതുനാമ്പുകൾ പുറത്തുവരുന്നു

സഭയിൽ ആഘോഷിക്കുന്ന തിരുനാളുകളിൽ വളരെ പ്രധാനപ്പെട്ടതാണ് പെന്തക്കോസ്താ തിരുനാൾ. ഭൂമിയിൽ ഒരു ഭാഷയും ഒരു സംസാരരീതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ (ഉൽപ 11:1). ഒരു ഭാഷയും ഒരു സംസാരരീതിയുമുണ്ടായിരുന്ന മനുഷ്യൻ അഹങ്കാരത്തിന്റെ ബാബേൽ ഗോപുരം കെട്ടിപ്പൊക്കി ദൈവത്തെ വെല്ലുവിളിച്ചതു കാരണം തമ്മിൽ ഗ്രഹിക്കാൻ സാധിക്കാത്ത ഭാഷ സംസാരിച്ച് ചിന്നിച്ചിതറിപ്പോയി. എന്നാൽ പെന്തക്കോസ്താദിനത്തിൽ അരൂപി എന്ന ബിന്ദുവിൽ വിവിധ ഭാഷകൾ സംസാരിക്കുന്നവർ ഒന്നിച്ച് സഭയുണ്ടാക്കുന്നു.

പെന്തക്കോസ്ത തിരുനാൾ ക്രിസ്തു ഈ ലോകത്തിൽ വരുന്നതിനു മുമ്പേ ആചരിച്ചിരുന്ന തിരുനാളാണ്. പെന്തക്കോസ്ത എന്ന വാക്കിന്റെ അർത്ഥം അൻപതാമത്തെ എന്നാണ്. ആദ്യകാലഘട്ടങ്ങളിൽ ഈ തിരുനാൾ ഒരു കാർഷികോത്സവമായിരുന്നു. അതായത് വിളവെടുപ്പിന്റെ ആദ്യഫലം കർത്താവിന് കാഴ്ച വച്ചുകൊണ്ടാണല്ലോ പെസഹാ തിരുന്നാൾ യഹൂദർ ആചരിച്ചിരുന്നത്. പെസഹാ തിരുന്നാളിനുശേഷം ഏഴ് ആഴ്ചകൾ കടന്ന് അടുത്ത് വരുന്ന ദിവസം (7X7=49+1=50) അതായത് 50–ാമത്തെ നാൾ പെന്തക്കോസ്താ തിരുനാളായി ആഘോഷിച്ചു. അന്ന് ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് സ്തോത്രബലി അർപ്പിക്കുകയും നേർച്ചകാഴ്ചകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ തിരുനാളിനെ ആഴ്ചകളുടെ തിരുനാളെന്നും വിളിച്ചിരുന്നു. നിയമാവർത്തനപുസ്തകം ഇതേക്കുറിച്ച് ഇപ്രകാരം വ്യക്തമാക്കുന്നു. ആഴ്ചകൾ എണ്ണുക, കൊയ്ത്തു തുടങ്ങിയ ദിവസം മുതലാണ് ആഴ്ചകൾ എണ്ണേണ്ടത്. അനന്തരം നിന്റെ ദൈവമായ കർത്താവ് നിനക്കു നല്കുന്ന അനുഗ്രഹങ്ങൾക്കൊത്തവിധം സ്വാദിഷ്ടമായ കാഴ്ചകൾ സമർപ്പിച്ചുകൊണ്ട് അവിടുത്തേക്ക് ആഴ്ചകളുടെ തിരുനാൾ കൊണ്ടാടുക (നിയ 16:10). വിളവെടുപ്പു കഴിഞ്ഞാൽ കൈയ്യിൽ പണവും പുരയിൽ ധാന്യവുമുള്ളതുകൊണ്ട് സന്തോഷത്തിന്റെ ദിനങ്ങളാണ് ഈ ഏഴ് ആഴ്ചക്കാലവും, അത് കടന്ന് അടുത്തു വരുന്ന ഒരു ദിവസവും. ഇത് തികച്ചും ഒരു കാർഷികോത്സവമാണ്. ഈ കാർഷിക ഉത്സവത്തിന് കാലത്തിന്റെ മാറ്റങ്ങൾക്കൊത്ത് പുതിയ രൂപവും ഭാവവും കൈവന്നു.

ഫറവോയുടെ അടിമത്തത്തിൽ നിന്നും മോചിതരായ ഇസ്രായേൽ ദൈവത്തിന് നന്ദിയും കൃതജ്ഞതയും അർപ്പിച്ചത് പെസഹാ കഴിഞ്ഞു വന്ന അമ്പതാമത്തെ നാളിലാണ്. ഈ ദിവസത്തിൽ ദൈവം സീനായ് മലയിൽ വച്ച് 10 കല്പനകൾ നല്കി. പത്തു കല്പനകൾ ലഭിച്ച ശേഷം ഇതിന്റെ ഓർമ്മ ആചരിച്ചിരുന്നത് പെസഹാ കഴിഞ്ഞു വരുന്ന അമ്പതാമത്തെ നാളായ പെന്തക്കോസ്താദിനത്തിലായിരുന്നു. അങ്ങനെ വിളവെടുപ്പിന്റെ കാർഷികോത്സവത്തിന് 10 കല്പനകൾ



ലഭിച്ചതിന്റെ ഓർമ്മയാചരണമായി പെന്തക്കോസ്താ തിരുനാൾ രൂപാന്തരപ്പെട്ടു.

പുതിയ നിമയത്തിൽ പെന്തക്കോസ്തയ്ക്ക് പുതിയ അർത്ഥം കൈവരികയാണ്. പെസഹാക്കുഞ്ഞാടായ യേശുവിന്റെ വലിയ പെസഹാ അത്താഴം കഴിഞ്ഞ് വന്ന അമ്പതാമത്തെ ദിവസം പരിശുദ്ധാത്മാവ് അഗ്നിനാവിന്റെ രൂപത്തിൽ ശിഷ്യന്മാരുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും മേൽ ആവസിച്ചു. ആത്മാവിനെക്കൊണ്ട് നിറഞ്ഞ അവർ പേടിയുടെയും ഭയത്തിന്റെയും പഴയ അവസ്ഥ വിട്ട് ശക്തിയോടും ധീരതയോടും യേശുവിന്റെ വചനം പ്രസംഗിക്കുന്ന പുതിയ മനുഷ്യരായി. അതുവരെയും മുദ്ര വച്ച് അടച്ച അവരുടെ അധരങ്ങൾ പിളർന്നു. നാവിന്റെ കെട്ടുകൾ അഴിഞ്ഞു. ആദിമുതൽ ഉണ്ടായിരുന്നതും അവർ കേട്ടതും സ്വന്തം കണ്ണുകൾ കൊണ്ട്  കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനമായ ക്രിസ്തുവിനെ പ്രഘോഷിച്ചു. ഇതിനെതിരെയുള്ള താക്കീതിനും പ്രഹരത്തിനും മുമ്പിൽ അവർ നെറ്റി ചൂളിച്ചില്ല. ഇതിനുള്ള ശക്തി ഇവർക്ക് ലഭിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ്.

പരിശുദ്ധാത്മാവിന്റെ ആഗമനം സംഭവിക്കുന്നത് യേശുവിന്റെ വേർപാടിലാണ്. വേർപാട് വേദനജനകമെങ്കിലും നിരാശപ്പെടാനുള്ളതല്ലാ, പ്രത്യാശയോടെ മുന്നോട്ടുപോകുവാൻ പ്രേരിപ്പിക്കുന്നതാകണം. വിത്തുകൾ ഇല്ലാതാകുമ്പോൾ, വേർപിരിയുമ്പോൾ അതിലെ ജീവന്റെ പുതുനാമ്പുകൾ പുറത്തു വരുന്നു. യേശുവിന്റെ വേർപാട് സ്വർഗ്ഗത്തിലെ അത്ഭുതങ്ങൾ കാണാൻ ശിഷ്യന്മാരെ പ്രാപ്തരാക്കുന്നു. എല്ലാ വേർപാടുകൾക്കു പിന്നിലെ ദൈവഹിതം ഗ്രഹിക്കുന്നവർക്കു ഒരിക്കലും ജീവിതത്തിൽ നിരാശപ്പെടേണ്ടിവരില്ല. പരിശുദ്ധമറിയത്തിന് യേശുവിന്റെ വേർപാട് താങ്ങാവുന്നതിനുമപ്പുറത്താണ്, എങ്കിലും അവൾ തളർന്നില്ല, ദു:ഖിതയായി എങ്കിലും നിരാശപ്പെട്ടില്ല. കാരണം യേശുവിന്റെ വേർപാടിലെ ദൈവഹിതം അവൾ അറിഞ്ഞു. അതുകൊണ്ട് അവൾ ശക്തിയോടു കൂടി നിരാശരായ ശിഷ്യന്മാരെ ശക്തരാക്കി. പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ അവൾ അവരെ ഒരുക്കി. വേർപാടിൽ ദൈവഹിതം ആരായുന്നവർക്ക് സ്വർഗ്ഗത്തിലെ അത്ഭുതങ്ങൾ കാണാൻ സാധിക്കും; സഹായകന്റെ ശക്തമായ ഇടപെടൽ അവർക്ക് ഉണ്ടാകും.

പരിശുദ്ധാത്മാവിന്റെ ആവാസം നിരാശരായ ശിഷ്യന്മാരിൽ അത്ഭുതവഹമായ മാറ്റം ഉളവാക്കി, പ്രത്യേകിച്ച് അപ്പോസ്തോലപ്രമുഖനായ പത്രോസിലുണ്ടായ മാറ്റം ഏറെ ശ്രദ്ധേയമാണ്. യേശുവിന്റെ മരണത്തിനു മുമ്പ് പത്രോസ് ആരെയും സുഖപ്പെടുത്തിയതായോ, മരണത്തിൽ നിന്ന് ജീവനിലേക്ക് കൊണ്ടുവന്നതായിട്ടോ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പരിശുദ്ധാത്മാവ് പത്രോസിൽ വന്നപ്പോൾ ജോപ്പായിലെ തബീത്താ എന്ന സ്ത്രീയെ മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് കൊണ്ടുവന്നു (അപ്പോ 9:41–42). സുന്ദരകവാടം എന്നു വിളിക്കപ്പെടുന്ന ദേവാലയനടയിൽ ജന്മനാ മുടന്തനായ ഒരു മനുഷ്യനായ പത്രോസ് നസ്രായനായ യേശുവിന്റെ നാമത്തിൽ നടത്തിപ്പിച്ചു (അപ്പൊ 3:7–10)

യേശുവിന്റെ മരണത്തോടെ പേടിച്ചു വിറച്ച് കതകടച്ചിരുന്ന പത്രോസ്, യേശുവിനെ നിർദ്ദയമായി നിഷേധിച്ച പത്രോസ്; പരിശുദ്ധാത്മാവിന്റെ ആവാസത്തിൽ ശക്തി പ്രാപിക്കുകയാണ്. പുരോഹിതൻമാരും സദുക്കായരും ദേവാലയത്തിലെ കാവൽഭടന്മാരും മേധാവികളും ചേർന്ന വലിയൊരു സംഘത്തിന്റെ ഭീഷണിക്ക് വഴങ്ങാതെ പത്രോസ് തറപ്പിച്ചു പറഞ്ഞു: ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത സംഗതികൾ പറയാതിരിക്കുവാൻ ഞങ്ങൾക്ക് കഴിയുകയില്ല (അപ്പൊ 4:20). വളരെ ധീരതയോടെ പത്രോസ് പറഞ്ഞു: ദൈവത്തേക്കാളുപരിയായി നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ സന്നിധിയിൽ ന്യായമല്ല (അപ്പൊ 4:19). ആരാണ് വലിയവൻ എന്ന തർക്കത്തിൽ പത്രോസും പങ്കുകൊണ്ടു. ഈ സംഭവം ശിഷ്യന്മാരുടെ ഇടയിൽ നടക്കുന്നത് അന്ത്യ അത്താഴസമയത്താണ്. എന്നാൽ ആത്മാവിന്റെ ആവാസത്തിനു ശേഷം അധികാരക്കൊതി മാറി സേവനക്കൊതിയിലെത്തുകയാണ് പത്രോസ്. ഒട്ടും പ്രസംഗപാടവമില്ലാത്ത  നിരക്ഷരനായ പത്രോസ് ജ്ഞാനത്തോടെ പ്രഭാഷണം നടത്തി, മൂവായിരത്തോളം പേരെ ക്രിസ്തുവിനായി നേടി (അപ്പൊ 2:41–42).

സഹായകനായ പരിശുദ്ധാത്മാവ് ഇറങ്ങിവരുന്നത് കൂട്ടായ്മയിലാണ്. ശിഷ്യന്മാർ ഒരുമിച്ചു കൂട്ടിയിരുന്നപ്പോഴാണ് പരിശുദ്ധാത്മാവ് ഇറങ്ങിവന്നത്. ദൈവശക്തി പ്രകടമാകുന്നത് കൂട്ടായ്മകളിലാണ്, കൂട്ടങ്ങളിലല്ല. കൂട്ടായ്മയിലുള്ള പരസ്പര ബന്ധം, വിശ്വാസം, സ്നേഹം കൂട്ടങ്ങളിലില്ല. കൂട്ടായ്മ എപ്പോഴും ദൈവത്തിന്റെ നാമത്തിലാണ്. എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ച് കൂടുന്നിടത്ത് ഞാനുണ്ടാകും (മത്താ 18:20). കൂട്ടങ്ങൾ പലപ്പോഴും സംഗമിക്കുന്നത് മനുഷികമായ സ്വർത്ഥതയെ മുൻനിറുത്തിയാണ്. കൂട്ടായ്മകൾ അത്ഭുതങ്ങൾ സൃഷ്ടിക്കുമ്പോൾ കൂട്ടങ്ങൾ അക്രമങ്ങളുണ്ടാക്കുന്നു. പരിശുദ്ധാത്മാവിന്റെ നാമത്തിൽ കൂട്ടായ്മയിൽ വസിക്കാം. അവിടെ ദൈവം അത്ഭുതങ്ങൾ സൃഷ്ടിക്കും.

പരിശുദ്ധാത്മാവിനെ കൊണ്ട് നിറയാൻ നമ്മുടെ ജീവിതത്തെ ദൈവത്തിന് തുറന്നു കൊടുക്കാം. നമ്മിലെ പഴയ മനുഷ്യനെ ഇല്ലാതാവുകയും  പുതിയ മനുഷ്യൻ ഉടലെടുക്കുകയും ചെയ്യും. അപ്പോൾ നമ്മൾ ശക്തരാകുകയും നമ്മിലെ ഭയം, നിരാശ എന്നിവ നീങ്ങുകയും, നമ്മൾ ദൈവമക്കളാകുകയും ചെയ്യും. കൂട്ടങ്ങളിൽ ചെന്ന്പെട്ട് നന്മകളെ ഇല്ലാതാക്കാതിരിക്കാൻ കൂട്ടായ്മയിൽ വസിക്കാൻ പെന്തക്കോസ്ത തിരുനാൾ നമ്മെ ആഹ്വനം ചെയ്യുന്നു. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# കൈക്കാരനായ ക്രിസ്തു

സുഭാ. 8: 22–31 | റോമ 5:1–5 | യോഹ. 16: 12-15

ദൈവം തന്റെ സൃഷ്ടികർമ്മത്തിലേർപ്പെടുമ്പോൾ ഒരു കൈക്കാരനായി ക്രിസ്തു കൂടെയുണ്ടായിരുന്നു. അവൻ ദൈവത്തിന്റെ അരികിലുണ്ടായിരുന്ന വിദഗ്ധനായ പണിക്കാരനാണെന്നാണ് സുഭാഷിതങ്ങൾ പറയുന്നത്. യുഗങ്ങൾക്കുമുമ്പ് അരുവികളും പർവതങ്ങളും കുന്നുകളും രൂപപ്പെടുന്നതിനുമുമ്പ് ഭൂമിയും വയലുകളും നിർമ്മിക്കപ്പെടുന്നതിനുമുമ്പ് ആകാശവും സമുദ്രത്തിന്റെ ചക്രവാളങ്ങളും സ്ഥാപിക്കുംമുമ്പ് ഉയരങ്ങളിൽ മേഘങ്ങളുറപ്പിക്കുംമുമ്പ് സമുദ്രത്തിന് ഉറവകളെ സ്ഥാപിക്കുംമുമ്പ് ക്രിസ്തു ഉണ്ടായിരുന്നു. ഈ മനുഷ്യപുത്രനിൽ ദൈവം സന്തോഷം കണ്ടെത്തിയിരുന്നു. ദൈവത്തിന്റെ ഹിതം നിറവേറ്റുവാൻ, അവന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ വഴി നടത്തുവാൻ ക്രിസ്തു ഈ ലോകത്തിലേക്ക് വന്നു. ദൈവം ഏല്പിച്ച കൂടാരം പണിയുവാൻ ഏതൊരു കുറവുകളുമില്ലാതെ ക്രിസ്തു മുമ്പോട്ടു പോയി.

## ആടുകൾ തേടുന്ന ഇലകൾ

അരുണാചൽ പ്രദേശിലെ മലയോരങ്ങളിൽ കണ്ട ഒരു കാഴ്ച. ആടുകൾ ഒരു ഇല ഭക്ഷിച്ചിട്ട് വീണ്ടും വിവിധ ഇലകളെ ഭക്ഷണമായി തേടിപ്പോകുന്നു. അവിടത്തെ ഒരു തദ്ദേശീയൻ പറഞ്ഞത് ഇവിടത്തെ ആടുകൾ നൂറുതരം ഇലകളെയെങ്കിലും തേടി ഭക്ഷിക്കും. അത് അതിശയോക്തി ആയിരിക്കാം. എന്നാലും ആടുകൾ വിവിധ രുചികൾ കണ്ടെത്തിയാലും സത്തയിൽ ഇവയെല്ലാം ഒന്നുതന്നെയാണ്; ഇല ഗുണം. ത്രിത്വത്തെ മൂന്നു ആളുകളായി വ്യാഖ്യാനിക്കുമ്പോഴും ദൈവ സങ്കല്പങ്ങൾക്ക് കൂടുതൽ വ്യക്തതയും മാനങ്ങളും കൈവരിക്കപ്പെടുന്നു. പൗലോസ് അപ്പസ്തോലൻ റോമാക്കാരുടെ ലേഖനത്തിൽ നാം വിശ്വാസത്താൽ നീതികരിക്കപ്പെട്ട ജനതയാണെന്നു പറയുന്നു. യുക്തി വിചാരങ്ങളോ ലോകത്തിന്റെ ശാസ്ത്രീയ മാനദണ്ഡങ്ങളോ അല്ല ദൈവാസ്ഥിത്വത്തെ നിർണയിക്കുന്നത്. ദൈവത്തോടുള്ള മനുഷ്യന്റെ അഭിനിവേശം അവന്റെ വിശ്വാസമായി പടരുന്നു. ദൈവത്തിലുള്ള പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. പരിശുദ്ധാത്മാവിലൂടെ ദൈവസ്നേഹം നമ്മുടെ ഹൃദയവഴികളിൽ നിറക്കപ്പെടണം. ആ സ്നേഹത്തെ സഹജീവികളിൽ ദർശിക്കുമ്പോൾ ത്രിത്വം വസിക്കുന്ന ഉദാത്തമായ അവസ്ഥകളെ ദർശിക്കുവാൻ നമുക്കു സാധിക്കും.

ഊഷരഭൂമിയെ സമീപിച്ചു സ്രഷ്ടാവു ചോദിച്ചു: മറ്റു പ്രദേശങ്ങളൊക്കെ തരുലതാദികൾ വളർന്നും ഫലമൂലാദികൾ നിറഞ്ഞും നില്ക്കുമ്പോൾ നീ എന്തുകൊണ്ട് ഇപ്രകാരം ശൂന്യമായി കിടക്കുന്നത്? എന്തുകൊണ്ടാണ് നിന്നിൽ ഹരിതാഭയില്ലാത്തത്? ഊഷരഭൂമി പറഞ്ഞു എന്റെ കുറ്റമല്ല, എനിക്കാവശ്യമായ വിത്തുകൾ ലഭിക്കാത്തതുകൊണ്ടാണ്.

സൃഷ്ടാവ് എല്ലാ വൃക്ഷങ്ങളുടെയും ചെടികളുടെയും വിത്തുകൾ നല്കി. പിറ്റേവർഷം ഫലമന്വേഷിച്ചുവന്നപ്പോൾ പഴയപടി ശൂന്യതമാത്രം. സ്രഷ്ടാവ് വിശദീകരണമന്വേഷിച്ചു. വിത്തു തന്നപ്പോൾ അവ കൊത്തിക്കൊണ്ടുപോകാതെ പക്ഷികളെയും ജന്തുക്കളെയും അവിടുന്നു നിയന്ത്രിക്കാത്തതുകൊണ്ട് വിത്തെല്ലാം നഷ്ടമായി എന്നായിരുന്നു മറുപടി.

വീണ്ടും വിത്തുകൾ നല്കി. പറവകളും മറ്റു ജീവികളും അപഹരിക്കാതെ അവയെ നിയന്ത്രിക്കുകയും ചെയ്തു. പിറ്റേവർഷവും സ്രഷ്ടാവു വന്നപ്പോൾ അനുഭവം തഥൈവ. ഇപ്രാവശ്യം ഭൂമിയുടെ മറുപടി വെള്ളമില്ലാതെ എങ്ങനെ വിത്തുകൾ മുളച്ചുവരുമെന്നായിരുന്നു. ഇക്കുറി സ്രഷ്ടാവിന്റെ പ്രതികരണം. ശക്തമായ ഒരു വെള്ളിടി അവിടെ അയക്കുകയായിരുന്നു. ഭൂമിയുടെ മാറു പിളർന്നു. ഭൂമധ്യത്തിൽ നെടുനീളെ ഒരു ഗർത്തം. അവിടെ നീരുറവകൾ പൊടിച്ച് നീർച്ചാലുകളായി മാറി. സ്രഷ്ടാവ് നല്കിയ വിത്തുകൾ മുളച്ചുവന്നു. അവ വേഗത്തിൽ ഫലവൃക്ഷങ്ങളായി തീർന്നു. സൗരഭ്യം പരത്തുന്ന മനോഹരമായ ചെടികൾ അവിടെ വളർന്നു. ആരെയും ആകർഷിക്കുന്ന അന്തരീക്ഷം.

ഊഷരഭൂമിക്ക് ഇപ്പോൾ തികഞ്ഞ സം



പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു പഴയനിയമത്തിൽ ചില സൂചനകൾ മാത്രമേയുള്ളൂ. പുതിയ നിയമത്തിൽ പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു വ്യക്തമായ വെളിപാടുകൾ ഉണ്ട്. യേശുവിന്റെ മാമ്മോദിസാ ദിനാവസരത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നിച്ചു സമ്മേളിക്കുന്നതായി കാണുന്നു.

തൃപ്തി. അതിന്റെ അപമാനവും നിന്ദയും മാറിക്കിട്ടി. അത് ആത്മഗതം ചെയ്തു.നിനച്ചിരിയാതെ വെള്ളിടി ഉണ്ടായപ്പോൾ ഞാൻ ആകെ തകർന്നുപോയി. അടിമുടി ആസകലം ഞാൻ കിടിലം കൊണ്ടു. എനിക്കുണ്ടായ നടുക്കം എത്ര ദുർവഹമായിരുന്നു. എന്നാൽ ഇന്നു ഞാൻ തിരിഞ്ഞു നോക്കുമ്പോൾ അത് എത്ര അനുഗ്രഹമായി. ആ വെള്ളിടിമൂലം ഞാനിന്നു പുഷ്കലഭൂമിയായി മാറിയിരിക്കുന്നു. ഈറ്റുനോവിനെത്തുടർന്നു പ്രസവം നടക്കുമ്പോഴുള്ള ചാരിതാർത്ഥ്യവും സന്തോഷവും ഇപ്പോൾ എനിക്കു മനസ്സിലാക്കാം.

### പരിശുദ്ധ ത്രിത്വത്തിന്റെ വേദശബ്ദങ്ങൾ

പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു പഴയനിയമത്തിൽ ചില സൂചനകൾ മാത്രമേയുള്ളൂ. പുതിയനിയമത്തിൽ പരിശുദ്ധത്രിത്വത്തെ സംബന്ധിച്ചു വ്യക്തമായ വെളിപാടുകൾ ഉണ്ട്. യേശുവിന്റെ മാമ്മോദിസാ ദിനാവസരത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നിച്ചു സമ്മേളിക്കുന്നതായി കാണുന്നു. പരിശുദ്ധാത്മാവും പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു. സ്വർഗത്തിൽനിന്നൊരു സ്വരമുണ്ടായി. നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു ' (ലൂക്ക 3: 22). ശിഷ്യന്മാരെ പ്രേഷിതദൗത്യവുമായി അയക്കുന്ന സമയത്തു അവിടുന്നു പറയുന്നു. " പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28 : 20).

ത്രിത്വത്തിലെ മൂന്നു പേർക്കും ഒരേ ശക്തിയും ഒരേ പ്രകൃതിയും ഒരേ ലക്ഷണവുമാണുള്ളത്. മൂന്നുപേർക്കും സുദൃഢമായ ഐക്യബന്ധമുണ്ട്. മൂവരിൽ ഏതെങ്കിലും ഒരാൾക്കു ചെയ്യുന്ന ആരാധനയും സ്നേഹപ്രകടനവുമെല്ലാം മൂന്നുപേർക്കും കൂടിയുള്ളതാണ്. ഒരാൾക്ക് ചെയ്യുന്ന തർപ്പണംകൊണ്ടു മൂന്നുപേരും ഒപ്പം തൃപ്തരാകുമെന്നു നാം വിശ്വസിക്കുന്നു.

സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാണ് ത്രിത്വമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. സഭയുടെ എല്ലാ പ്രവർത്തനങ്ങളും ആരംഭിക്കുന്നതും അവസാനിക്കുന്നതും പരിശുദ്ധത്രിത്വത്തിന്റെ നാമത്തിലാണ്. ത്രീയേക ദൈവം നമ്മിൽ വസിക്കുന്നു. നമ്മെ കൈ പിടിച്ചു നടത്തുന്നു. പരിശുദ്ധ തിരുന്നാൾ ഘോഷിക്കുന്ന ഇന്നു ത്രിത്വത്തോടുള്ള നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ശ്രമിക്കാം.

നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്റെ കല്പന പാലിക്കും എന്നാണ് യേശുവിന്റെ കല്പന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ (യോഹ 13: 35). യേശു സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ടു നമ്മെ സ്നേഹിച്ചു. ഇതുപോലെ നാം മറ്റുള്ളവരെ സ്നേഹിക്കണം. അവരെ ശുശ്രൂഷിക്കണം. അപ്പോൾ പരിശുദ്ധാത്മാവ് നമ്മിൽവസിക്കും. യേശു സാവധാനമാണ് പരിശുദ്ധാത്മാവിനെപ്പറ്റി പഠിപ്പിക്കുന്നത്. എന്നിട്ടും ശിഷ്യർക്ക് അതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. പരിശുദ്ധാത്മാവ് വരുമ്പോൾ എല്ലാം നിങ്ങൾക്കു വ്യക്തമാക്കിത്തരുമെന്നു പറയുന്നുണ്ടല്ലോ. ആത്മാവു എന്നും എപ്പോഴും നമ്മോടുകൂടി വസിക്കുന്നു. " ഞാൻ പിതാവിനോടു അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടി ആയിരിക്കാൻ മറ്റൊരു സഹായകനെ നിങ്ങൾക്കു തരികയും ചെയ്യും" (യോഹ 14: 6).

ഒരു കുടുംബത്തിന്റെ അംഗങ്ങളുടെ ആഹ്ലാദവും ജീവിതവുംപോലെ മനോഹരമായ ഒരവസ്ഥയാണ് ത്രിത്വത്തിന്റേത്. സ്നേഹത്തിന്റെ ഊഷ്മളഭാവങ്ങൾ ഇഴപിരിച്ചെടുക്കുവാൻ ത്രിത്വത്തിലൂടെ നമുക്കു സാധിക്കും. ദൈവത്തെ സ്നേഹമുള്ള പിതാവായും പുത്രനെ കൂട്ടുകാരനായും പരിശുദ്ധാത്മാവിനെ സഹായകനായും കൂടെക്കൂട്ടുവാൻ നമുക്കു സാധിക്കും. സ്വന്തം കുടുംബം മാത്രം മതി എന്ന സ്വാർത്ഥ കല്പനകളിൽ ത്രിത്വത്തിന്റെ ഈ സ്നേഹഭാവം നഷ്ടമാകുന്നു. അന്യരിലേക്ക് ആഴ്ന്നിറങ്ങുവാനും കരുണയുടെ മേച്ചിൽപ്പുറങ്ങൾ തീർക്കുവാനും സാധിക്കുമ്പോൾ ക്രിസ്തീയതയുടെ ത്രിത്വരൂപത്തിന് കൂടുതൽ ചാരുത ലഭിക്കുന്നു. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 23)

# അത് ഒരു കൊലപാതകമല്ല, ബലിയായിരുന്നു

ഉൽ. 14: 18-20 | 1 കൊറി. 11: 23-26 | ലൂക്ക. 9: 11b-17

ക്രിസ്തുവിന്റെ മരണം ഒരു കൊലപാതകമല്ല, ബലിയായിരുന്നു എന്നതിന് ഏറ്റവും ശക്തമായ സാക്ഷ്യമാണ് പെസഹാനാളിൽ നടന്ന ഹൃദയസ്പർശിയായ അത്താഴവിരുന്ന്. കൊലപാതകത്തിൽ സമർപ്പണമില്ല. അവസരം ലഭിച്ചാൽ ഇര രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. ക്രിസ്തു മരണമുഖത്തേയ്ക്ക് സ്വയം നടന്നടുക്കുകയാണ്, അനേകർക്കുവേണ്ടി ഒരാൾ മരിക്കുന്നത് ഉചിതമാണെന്ന് സ്വയം വിശ്വസിച്ചുകൊണ്ട്. ബലികൾക്കെല്ലാം വീണ്ടെടുപ്പിന്റെ ഒരു പ്രകൃതമുണ്ട്. തെറ്റിപ്പോയ മനുഷ്യരെയെല്ലാം വീണ്ടെടുക്കാനാണ് ക്രിസ്തു തന്റെ ജീവിതം ബലിയാക്കുന്നത്. 'ഇത് എന്റെ ശരീരമാണ്, ഇതു

നിങ്ങൾ ഭക്ഷിക്കുക' എന്ന് പറയുമ്പോഴും 'എന്റെ ഈ രക്തം, അനേകർക്കുവേണ്ടിയുള്ള മോചനദ്രവ്യമാണെന്ന്' പറയുമ്പോഴും എല്ലാ അർത്ഥത്തിലും തന്റെ മരണം വീണ്ടെടുപ്പിന് വേണ്ടിയുള്ള ബലിയാണെന്ന് ക്രിസ്തു ഉറപ്പിക്കുകയാണ്.

ത്യാഗോജ്ജ്വലമായ തന്റെ ബലി മനുഷ്യർ എന്നും ഓർമ്മിക്കണമെന്നും ആ ഓർമ്മയിൽ നിന്നും ജീവിതത്തെ ക്രമപ്പെടുത്താനും വിശുദ്ധീകരിക്കാനുമുള്ള ഊർജ്ജം മനുഷ്യൻ ഉൾക്കൊള്ളണമെന്നും ക്രിസ്തു ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് എന്നും ഓർമ്മിക്കാനും ആചരിക്കാനുമായി തന്റെ ബലി കൂദാശയായി സ്ഥാപിച്ച് അവൻ നമുക്ക് നൽകിയത്. ജൂൺ 23-ാം തിയതി തിരുസ്സഭ യേശുവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും തിരുനാൾ ആചരിക്കുമ്പോൾ, ആ ശരീരത്തിന്റെയും രക്തത്തിന്റെയും സ്വീകരണം നമ്മെ എത്രമാത്രം നവീകരിക്കുന്നുണ്ടെന്നും വിശുദ്ധീകരിക്കുന്നുണ്ടെന്നും നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തു പറയുക: 'എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് ഒരിക്കലും വിശക്കുകയും ദാഹിക്കുകയും ചെയ്യില്ല' എന്നാണ്. ക്രിസ്തുവിന്റെ ശരീരവും രക്തവും നിത്യവും സ്വീകരിക്കുന്നവരാണ് നമ്മൾ. എന്നിട്ടും എന്തുകൊണ്ടാണ് നമുക്കു വീണ്ടും വിശക്കുന്നത്, എന്തുകൊണ്ടാണ് വീണ്ടും ദാഹിക്കുന്നത്? ഒരു മാറ്റവുമില്ലാതെ നാം അതേപോലെ തുടരുന്നത് എന്തുകൊണ്ടാണ്? ഒരുക്കവും യോഗ്യവുമല്ലാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നതുകൊണ്ടാവണം നമ്മൾ ഭക്ഷിക്കുന്ന വിശുദ്ധ കുർബാനയാകുന്ന ആ അപ്പം നമ്മുടെ വിശപ്പിന് പരിഹാരമാവാത്തത്, തിരുരക്തം ദാഹത്തിന് പരിഹാരമവാത്തത്.

മത്തായിയുടെ സുവിശേഷത്തിൽ 22-ാം അദ്ധ്യായത്തിൽ ക്രിസ്തു വിരുന്നിനെക്കുറിച്ചുള്ള ഒരുപമ പറയുന്നുണ്ട്. ഒരു രാജാവ് വലിയൊരു വിരുന്നു നടത്തി. പല കാരണങ്ങൾകൊണ്ട് ക്ഷണിക്കപ്പെട്ടവർക്ക് എത്തിച്ചേരാനാവാതെ പോകുന്നു. ഒടുവിൽ രാജാവ് വഴിയരികിലുണ്ടായിരുന്നവരെയൊക്കെ വിളിച്ച് ഊട്ടുശാലയിൽ പ്രവേശിപ്പിച്ചു. അപ്പോഴാണ് വിരുന്നു ശാലയിൽ വിവാഹവസ്ത്രമില്ലാതെ ഒരുവനെ രാജാവ് കണ്ടത്. വിവാഹവസ്ത്രം ധരിക്കാത്ത അവനെ പന്തിയിൽ നിന്ന് പുറത്താക്കുന്നു.

ക്രിസ്തു നമ്മോട് എന്നും ആചരിക്കുവാൻ പറഞ്ഞ വിശുദ്ധ ബലിയെ ഓർമ്മിപ്പിക്കുന്ന ഏറ്റവും അനുയോജ്യമായ ഉപമയാണിത്. തെരുവിൽ നിന്ന് ക്ഷണിക്കപ്പെട്ടവർ ഒരുവിധത്തിലും യോഗ്യതയുള്ളവരായിരുന്നില്ല. പക്ഷേ രാജാവിന്റെ വിശാലഹൃദയം അവരെ യോഗ്യതയുള്ളവരാക്കി. വിവാഹത്തിൽ പങ്കെടുക്കുന്നവർക്ക് ആതിഥേയർ വിരുന്നു വസ്ത്രം നൽകുന്ന പതിവുണ്ടായിരുന്നു. അതുകൊണ്ട് തീർച്ചയായും വഴിയരികിൽ നിന്നവർക്കെല്ലാം വിവാഹവസ്ത്രം ലഭിച്ചിട്ടുണ്ടാകും. വിരുന്നിൽ നിന്ന് പുറത്താക്കപ്പെട്ടവൻ അനാസ്ഥകൊണ്ട് അത് നഷ്ടപ്പെടുത്തിയതാകാം. അയോഗ്യരായ ഞങ്ങളെ ജ്ഞാനസ്നാനത്തിലൂടെ പ്രസാദവരമെന്ന വിശുദ്ധവസ്ത്രം നൽകി വിരുന്നിൽ പങ്കെടുപ്പിക്കാൻ ദൈവം യോഗ്യരാക്കിയിരിക്കുകയാണ്. എങ്കിലും അനാസ്ഥമൂലം, പാപകരമായ ജീവിതംമൂലം സ്നേഹനീരസങ്ങൾ നാം ആ വസ്ത്രം മലിനപ്പെടുത്തുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തിരുന്നു. അപ്രകാരം അയോഗ്യതയോടെ അവന്റെ ശരീരരക്തങ്ങൾ ഭക്ഷിക്കുന്നതുകൊണ്ടാവണം നമ്മൾ ഇനിയും വിശപ്പുള്ളവരായി തുടരുന്നത്, ദാഹമുള്ളവരായി ജീവിക്കുന്നത്. യോഗ്യതയില്ലാതെ ഈ അപ്പം ഭക്ഷിക്കുന്നവർ തങ്ങളുടെ മരണം തന്നെയാണ് ക്ഷണിച്ച് വരുത്തുന്നതെന്ന് പൗലോസ് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു (1കോറി 11 :27).

ജീവൻ നൽകുന്ന അപ്പം മരണത്തിന് കൂടി കാരണമാകാമെന്നത് ഭീതിപ്പെടുത്തുന്ന അറിവാണ്. വിശുദ്ധിയുടെ മൂടുപടമണിഞ്ഞ് നമ്മൾ നിരന്തരം മരണത്തെ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും തിരുനാൾ നമ്മെ ഓർമ്മിപ്പിക്കേണ്ടത് ജീവന്റെ കാരണമായ ശരീര രക്തങ്ങൾ മരണത്തിന്റെ കാരണമായി നാം മാറ്റരുത് എന്നുകൂടിയാണ്. നമ്മുടെ വിരുന്നു വസ്ത്രത്തെ മലിനമാക്കികൊണ്ടിരിക്കുന്ന നിരവധി പൊള്ളത്തരങ്ങളെ, ആസക്തികളെ, വക്രതകളെ കാപട്യങ്ങളെ ഒക്കെ നോക്കി നമുക്ക് ലജ്ജിതരാവുകയും അവയ്ക്കൊക്കെ പൊറുതി ചോദിച്ചുകൊണ്ട് യോഗ്യതയോടുകൂടി അവന്റെ ശരീരരക്തങ്ങൾ ഭക്ഷിക്കാൻ ഒരുങ്ങുകയും ചെയ്യാം. നിത്യജീവിതം നമുക്കായി കാത്തിരിക്കുന്നു. ■

## നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

തിരുഹൃദയ തിരുനാൾ (ജൂൺ 30)

# ജ്വാലതിങ്ങും ഹൃദയമെ, ദിവ്യഹൃദയമെ...

എസ. 34:11-16 | റോമ. 5: 5b-11 | ലൂക്ക. 15:3-7

ഇന്ന് തിരുഹൃദയതിരുനാൾ. സ്നേഹം കൊണ്ട് ഹൃദയം നിറയ്ക്കുന്നവന്റെ വിളിപ്പേരാണ് തിരുഹൃദയം. ഒരുക്കൽ ഒരു വിശ്വാസി സന്യാസിയോടു ചോദിച്ചു; എന്റെ ഹൃദയം തിരുഹൃദയമാകാൻ ഞാൻ എന്തുചെയ്യണം?

സന്യാസി പറഞ്ഞു, നിന്റെ വചനങ്ങൾ തിരുവചനമാകുകിൽ,

നിന്റെ കർമ്മങ്ങൾ തിരുവചനമാകുകിൽ,
നിന്റെ സ്നേഹം തിരുവചനമാകുകിൽ,
നിന്റെ ഹൃദയം തിരുഹൃദയമായിടും.

## ഈശോയുടെ തിരുഹൃദയം, ദൈവിക കൃപകളുടെ ഉറവിടമാണ്

പടയാളികളിൽ ഒരുവൻ കുന്തം കൊണ്ട് അവിടുത്തെ വിലാപ്പുറത്ത് കുത്തി, അവിടെനിന്നും രക്തവും ജലവും ഒഴുകി(യോഹ 19:34). ഈ രക്തവും ജലവുമാണ് പരിശുദ്ധ കുർബാനയെന്ന കൂദാശയിലൂടെയും മാമ്മോദീസ എന്ന കൂദാശയിലൂടെയും കൃപയുടെ നീർച്ചാലുകളായി നാം അനുഭവിക്കുന്നത്. അനുദിനം മാമ്മോദീസ എന്ന കൂദാശയുടെ ചൈതന്യത്തിൽ ജീവിച്ചും പരിശുദ്ധ കുർബാനയിലൂടെ തിരുരക്തത്തിൽ പങ്കുപറ്റി കൊണ്ടും എന്നും ഒരു തിരുഹൃദയനുഭവത്തിൽ ജീവിക്കാം.

## ഈശോയുടെ തിരുഹൃദയം സ്നേഹത്തിന്റെ ഉർജ്ജസ്രോതസ്സാണ്

അന്ത്യ അത്താഴവേളയിൽ യേശുവിന്റെ അരുമശിഷ്യൻ ഗുരു വക്ഷസ്സിൽ ചാരി കിടന്നു(യോഹ. 13:23). യേശുവിന്റെ തിരുഹൃദയത്തോടു ചേർന്നിരിക്കുന്ന സ്നേഹത്തിന്റെ ഉർജ്ജം ആർജ്ജിച്ചെടുത്തുകൊണ്ട് യോഹന്നാന് യേശുവിന്റെ കുരിശിന്റെ കീഴിൽ നിൽക്കാൻ കഴിഞ്ഞു. ആയതിനാൽ തിരു ഹൃദയനാഥന്റെ സ്നേഹത്തിൽ ജീവിക്കുന്നവർക്ക് സഹനങ്ങളിലും തകരാതിരിക്കാൻ ശക്തി ലഭിക്കും.

## ഈശോയുടെ തിരുഹൃദയം വിശ്വാസത്തിന്റെ ദർപ്പണമാണ്

യേശുവിന്റെ വിലാവിൽ വിരലിടാതെ വിശ്വസിക്കില്ലെന്നു ശാഠ്യം പിടിച്ച തോമസ്സപ്പസ്തോലന് യേശു പ്രത്യക്ഷനായി ഹൃദയമുറിവ് കാട്ടികൊടുത്തു. ആ ഹൃദയമുറിവ് എന്റെ കർത്താവേ, എന്റെ ദൈവമേ എന്നു വിളിക്കാൻ തക്കവിധമുള്ള വിശ്വാസത്തിലേക്ക് ഉയർത്തി. തിരുഹൃദയത്തോടുള്ള സ്നേഹം എന്നും വിശ്വാസവഴികളിലൂടെ മുന്നോട്ടു നയിക്കുന്നു.

## യേശുവിന്റെ തിരുഹൃദയം ക്ഷമയുടെ പാഠപുസ്തമാണ്

ദ്രോഹിയെന്ന് മുദ്രകുത്തപ്പെട്ട് കള്ളന്മാരുടെ നടുവിൽ തലചായ്ക്കാൻ ഇടമില്ലാതെ മരക്കുരിശിൽ മടക്കയാത്രയ്ക്കൊരുങ്ങുമ്പോൾ, ഹൃദയം പിളർക്കപ്പെട്ടവേളയിലും ക്ഷമയുടെ പാഠം അവിടുന്നു പകർന്നു നൽകി. നിങ്ങളുടെ ശിലാഹൃദയം എടുത്തു മാറ്റി മാംസളമായ ഹൃദയം പകർന്നു നൽകുന്നവനാണ് തിരുഹൃദയനായ ഈശോ.

ഹൃദയം നഷ്ടമാവുന്ന മനുഷ്യരുടെ ചിത്രം സാഹിത്യകാരന്മാരുടെ ഭാവനയിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ബാധ' എന്ന കവിതയിൽ ബൈക്കപകടത്തിൽ മരിച്ച ഉറ്റ സുഹൃത്തിന്റെ ശവ മടക്കുകഴിഞ്ഞു തിരിച്ചു വരുമ്പോൾ ഒരു കൂട്ടുകാരൻ പറയുന്നു:

ബൈക്കപകടം പുതുമയല്ല, തല തകർന്നു മരണം പുതുമയല്ല, വിലാപകാവ്യം പുതുമയല്ല, എങ്കിൽ പിന്നെ ഒരു സെക്കന്റ് ഷോയ്ക്ക് പോയാലെന്താ?

കൂട്ടുകാരന്റെ പട്ടടയിലെ തീയടങ്ങും മുമ്പേ സിനിമയ്ക്കു പോകുന്നവന്റെ ഹൃദയമെവിടെയാണ്?

എ.അയ്യപ്പന്റെ 'അത്താഴം' എന്ന കവിത:

കാറപകടത്തിൽ പെട്ടു മരിച്ച
വഴിയാത്രക്കാരന്റെ –
ച്ചോരയിൽ ചവുട്ടി ആൾക്കൂട്ടം നിൽക്കവെ
മരിച്ചവന്റെ പോക്കറ്റിൽ നിന്നും പറന്ന
അഞ്ചുരൂപയിലായിരുന്നു എന്റെ കണ്ണ്.

ടി.വി കൊച്ചുബാവയുടെ 'മത്സരം നടക്കുകയാണ്' എന്ന ചെറുകഥയിൽ മനുഷ്യജീവന്റെ മൂല്യങ്ങൾ തകർന്നടിയുന്ന മരണസംസ്കാരത്തിന്റെ ദുരന്ത മുഖം കൊച്ചുബാവയപടെ ഭാവനയിൽ.

ഒരാൾക്കൂട്ടം കണ്ടു വഴിപോക്കൻ ചോദിച്ചു: എന്താണിവിടെ ബഹളം? കൂട്ടത്തിലൊരാൾ മറുപടി പറഞ്ഞു: ഏയ്, ഒന്നുമില്ല. ഗൗരവമായതൊന്നും തന്നെയില്ല. അവിടെ മൂന്നാലഞ്ചുപേർ ചേർന്നു കത്തിക്കുത്ത് നടത്തുകയാണ്. ഒരുവന്റെ നെഞ്ച് തുളച്ചു കഠാര ഒന്നരയിഞ്ചു താഴ്ന്നിരിക്കുന്നു. അതിൽ കൂടുതൽ താഴാത്തതിൽ അവർക്കു വല്ലാത്ത സങ്കടമുണ്ട്.

ഹൃദയത്തിൽ കനിവിന്റെ ഉറവ നഷ്ടപ്പെട്ടാൽ പിന്നെ മനുഷ്യരും മൃഗവും തമ്മിലെന്തു വ്യത്യാസം?

കാഴചകളും നമ്മെ ഓർമ്മപ്പെടുത്തുന്നത് നഷ്ടമാകുന്ന ഹൃദത്തെ കുറിച്ചല്ലോ. വഴിയപകടങ്ങളിൽ സഹായം കിട്ടാതെ ഒത്തിരിപേർ മരിക്കുന്നുണ്ട് പക്ഷേ അവരുടെ 'ലൈവ്' വീഡിയോകൾ മൊബൈലിൽ നിന്നും മൊബൈലിലേക്ക് എങ്ങനെ പറക്കുന്നു?

ഈ ലോകത്തിലെ പല വേദനകളും എന്നെ തൊടാതെ പോകുമ്പോൾ ഈ ലോകം മുഴുവൻ തൊട്ട ഒരു തിരുഹൃദയം സങ്കടത്തോടെ ഓർമ്മപ്പെടുത്തുന്നു. ഒരല്പം സ്നേഹം ഉള്ളിൽ കരുതിക്കൂടെ? ■



ഹൃദയം നഷ്ടമാവുന്ന മനുഷ്യരുടെ ചിത്രം സാഹിത്യകാരന്മാരുടെ ഭാവനയിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ബാധ' എന്ന കവിതയിൽ ബൈക്കപകടത്തിൽ മരിച്ച ഉറ്റ സുഹൃത്തിന്റെ ശവ മടക്കുകഴിഞ്ഞു തിരിച്ചു വരുമ്പോൾ ഒരു കൂട്ടുകാരൻ പറയുന്നു:
ബൈക്കപകടം പുതുമയല്ല, തല തകർന്നു മരണം പുതുമയല്ല, വിലാപകാവ്യം പുതുമയല്ല, എങ്കിൽ പിന്നെ ഒരു സെക്കന്റ് ഷോയ്ക്ക് പോയാലെന്താ?

# വചനജ്വാല

**2019 ജൂലൈ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# യുവജനങ്ങളെ അനുധാവനം ചെയ്ത് ശക്തിപ്പെടുത്താം

### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/ നാഥ

### 3. ആമുഖം

യുവജനങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ ജൂലൈ മാസം യുവജനങ്ങളെ മനസ്സിലാക്കുവാൻ, അവരുടെ ശക്തിയെ തിരിച്ചറിയാൻ, അവരിലെ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കാനും അവയെ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുവാനും കഴിയുമ്പോഴാണ് യുവജന ശുശ്രൂഷ ഫലവത്താകുന്നത്. നമ്മുടെ യൂണിറ്റ് യോഗങ്ങളിലും പ്രവർത്തനങ്ങളിലും യുവജന പങ്കാളിത്തം പൊതുവേ ശുഷ്ക്കമാണ്. എന്തുകൊണ്ടാണ് യുവജനങ്ങൾ ബിസിസി യൂണിറ്റ് യോഗങ്ങളിൽ നിന്നും, പ്രവർത്തനങ്ങളിൽ നിന്നും അകന്നുനിൽക്കുന്നുവെന്ന് വിലയിരുത്തുവാനും എപ്രകാരം അവരെ യൂണിറ്റിലെയും ഇടവകയിലെയും പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആകർഷിക്കാമെന്നും ഉൾച്ചേർക്കാമെന്നും നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

എന്തും ചോദ്യം ചെയ്യുവാനുള്ള അവരുടെ തീക്ഷ്ണതയെയും ആരെയും കൂസാതെയുള്ള അവരുടെ പ്രതികരണ ശേഷിയേയും താന്തോന്നികളായുള്ള അവരുടെ പെരുമാറ്റത്തേയും പലപ്പോഴും പ്രധാനപ്പെട്ട തീരുമാനങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും അവരെ മാറ്റിനിർത്തുകയാണ് പതിവ് ഇവിടെ നാം മനസ്സിലാക്കാതെ പോകുന്ന ഒരു സത്യം. ഇന്ന് പലവിധകാരണങ്ങളാൽ മാറ്റിനിർത്തുന്ന യുവതയാണ് നാളെ നമ്മുടെ യൂണിറ്റുകളെയും ഇടവക പ്രവർത്തനങ്ങളെയും നയിക്കേണ്ടത്.

മാറ്റിനിർത്തലിന്റെ, ഒതുക്കലിന്റെ തിരസ്കരണത്തിന്റെ തിക്തമായ അനുഭവങ്ങൾക്ക് ഇരയായവർ, തിരിച്ച് നേതൃത്വത്തിലെത്തുമ്പോൾ അതിനെക്കാളും ശക്തമായി മറ്റുള്ളവരോട് പ്രതികരിക്കുകയാണ് പതിവ്. അങ്ങനെ പ്രതീക്ഷ അസ്തമിച്ച, നാശോന്മുഖമായ, ഒതുക്കലിന്റെയും തിരസ്കാരത്തിന്റെയും കുറ്റപ്പെടുത്തലിന്റെയും ഒറ്റപ്പെടുത്തലിന്റെയും പ്രവൃത്തി ചക്രം ആവർത്തിക്കപ്പെടുന്നു. ഫലമോ വിശ്വാസത്തിൽ നിന്നും പലരും അകലുന്നു. സാമൂഹ്യവിരുദ്ധരുടെ, 'താന്തോന്നി'കളുടെ, ശിഥിലമാകുന്ന കുടുംബബന്ധങ്ങളുടെ എണ്ണം കൂടുന്നു. ഇവയെല്ലാം പ്രതിവിധിയായി യുവജനങ്ങളോടുള്ള നമ്മുടെ കാഴ്ചപ്പാടിലും സമീപനത്തിലും നാം മാറ്റം വരുത്തേണ്ടിയിരിക്കുന്നു. അവരെ ഭയക്കാതെ മാറ്റിനിർത്താതെ, കൂടെ നിർത്തി അവസാനം ചെയ്യേണ്ടിയിരിക്കുന്നു.

അതിനാൽ നമ്മുടെ ഇടവകയിലെ യൂണിറ്റിലെ യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥ, അവരുടെ വിദ്യാഭ്യാസം, തൊഴിൽ, സഭയേയും സഭാനേതൃത്വത്തെയും കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടും വിലയിരുത്തലും നാം അറിയണം. അവരുടെ കഴിവുകളും കുറവുകളും സാധ്യതകളും നാം മനസ്സിലാക്കണം. അതായിരിക്കട്ടെ ഈ യോഗത്തിലെ മുഖ്യപ്രമേയം.

### 4. യേശുവിനെ ക്ഷണിക്കൽ

യുവജനങ്ങളെ മനസ്സിലാക്കുകയും എന്നാൽ മാതാപിതാക്കളോടും ഗുരുഭൂതരോടും വിധേയത്വത്തോടെ പ്രവർത്തിച്ച യുവാവായ യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**മത്തായി 19:13-22**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

ഒരു വ്യക്തിയുടെ വളർച്ചയുടെ, മനുഷ്യജീവിതത്തിന്റെ സുപ്രധാനമായ രണ്ട് ഘട്ടങ്ങളെക്കുറിച്ചുള്ള യേശുദർശനമാണ് നാം ഇപ്പോൾ ശ്രവിച്ച വചനം. നമ്മെ അനുസ്മരിപ്പിക്കുന്നത്. ആമുഖത്തിൽ നാം മനസ്സിലാക്കിയതുപോലെ ജൂലൈ മാസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ യോഗത്തിൽ നാം പ്രധാനമായും ചർച്ചചെയ്യുന്നത് യുവജനശുശ്രൂഷയിൽ , യുവജന അജപാലനത്തിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്വീകരിക്കേണ്ട സമീപനം, അവരോടുള്ള നമ്മുടെ മനോഭാവം എന്നിവയാണ്. അതിന് സഹായിക്കുന്ന തിരുവചനമാണ് നാമിപ്പോൾ ശ്രവിച്ചത്.

13 മുതൽ 15 വരെയുള്ള വാക്യങ്ങൾ മുഖ്യമായും കുട്ടികളെക്കുറി

ച്ചാണ് പരാമർശിക്കുന്നത്. യേശു കൈകൾ വച്ച് പ്രാർത്ഥിക്കുവാൻ —മക്കളെ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരുന്ന മാതാപിതാക്കളെയാണ് ഇവിടെ നാം ദർശിക്കുക. മക്കൾക്ക് ദൈവത്തിന്റെ അനുഗ്രഹം ചോദിച്ച് വാങ്ങിക്കൊടുക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. ഒപ്പം ദൈവസ്ഥാനത്തുനിന്നുകൊണ്ട് മക്കളെ കൈകൾവച്ച് അനുഗ്രഹിക്കുവാൻ മാതാപിതാക്കൾക്ക് സാധിക്കണം. അനുഗ്രഹം വാങ്ങിക്കൊണ്ടുവരാനും അനുഗ്രഹിക്കുവാനും കഴിയാത്ത മാതാപിതാക്കൾക്ക് മക്കളുമായുള്ള ബന്ധത്തിൽ ഉലച്ചിൽ സംഭവിക്കുമെന്നാണ് സാരം. അനുഗ്രഹിക്കേണ്ട സമയത്ത് അവരെ അനുഗ്രഹിക്കാൻ സാധിക്കാതെ വരുമ്പോൾ മക്കൾ വഴി തെറ്റിതുടങ്ങും. പ്രത്യേകിച്ച് ദൈവത്തിന്റെ അനുഗ്രഹം കുറയുമ്പോൾ, നഷ്ടപ്പെടുത്തുമ്പോൾ മക്കളുടെ വളർച്ചയിൽ ഭൗതിക അറിവ് മാത്രമല്ല നൽകേണ്ടത്, മസ്തിഷ്കവികസനവും ബൗദ്ധിക വളർച്ചയും മാത്രമല്ല നടത്തേണ്ടത്. വിശ്വാസ ശിക്ഷണവും സുവിശേഷ മൂല്യങ്ങളുടെ കൈമാറ്റവും ബോധപൂർവ്വം മാതാപിതാക്കൾ മക്കൾക്ക് നൽകണം എന്ന സത്യം കൂടി ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

ശൈശവ ദശയിലേ മക്കൾക്ക് ശരിയായ വിശ്വാസ പരിശീലനവും ദൈവാനുഗ്രഹവും അനുഭവവേദ്യമാകുന്നില്ലെങ്കിൽ അവരുടെ യുവത്വം താളപ്പിഴ നിറഞ്ഞതായിരിക്കും.

യേശുവിന്റെ അനുഗ്രഹത്തിനായി കൊണ്ടുവന്ന ശിശുക്കളോടും മാതാപിതാക്കളോടുമുള്ള ശിഷ്യന്മാരുടെ സമീപനം ഏറെ വിചിന്തനീയമാണ്. ഗുരുവിന്റെ മനസ്സറിയാം എന്ന് കരുതിക്കൊണ്ട് ഗുരുവിനുവേണ്ടി തീരുമാനമെടുക്കുന്നു; ശിശുക്കളെയും മാതാപിതാക്കളെയും തടസപ്പെടുത്തുന്നു, ശകാരിക്കുന്നത് കുട്ടികൾ യേശുവിന്റെ പ്രവർത്തനങ്ങൾക്ക് ശല്യവും തടസവുമാകുമെന്ന് കരുതിയിട്ടുണ്ടാവണം. ശിഷ്യന്മാർ അപ്രകാരം പ്രവർത്തിച്ചത്. എന്നാൽ "ശിശുക്കൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ'' എന്നുപറഞ്ഞുകൊണ്ട് കുട്ടികളെ തടഞ്ഞ ശിഷ്യന്മാരെ ശകാരിക്കുന്ന യേശുവിനെയാണ് നാം കാണുക. കാരണം അനുഗ്രഹത്തിന്റെ ചാനലാകേണ്ട ശിഷ്യർ അനുഗ്രഹത്തിന് തടസമായി മാറുന്ന കാഴ്ച യേശുവിനെ വല്ലാതെ നൊമ്പരപ്പെടുത്തിയിരിക്കണം.

പലപ്പോഴും യുവജനങ്ങളോടുള്ള നമ്മുടെ, ഇടവക നേതൃത്വത്തിന്റെ സമീപനവും ശിഷ്യന്മാരുടെ ചെയ്തികൾക്ക് സമാനമാകുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇടവകയുടെ പ്രവർത്തനങ്ങൾക്ക് ശല്യവും തടസവുമുണ്ടാക്കുമെന്നും കരുതി പലപ്പോഴും യുവജനങ്ങളെ നാം ശകാരിക്കുകയും മാറ്റിനിർത്തുകയും ചെയ്യുന്നില്ലേ. യുവജനങ്ങളുടെ ചെയ്തികൾ നമ്മെ അസ്വസ്ഥപ്പെടുത്തുന്നവയാണെങ്കിൽ പോലും അവരുടെ പ്രായത്തിന്റെ സവിശേഷത മനസ്സിലാക്കിക്കൊണ്ട്, തെറ്റ് തിരുത്തണമെന്നും അനുഗ്രഹം വാങ്ങിയെടുക്കുവാനുള്ള മാർഗങ്ങളല്ലേ നാം ആരായേണ്ടത്.

16 മുതൽ 22 മണിവരെയുള്ള വചനങ്ങൾ ഒരു നാണയത്തിന്റെ മറുവശമെന്നത്.

സ്വയം നീതീകരിക്കുവാനാഗ്രഹിക്കുന്ന എന്തിനെയും ചോദ്യം ചെയ്യുന്ന സമ്പത്തിനോട് അമിതമായ ചായ്‌വ് പുലർത്തുന്നു. ചില പ്രത്യേക സാഹചര്യങ്ങളിലെങ്കിലും മാതാപിതാക്കൾ ഇടവക നേതൃത്വവും എന്തുകൊണ്ട് യുവജനങ്ങളെ മാറ്റി നിർത്തുന്നു, ശകാരിക്കുന്നു, ശല്യമായികരുതുന്നു. എന്നതിലേക്ക് ഈ വചനഭാഗം വെളിച്ചം വീശുന്നു.

ആത്മപരിശോധനയ്ക്ക് വിധേയമാകാതെ, സ്വയം തിരുത്തുവാൻ കൂട്ടാക്കാതെ, സ്വന്തം ചെയ്തികളെ ന്യായീകരിക്കുന്ന, തങ്ങളുടെ ന്യായവാദം ജയിച്ചുവരാൻ അനാവശ്യ ചോദ്യങ്ങളുന്നയിക്കുന്ന യുവജനങ്ങളുടെ മാനസികാസ്ഥയാണ് ഇവിടെ വെളിവാകുന്നത്. അപ്പോഴും ഈ ചോദ്യം ചെയ്യുന്നതും ന്യായീകരിക്കുന്നത്, തിന്മയിലേക്ക് പായുന്നതും നമ്മുടെ മക്കളാണ്. സഹോദരങ്ങളാണ് എന്ന സത്യം മറക്കാതിരിക്കാം. അവരെ ശിഷ്യന്മാരായി കരുതി മാറ്റിനിർത്തുകയില്ല വേണ്ടത്. മറിച്ച് കൂടെ നടന്ന്, മനസ്സിലാക്കി. അവരുടെ ഭാഷ സംസാരിച്ചുകൊണ്ട് അവരുടെ വിശ്വാസം നേടിയെടുത്തുകൊണ്ട് നന്മയുടെ മാർഗ്ഗം കാണിച്ചുകൊടുക്കുവാനാണ് നാം പരിശ്രമിക്കേണ്ടത്.

അതിനായി ആദ്യം നമ്മുടെ യൂണിറ്റിലെ, ഇടവകയിലെ യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥ. അവരുടെ വിദ്യാഭ്യാസം, തൊഴിൽ അവരുടെ കരുത്ത്, സാധ്യതകൾ, അവർ നേരിടുന്ന വെല്ലുവിളികൾ എന്നിവ മനസ്സിലാക്കേണ്ടിയിരിക്കുന്നു. യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കി സഹായിക്കുവാൻ വേണ്ടിയാണ് അതിരൂപതാ യുവജന ശുശ്രൂഷാസമിതിയുടെ നിർദ്ദേശ പ്രകാരം യുവജന സർവേ നടത്താൻ ആവശ്യപ്പെട്ടിരിക്കുന്നത്.

## 8. ചർച്ച

1) നമ്മുടെ യൂണിറ്റിലെ യുവജനങ്ങൾ എന്തുമാത്രം യൂണിറ്റുമായി, ഇടവകയുമായി സഹകരിക്കുന്നു? യൂണിറ്റ് യോഗങ്ങളിൽ യുജജനപങ്കാളിത്തം കുറയുവാനുള്ള കാരണം എന്ത്?
2) ഇന്നത്തെ യുവജനങ്ങൾ – നമ്മുടെ ഇടവകയിലും പൊതുസമൂഹത്തിലും നേരിടുന്ന പ്രധാനവെല്ലുവിളികൾ ഏവ? അവ എങ്ങനെ തരണം ചെയ്യാം?
3) നമ്മുടെ യൂണിറ്റിലെ/ഇടവകയിലെ യുവജനസർവേ പൂർത്തിയാകുവാൻ നമുക്ക് എന്ത് നടപടി സ്വീകരിക്കാം?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ മക്കളെ, പ്രത്യേകിച്ച് യുവജനങ്ങളെ ഈശോ തൊട്ട് അനുഗ്രഹിക്കുവാനും അവരെ ശകാരിച്ച് മാറ്റിനിർത്താതെ, കൂടെ നടന്ന് മനസ്സിലാക്കി തിന്മയുടെ മാർഗങ്ങളിൽ നിന്നും അകന്ന് സുവിശേഷ മാർഗത്തിലേക്ക് നയിക്കുവാനും അവർക്കുവേണ്ട വിശ്വാസ ശിക്ഷണം നൽകുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**



ഇളം തൂവൽ

# സെന്റ് ആൻഡ്രൂസ് യുപിഎസ്

കഠിനംകുളം ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അക്ഷരപ്പൂട്ടുകൾ തുറന്നുകൊടുത്തുകൊണ്ട് അറിവിന്റെ ലോകത്തിലേക്ക് കരം പിടിച്ചുയർത്തുവാനുള്ള ജൈത്രയാത്രയിൽ സെന്റ് ആൻഡ്രൂസ് യു.പി. സ്കൂൾ നൂറ് വർഷം പിന്നിട്ടിരിക്കുന്നു.

വിജ്ഞാനത്തിന്റെ അനന്തസാധ്യതകളെ സാധാരണക്കാരായ കടലിന്റെ മക്കളിലേക്ക് എത്തിക്കുവാനായി 1918 ൽ സ്ഥാപിതമായ സ്കൂളാണ് സെന്റ് ആൻഡ്രൂസ് യു.പി സ്കൂൾ. ഒരു പ്രൈമറി സ്കൂളായി സ്ഥാപിതമായ സെന്റ് ആൻഡ്രൂസ് സ്കൂൾ 1950 ലാണ് യു.പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തത്. സ്കൂൾ മാനേജർ ഇംഗ്ലണ്ടിലേക്ക് കുടിയേറിയപ്പോൾ ഇടവക ഈ സ്കൂൾ ഏറ്റെടുത്തു. ശ്രീ. ബി.എൻ.പെരേരയായിരുന്നു ആദ്യ പ്രഥമാധ്യപകൻ.

വിദ്യാസമ്പന്നരും ആത്മാർത്ഥതയും അനുഭവപാടവവും കാര്യക്ഷമതയും ഉള്ള ഒരു കൂട്ടം അധ്യാപകരുടെ സേവനം മറക്കാനാവാത്തതാണ്. ഈ നൂറ് വർഷക്കാലവും സ്കൂളിന്റെ പുരോഗതിക്കുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന നാട്ടുകാരുടെ സഹായസഹകരണം പ്രശംസാർഹമാണ്. പ്രൊഫ. ഫെലിക്സ്, ശ്രീ. ഐസക്, ശ്രീമതി. സാറാ ആന്റണി, എൻജിനീയർമാരായ പീറ്റർ, മേരി പീറ്റർ തുടങ്ങിയവർ പൂർവവിദ്യാർത്ഥികളാണ്.

കുട്ടികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിനായി മാത്സ് ക്ലബ്, എക്കോ ക്ലബ്, മലയാളം ക്ലബ്, സയൻസ് ക്ലബ്, ഗാന്ധി ക്ലബ്, ഐ.ടി.ക്ലബ് തുടങ്ങിയ ക്ലബുകൾ പ്രവർത്തിക്കുന്നു.

പാഠ്യവിഷയങ്ങൾക്ക് പുറമെ കുട്ടികളിലെ സർഗാത്മകശേഷി വളർത്തുന്നതിനായി കരാട്ടെ, ഫുട്ബോൾ, കവിത, ചിത്രരചന, വലനെയ്ത്ത് എന്നിവയിൽ പരിശീലനം നൽകിവരുന്നു. സുസജ്ജമായ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് എന്നിവ കുട്ടികളിൽ തന്മയത്വം സ്വതന്ത്രചിന്ത എന്നിവ പരിപോഷിപ്പിക്കുവാൻ കഴിയുന്നു. പഠനമികവിനോടനുബന്ധിച്ച് മാനേജർ ഫാ. ഷാജിൻ ജോസിന്റെ അധ്യക്ഷതയിൽ കുട്ടികളുടെ കഴിവിന്റെ പ്രദർശനം സംഘടിപ്പിക്കുകയും മാതാപിതാക്കൾക്കും നാട്ടുകാർക്കും കാണുവാനുള്ള അവസരം ഒരുക്കുകയും

ചെയ്തു. സ്കൂൾ മാനേജർ ഷാജിൻ ജോസ് അച്ചന്റെ സമയോചിതമായ മാർഗനിർദേശവും, എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന എച്ച്.എമ്മിന്റെ ക്രിയാത്മകതയും അനുഭവപാടവവുമുള്ള അധ്യാപികമാരും അനധ്യാപകരും സ്കൂളിന്റെ സുതാര്യ പ്രവർത്തനങ്ങൾക്ക് മുതൽകൂട്ട് തന്നെയാണ്.

സ്വഭാവ രൂപീകരണത്തിന്റെ ഭാഗമായി പഠനനിലവാരത്തോടൊപ്പം സ്വതന്ത്രചിന്ത, ശരിയായ ദിശാബോധം, വ്യക്തിത്വ വികസനം, സാമൂഹ്യക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സാമൂഹ്യ ദർപ്പണങ്ങളായി നല്ലൊരു പൗരനായി ഓരോ വിദ്യാർഥികളെയും മാറ്റിക്കൊണ്ട് നൂറുവർഷമായി സെന്റ് ആൻഡ്രൂസ് യു.പി. സ്കൂൾ സഫലമീ ജൈത്രയാത്ര തുടരുകയാണ്.






## കാഴ്ചകൾ

അകലെയാകാശത്ത് തെളിയുന്ന
അമ്പിളിമാമാ
താഴേക്ക് നോക്കുമ്പോൾ
നീ എന്ത് കാണുന്നു?
തിരയടിച്ചു പതയുന്ന കടലുകാണാമോ?
ഒഴുക്കിനൊപ്പം ഒഴുകുന്ന
പുഴയെ കാണുമോ?
ഒന്ന് പറയാമോ... കൗതിക കാഴ്ചകൾ
കണ്ണിനിമ്പമേകുന്ന വർണകാഴ്ചകൾ.

- വിനീഷ ബി.എസ്
ക്ലാസ് - 3


ജോയൽ ജെ, Std. VII


ജോഷ്ന എസ്.

നേർക്കാഴ്ച

● ജെ. സി



# കേരളത്തിൽ നഷ്ടമാകുന്ന കടൽത്തീരങ്ങൾ

കേരളം അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞിരിക്കുമ്പോഴും ലോകവിനോദ സഞ്ചാരഭൂപടത്തിൽ ഒരു പ്രമുഖ സ്ഥാനം നേടിയിട്ടുള്ളതിന് ഒരു പ്രധാന കാരണം അതിന്റെ പ്രകൃതിദത്തവും മനോഹരവുമായ കടൽത്തീരങ്ങളാണ്. സംസ്ഥാനത്തിന് 587 കി.മീ. നീളമുള്ള കടൽത്തീരമുണ്ട്. ഇതിൽ ഭൂരിഭാഗവും നല്ല മണൽ തീരങ്ങളാണ്. നിർഭാഗ്യകരമെന്നു പറയട്ടെ ഈ മണൽ തീരങ്ങളുടെ സംരക്ഷണവും പരിപാലനവും ആവശ്യമായ ഒന്നായി ആരും കണക്കാക്കുന്നില്ല. കേരളത്തിൽ കടലോരത്തിന്റെ 63.02 ശതമാനവും തീരശോഷണ ഭീഷണിയിലാണെന്ന് സുസ്ഥിരമാനേജ്മെന്റിനായുള്ള ദേശീയ കേന്ദ്രം നടത്തിയ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കടൽക്ഷോഭംമൂലമുള്ള മണ്ണൊലിപ്പ് കടലെടുത്തുപോകുന്ന തീരത്ത് തിരകൾ തല്ലിത്തകർക്കുന്ന വീടുകളുടെ നാശനഷ്ടവും ഏറ്റവും രൂക്ഷമാകുന്നത് തിരുവനന്തപുരത്താണ്. ഈ ജില്ലയിലെ തീരമേഖലയുടെ 23 ശതമാനവും അപ്രത്യക്ഷമാവുകയാണ്. വലിയതുറയിൽ അടുത്തകാലത്ത് കടൽക്ഷോഭവും മണ്ണൊലിപ്പും മൂലം 130 വീടുകൾ നഷ്ടപ്പെട്ടു.

കടൽക്ഷോഭത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഏകമാർഗം കടൽഭിത്തികളാണെന്ന് സർക്കാരുകൾ സൗകര്യപൂർവം ജനങ്ങളെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. ഇതിന്റെ ഫലമായി, മിക്കവാറും കേരളതീരത്തുടനീളം ഒരു വൻഭിത്തി ഉയരുകയും ഓരോ വർഷവും അതിനെ നശിപ്പിക്കാൻ കടലിനെ അനുവദിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സംരക്ഷണം ഇല്ലെങ്കിൽ നമ്മുടെ കരയാകെ കടൽ കവർന്നെടുക്കും എന്നുപറയാൻ യാതൊരു ശാസ്ത്രീയ തെളിവും ഇല്ലെന്നതാണ് വാസ്തവം. കടൽഭിത്തിക്ക് പകരം മണൽനിറച്ച ഭൗമാവരണ ട്യൂബുകൊണ്ട് കടൽക്ഷോഭത്തെ ഉപരോധിക്കാനുള്ള പുതിയ സാങ്കേതിക സംവിധാനം ഇവിടെ പരീക്ഷിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

വിഴിഞ്ഞം രാജ്യാന്തര ആഴക്കടൽ തുറമുഖ പദ്ധതി വല്ലാർപാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ തുടങ്ങിയ വൻകിട വികസന പദ്ധതികൾക്ക് പുറമേ ഒരു ആഘാതപഠനവും നടത്താതെ ചില സ്ഥാപിത താല്പര്യങ്ങൾ മുൻനിറുത്തി നിർമ്മിച്ചുകൂട്ടുന്ന ഹാർബറുകളും പുലിമുട്ടുകളും തീരശോഷണത്തിന്റെ ആക്കം കൂട്ടുന്ന വൻ വിപത്തുകളാണ്. ഫിഷറീസ് ഹാർബറിനായി നിർമ്മിക്കുന്ന ഓരോ പുലിമുട്ടും പത്ത് കിലോമീറ്ററോളം വരുന്ന സ്വാഭാവിക കടൽത്തീരം നശിപ്പിക്കുന്നുണ്ട്. മുതലപ്പൊഴിയിലെ മത്സ്യബന്ധന തുറമുഖത്തിനായി കെട്ടിയ പുലിമുട്ട് അഞ്ചുതെങ്ങ് വരെയുള്ള തീരത്തെ നശിപ്പിച്ചുകഴിഞ്ഞു. മുന്നൂറോളം വീടുകളുടെ നാശത്തിനും അത് വഴിവച്ചു. ജിയോസിന്തറ്റിക് ട്യൂബ് ടെക്നോളജി ഉപയോഗിച്ച് പൂന്തുറയിൽ പരീക്ഷിക്കുന്ന ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയുടെ ഗുണവും ദോഷഫലങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തിയിട്ടുവേണം ശംഖുമുഖത്തു അത് അവതരിപ്പിക്കാൻ.

കടൽഭിത്തി യഥാർത്ഥത്തിൽ തീരം സംരക്ഷിക്കുന്നില്ല എന്നാണ് ഭൗമശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നത്. മണൽ തീരകവചം കടൽഭിത്തിയേക്കാൾ ഫലപ്രദം. ഒരു കിലോമീറ്റർ കടൽഭിത്തിനിർമ്മിക്കാൻ ഏതാണ്ട് ഒന്നരക്കോടി രൂപ ചെലവ് വരും. കടൽ ഭിത്തിക്ക് വേണ്ടി ചെലവാക്കുന്ന പണത്തിന്റെ പത്തിലൊന്നുമതി തീരദേശത്തെ കുടുംബങ്ങളെ കടൽക്ഷോഭ ഭീതിയിൽ നിന്ന് സുരക്ഷിതമായി മാറ്റിപാർപ്പിക്കാൻ. മാറ്റിപാർപ്പിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ.

# MARIAN
## ENGINEERING COLLEGE
NURTURING A HABIT OF EXCELLENCE

Affilliated to APJ Abdul Kalam Technological University

An ISO 9001 - 2015 Certified College

Approved by AICTE




- Producing Rank Holders
- 100% Placement Opportunities
- Attractive Scholarships
- Incubation Facilities
- Sports and Co-curricular facilities

## ADMISSIONS 2019

| B. Tech | Seats |
|---|---|
| Civil Engineering | 120 |
| Mechanical Engineering | 120 |
| Computer Science & Engg. | 90 |
| Electronics & Communication Engg. | 60 |
| Electrical & Electronics Engg. | 60 |
| **M. Tech** | **Seats** |
| Geo Technical Engg. | 24 |

11th position among all Engineering Colleges in State and 4th position among Self Financing Colleges in Kerala in S6 result

For admission contact: 0471 2707111, 8281377111, 9188447588

web: www.marian.ac.in / email : mail@marian.ac.in

# m.CAP
Approved by COA & Recognised by CUSAT

## MARIAN COLLEGE OF ARCHITECTURE & PLANNING
A Trivandrum Latin Archdiocesan Institution








Eligibility 50% marks in Plus Two in MPC
Qualification in NATA 2019

**B.ARCH 80 seats**

For admission contact:
8281388111, 9495707555
web: www.mariancap.com /email:marianarch.in@gmail.com

Managed by the Latin Archdiocese of Trivandrum

Total Page 44
Pub. Date : 01.06.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto